# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

## ആറാം സമ്മേളനം

2022 ആഗസ്റ്റ് 22, തിങ്കൾ

സ്പീക്കർ

**ശ്രീ. എം. ബി. രാജേഷ്**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. ചിറ്റയം ഗോപകുമാർ**

സെക്രട്ടറി

**ശ്രീ. എ. എം. ബഷീർ**

ചീഫ് എഡിറ്റർ

**ശ്രീമതി എസ്. ജയശ്രീ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

290/23

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : | ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി | : | ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : | ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : | ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : | ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി | : | ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : | ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. റോഷി അഗസ്റ്റിൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി | : | ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി | : | ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി | : | ശ്രീമതി വീണാ ജോർജ്ജ് |

**അംഗങ്ങൾ**

1. ശ്രീ. പി. അബ്ദുൽ ഹമീദ് (വള്ളിക്കുന്ന്)
2. ശ്രീ. വി. അബ്ദുറഹിമാൻ (താനൂർ)
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ (കോട്ടയ്ക്കൽ)
4. ശ്രീ. അഹമ്മദ് ദേവർകോവിൽ (കോഴിക്കോട് സൗത്ത്)
5. ശ്രീ. എൻ. കെ. അക്ബർ (ഗുരുവായൂർ)
6. ശ്രീ. മഞ്ഞളാംകുഴി അലി (മങ്കട)
7. ശ്രീമതി ഒ. എസ്. അംബിക (ആറ്റിങ്ങൽ)(എസ്.സി)
8. ശ്രീ. ജി. ആർ. അനിൽ (നെടുമങ്ങാട്)
9. ശ്രീ. എ. പി. അനിൽ കുമാർ (വണ്ടൂർ)(എസ്.സി)
10. ശ്രീ. അനൂപ് ജേക്കബ് (പിറവം)
11. ശ്രീ. കെ. ആൻസലൻ (നെയ്യാറ്റിൻകര)
12. ശ്രീ. ആന്റണി ജോൺ (കോതമംഗലം)
13. ശ്രീ. ആന്റണി രാജു (തിരുവനന്തപുരം)
14. ശ്രീ. പി. വി. അൻവർ (നിലമ്പൂർ)
15. ശ്രീ. അൻവർ സാദത്ത് (ആലുവ)
16. ശ്രീ. എം. എസ്. അരുൺ കുമാർ (മാവേലിക്കര)(എസ്.സി)
17. ശ്രീമതി സി. കെ. ആശ (വൈക്കം)(എസ്.സി)
18. ശ്രീ. എ. കെ. എം. അഷ്റഫ് (മഞ്ചേശ്വരം)
19. ശ്രീ. കെ. ബാബു (നെന്മാറ)
20. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
21. ശ്രീ. പി. ബാലചന്ദ്രൻ (തൃശ്ശൂർ)
22. ശ്രീ. കെ. എൻ. ബാലഗോപാൽ (കൊട്ടാരക്കര)
23. ശ്രീ. പി. കെ. ബഷീർ (ഏറനാട്)
24. ശ്രീ. ഐ. സി. ബാലകൃഷ്ണൻ (സുൽത്താൻബത്തേരി)(എസ്.ടി)

25. ഡോ. ആർ. ബിന്ദു (ഇരിങ്ങാലക്കുട)

26. ശ്രീ. ഇ. ചന്ദ്രശേഖരൻ (കാഞ്ഞങ്ങാട്)

27. ശ്രീമതി ജെ. ചിഞ്ചുറാണി (ചടയമംഗലം)

28. ശ്രീ. പി. പി. ചിത്തരഞ്ജൻ (ആലപ്പുഴ)

29. ശ്രീമതി ദെലീമ (അരൂർ)

30. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ (പെരുമ്പാവൂർ)

31. ശ്രീ. കെ. ബി. ഗണേഷ് കുമാർ (പത്തനാപുരം)

32. ശ്രീ. ചിറ്റയം ഗോപകുമാർ (അടൂർ)(എസ്.സി)

33. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ (തളിപ്പറമ്പ്)

34. ശ്രീ. സി. കെ. ഹരീന്ദ്രൻ (പാറശ്ശാല)

35. ശ്രീ. ടി. വി. ഇബ്രാഹിം (കൊണ്ടോട്ടി)

36. ഡോ. കെ. ടി. ജലീൽ (തവനൂർ)

37. ശ്രീമതി കാനത്തിൽ ജമീല (കൊയിലാണ്ടി)

38. ശ്രീ. ജി. എസ്. ജയലാൽ (ചാത്തന്നൂർ)

39. ഡോ. എൻ. ജയരാജ് (കാഞ്ഞിരപ്പള്ളി)

40. ശ്രീ. കെ. യു. ജനീഷ് കുമാർ (കോന്നി)

41. ശ്രീ. ജോബ് മൈക്കിൾ (ചങ്ങനാശ്ശേരി)

42. ശ്രീ. പി. ജെ. ജോസഫ് (തൊടുപുഴ)

43. ശ്രീ. വി. ജോയി (വർക്കല)

44. ശ്രീ. ഒ. ആർ. കേളു (മാനന്തവാടി)(എസ്.ടി)

45. ശ്രീ. കെ. കൃഷ്ണൻകുട്ടി (ചിറ്റൂർ)

46. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി (വേങ്ങര)

47. ശ്രീ. സി. എച്ച്. കുഞ്ഞമ്പു (ഉദുമ)

48. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ (കുറ്റ്യാടി)

49. ശ്രീ. കോവൂർ കുഞ്ഞുമോൻ (കുന്നത്തൂർ)(എസ്.സി)

50. ശ്രീ. യു. എ. ലത്തീഫ് (മഞ്ചേരി)

51. ശ്രീ. ലിന്റോ ജോസഫ് (തിരുവമ്പാടി)

52. ശ്രീ. ടി. ഐ. മധുസൂദനൻ (പയ്യന്നൂർ)

53. ശ്രീ. സി. ആർ. മഹേഷ് (കരുനാഗപ്പള്ളി)

54. ശ്രീ. കെ. പി. എ. മജീദ് (തിരൂരങ്ങാടി)

55. ശ്രീ. പി. മമ്മിക്കുട്ടി (ഷൊർണ്ണൂർ)

56. ശ്രീ. എം. എം. മണി (ഉടുമ്പൻചോല)

57. ശ്രീ. മാണി സി. കാപ്പൻ (പാലാ)

58. ഡോ. മാത്യു കുഴൽനാടൻ (മൂവാറ്റുപുഴ)

59. ശ്രീ. മാത്യു ടി. തോമസ് (തിരുവല്ല)

60. ശ്രീ. കെ. ജെ. മാക്സി (കൊച്ചി)

61. ശ്രീ. പി. എ. മുഹമ്മദ് റിയാസ് (ബേപ്പൂർ)

62. ശ്രീ. കെ. പി. മോഹനൻ (കൂത്തുപറമ്പ്)

63. ശ്രീ. എ. സി. മൊയ്തീൻ (കുന്നംകുളം)

64. ശ്രീ. കുറുക്കോളി മൊയ്തീൻ (തിരൂർ)

65. ശ്രീ. മോൻസ് ജോസഫ് (കടുത്തുരുത്തി)

66. ശ്രീ. മുഹമ്മദ് മുഹസിൻ (പട്ടാമ്പി)

67. ശ്രീ. എം. മുകേഷ് (കൊല്ലം)

68. ശ്രീ. സി. സി. മുകുന്ദൻ (നാട്ടിക)(എസ്.സി)

69. ഡോ. എം. കെ. മുനീർ (കൊടുവള്ളി)

70. ശ്രീ. ഡി. കെ. മുരളി (വാമനപുരം)

71. ശ്രീ. മുരളി പെരുനെല്ലി (മണലൂർ)

72. ശ്രീ. നജീബ് കാന്തപുരം (പെരിന്തൽമണ്ണ)

73. ശ്രീ. പി. നന്ദകുമാർ (പൊന്നാനി)

74. ശ്രീ. എൻ. എ. നെല്ലിക്കുന്ന് (കാസർഗോഡ്)

75. ശ്രീ. എം. നൗഷാദ് (ഇരവിപുരം)

76. ശ്രീ. ഉമ്മൻ ചാണ്ടി (പുതുപ്പള്ളി)

77. ശ്രീ. എ. പ്രഭാകരൻ (മലമ്പുഴ)

78. ശ്രീ. പ്രമോദ് നാരായൺ (റാന്നി)

79. ശ്രീ. പി. പ്രസാദ് (ചേർത്തല)

80. ശ്രീ. വി. കെ. പ്രശാന്ത് (വട്ടിയൂർക്കാവ്)

81. ശ്രീ. കെ. ഡി. പ്രസേനൻ (ആലത്തൂർ)

82. ശ്രീമതി യു. പ്രതിഭ (കായംകുളം)

83. ശ്രീ. കെ. പ്രേംകുമാർ (ഒറ്റപ്പാലം)

84. ശ്രീ. കെ. രാധാകൃഷ്ണൻ (ചേലക്കര)(എസ്.സി)

85. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (കോട്ടയം)

86. ശ്രീ. പി. ടി. എ. റഹീം (കുന്ദമംഗലം)

87. ശ്രീ. എ. രാജ (ദേവികുളം)(എസ്.സി)

88. ശ്രീ. എം. രാജഗോപാലൻ (തൃക്കരിപ്പൂർ)

89. ശ്രീ. കെ. രാജൻ (ഒല്ലൂർ)

90. ശ്രീ. പി. രാജീവ് (കളമശ്ശേരി)

91. ശ്രീ. എം. ബി. രാജേഷ് (തൃത്താല)

92. ശ്രീ. കെ. കെ. രാമചന്ദ്രൻ (പുതുക്കാട്)

93. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി (കണ്ണൂർ)

94. ശ്രീ. ടി. പി. രാമകൃഷ്ണൻ (പേരാമ്പ്ര)

95. ശ്രീ. രമേശ് ചെന്നിത്തല (ഹരിപ്പാട്)

96. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ (കോഴിക്കോട് നോർത്ത്)

97. ശ്രീമതി കെ. കെ. രമ (വടകര)

98. ശ്രീ. റോജി എം. ജോൺ (അങ്കമാലി)

99. ശ്രീ. റോഷി അഗസ്റ്റിൻ (ഇടുക്കി)

100. ശ്രീ. കെ. എം. സച്ചിൻദേവ് (ബാലുശ്ശേരി)(എസ്.സി)

101. ശ്രീ. സജീവ് ജോസഫ് (ഇരിക്കൂർ)

102. ശ്രീ. സജി ചെറിയാൻ (ചെങ്ങന്നൂർ)

103. ശ്രീ. എച്ച്. സലാം (അമ്പലപ്പുഴ)

104. ശ്രീ. എൻ. ഷംസുദ്ദീൻ (മണ്ണാർക്കാട്)

105. ശ്രീ. സനീഷ്കുമാർ ജോസഫ് (ചാലക്കുടി)

106. ശ്രീമതി ശാന്തകുമാരി കെ. (കോങ്ങാട്)(എസ്.സി)

107. ശ്രീ. എ. കെ. ശശീന്ദ്രൻ (ഏലത്തൂർ)

108. ശ്രീ. വി. ശശി (ചിറയിൻകീഴ്)(എസ്.സി)

109. ശ്രീ. വി. ഡി. സതീശൻ (പറവൂർ)

110. ശ്രീ. ഐ. ബി. സതീഷ് (കാട്ടാക്കട)

111. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ (പൂഞ്ഞാർ)

112. ശ്രീ. ഷാഫി പറമ്പിൽ (പാലക്കാട്)

113. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ (മട്ടന്നൂർ)

114. ശ്രീ. എ. എൻ. ഷംസീർ (തലശ്ശേരി)

115. ശ്രീ. ടി. സിദ്ദിഖ് (കല്പറ്റ)

116. ശ്രീ. വി. ശിവൻകുട്ടി (നേമം)

117. ശ്രീ. വാഴൂർ സോമൻ (പീരുമേട്)

118. ശ്രീ. പി. വി. ശ്രീനിജിൻ (കുന്നത്തുനാട്)(എസ്.സി)

119. ശ്രീ. ജി. സ്റ്റീഫൻ (അരുവിക്കര)

120. ഡോ. സുജിത് വിജയൻപിള്ള (ചവറ)

121. ശ്രീ. കെ. വി. സുമേഷ് (അഴീക്കോട്)

122. ശ്രീ. പി. പി. സുമോദ് (തരൂർ)(എസ്.സി)

123. ശ്രീ. വി. ആർ. സുനിൽ കുമാർ (കൊടുങ്ങല്ലൂർ)

124. ശ്രീ. സണ്ണി ജോസഫ് (പേരാവൂർ)

125. ശ്രീ. പി. എസ്. സുപാൽ (പുനലൂർ)

126. ശ്രീ. കടകംപള്ളി സുരേന്ദ്രൻ (കഴക്കൂട്ടം)

127. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ (കയ്പമംഗലം)

128. ശ്രീ. തോമസ് കെ. തോമസ് (കുട്ടനാട്)

129. ശ്രീ. പി. ഉബൈദുള്ള (മലപ്പുറം)

130. ശ്രീമതി ഉമ തോമസ് (തൃക്കാക്കര)

131. ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ (വൈപ്പിൻ)

132. ശ്രീ. വി. എൻ. വാസവൻ (ഏറ്റുമാനൂർ)

133. ശ്രീമതി വീണാ ജോർജ്ജ് (ആറന്മുള)

134. ശ്രീ. ഇ. കെ. വിജയൻ (നാദാപുരം)

135. ശ്രീ. പിണറായി വിജയൻ (ധർമ്മടം)

136. ശ്രീ. എം. വിജിൻ (കല്ല്യാശ്ശേരി)

137. ശ്രീ. എം. വിൻസെന്റ് (കോവളം)

138. ശ്രീ. ടി. ജെ. വിനോദ് (എറണാകുളം)

139. ശ്രീ. പി. സി. വിഷ്ണുനാഥ് (കുണ്ടറ)

140. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി (വടക്കാഞ്ചേരി)

## വിവിധ മന്ത്രിമാർ ചുമതല വഹിക്കുന്ന വിഷയങ്ങളുടെ പട്ടിക

### ശ്രീ. പിണറായി വിജയൻ: മുഖ്യമന്ത്രി

പൊതുഭരണം

അഖിലേന്ത്യാ സർവ്വീസുകൾ

ആസൂത്രണവും സാമ്പത്തിക കാര്യവും

ശാസ്ത്രം, സാങ്കേതികശാസ്ത്രം, പരിസ്ഥിതി

മലിനീകരണ നിയന്ത്രണം

സയന്റിഫിക് ഇൻസ്റ്റിറ്റ്യൂട്ടുകൾ

പേഴ്സണൽ ആന്റ് അഡ്മിനിസ്ട്രേറ്റീവ് റിഫോംസ്

തെരഞ്ഞെടുപ്പ്

ഇന്റഗ്രേഷൻ

ഇൻഫർമേഷൻ ടെക്നോളജി

സൈനികക്ഷേമം

ദുരിതാശ്വാസം

സ്റ്റേറ്റ് ഹോസ്പിറ്റാലിറ്റി

എയർപോർട്ട്സ്

മെട്രോ റെയിൽ

അന്തർസംസ്ഥാന നദീജലം

കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ

കേരള സ്റ്റേറ്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ്

നോർക്ക

ആഭ്യന്തരം

വിജിലൻസ്

അഡ്മിനിസ്ട്രേഷൻ ഓഫ് സിവിൽ ആന്റ് ക്രിമിനൽ ജസ്റ്റിസ്

അഗ്നിശമനം

ജയിലുകൾ

അച്ചടിയും സ്റ്റേഷനറിയും

ന്യൂനപക്ഷക്ഷേമം

നയപരമായി പ്രധാനപ്പെട്ട എല്ലാ വിഷയങ്ങളും

മറ്റൊങ്ങും പരാമർശിച്ചിട്ടില്ലാത്ത വിഷയങ്ങൾ

**ശ്രീ. വി. അബ്ദുറഹിമാൻ: മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി**

മത്സ്യബന്ധനം

ഹാർബർ എഞ്ചിനീയറിംഗ്

ഫിഷറീസ് സർവ്വകലാശാല

കായികം

വഖഫും ഹജ്ജ് തീർത്ഥാടനവും

കമ്പിത്തപാൽ

റെയിൽവേ

**ശ്രീ. അഹമ്മദ് ദേവർകോവിൽ: തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി**

തുറമുഖം

കാഴ്ചബംഗ്ലാവുകൾ

പുരാവസ്തു

പുരാരേഖ

**ശ്രീ. ജി. ആർ. അനിൽ: ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി**

ഭക്ഷ്യവും സിവിൽ സപ്ലൈസും

ഉപഭോക്തൃകാര്യം

ലീഗൽ മെട്രോളജി

**ശ്രീ. ആന്റണി രാജു: ഗതാഗത വകുപ്പുമന്ത്രി**

റോഡ് ഗതാഗതം

മോട്ടോർ വാഹനങ്ങൾ

ജലഗതാഗതം

**ശ്രീ. കെ. എൻ. ബാലഗോപാൽ: ധനകാര്യ വകുപ്പുമന്ത്രി**

ധനകാര്യം

നാഷണൽ സേവിംഗ്സ്

സ്റ്റോർ പർച്ചേസ്

വാണിജ്യനികുതി

കാർഷികാദായ നികുതി

ട്രഷറികൾ

ലോട്ടറി

സ്റ്റേറ്റ് ഓഡിറ്റ്

കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്

സ്റ്റേറ്റ് ഇൻഷ്വറൻസ്

കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ

സ്റ്റാമ്പ് ആന്റ് സ്റ്റാമ്പ് ഡ്യൂട്ടി

**ഡോ. ആർ. ബിന്ദു: ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി**

കോളേജ് വിദ്യാഭ്യാസം

സാങ്കേതിക വിദ്യാഭ്യാസം

സർവ്വകലാശാലകൾ (കാർഷിക, വെറ്ററിനറി, ഫിഷറീസ്, മെഡിക്കൽ, ഡിജിറ്റൽ സർവ്വകലാശാലകൾ ഒഴികെ)

പ്രവേശന പരീക്ഷകൾ

എൻ. സി. സി.

അസാപ് (ASAP)

സാമൂഹ്യനീതി

**ശ്രീമതി ജെ. ചിഞ്ചുറാണി: മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി**

മൃഗസംരക്ഷണം

ക്ഷീരവികസനം, ക്ഷീരസഹകരണ സ്ഥാപനങ്ങൾ

മൃഗശാലകൾ

വെറ്ററിനറി ആന്റ് അനിമൽ സയൻസസ് സർവ്വകലാശാല

**ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി**

പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും

ഗ്രാമവികസനം

ടൗൺ പ്ലാനിംഗ്

പ്രാദേശിക വികസന അതോറിറ്റികൾ

കില

എക്സൈസ്

**ശ്രീ. കെ. കൃഷ്ണൻകുട്ടി: വൈദ്യുതി വകുപ്പുമന്ത്രി**

വിദ്യുച്ഛക്തി

അനെർട്ട്

**ശ്രീ. പി. എ. മുഹമ്മദ് റിയാസ്: പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി**

പൊതുമരാമത്ത്

വിനോദസഞ്ചാരം

യുവജനകാര്യം

**ശ്രീ. പി. പ്രസാദ്: കൃഷി വകുപ്പുമന്ത്രി**

കൃഷി

സോയിൽ സർവ്വേ

സോയിൽ കൺസർവേഷൻ

കാർഷിക സർവ്വകലാശാല

വെയർഹൗസിംഗ് കോർപ്പറേഷൻ

**ശ്രീ. കെ. രാധാകൃഷ്ണൻ: പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി**

പട്ടികജാതിക്ഷേമം

പട്ടികവർഗ്ഗക്ഷേമം

പിന്നാക്കസമുദായക്ഷേമം

ദേവസ്വം

പാർലമെന്ററികാര്യം

**ശ്രീ. കെ. രാജൻ: റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി**

ലാന്റ് റവന്യൂ

സർവ്വേയും ലാന്റ് റെക്കോർഡ്സും

ലാന്റ് റിഫോംസ്

ഭവനനിർമ്മാണം

**ശ്രീ. പി. രാജീവ്: നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി**

നിയമം

വ്യവസായം (സഹകരണ വ്യവസായ സ്ഥാപനങ്ങൾ ഉൾപ്പെടെ)

വാണിജ്യം

മൈനിംഗ് ആന്റ് ജിയോളജി

കൈത്തറിയും ടെക്സ്റ്റൈല്സും

ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ്

കയർ

കശുവണ്ടി വ്യവസായം

പ്ലാന്റേഷൻ ഡയറക്ടറേറ്റ്

**ശ്രീ. റോഷി അഗസ്റ്റിൻ: ജലവിഭവ വകുപ്പുമന്ത്രി**

ജലസേചനം

കമാൻഡ് ഏരിയ ഡെവലപ്മെന്റ് അതോറിറ്റി

ഭൂജല വകുപ്പ്

ശുദ്ധജലവിതരണവും ശുചീകരണവും

**ശ്രീ. എ. കെ. ശശീന്ദ്രൻ: വനം-വന്യജീവി വകുപ്പുമന്ത്രി**

വനം

വന്യജീവി സംരക്ഷണം

**ശ്രീ. വി. ശിവൻകുട്ടി: പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി**

പൊതുവിദ്യാഭ്യാസം

സാക്ഷരതാ മിഷൻ

തൊഴിൽ

തൊഴിലും പരിശീലനവും

നൈപുണ്യം

പുനരധിവാസം

ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ്

ഇൻഡസ്ട്രിയൽ ട്രിബ്യൂണൽസ്

ലേബർ കോടതികൾ

**ശ്രീ. വി. എൻ. വാസവൻ: സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി**

സഹകരണം

രജിസ്ട്രേഷൻ

സാംസ്കാരികം

കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ

കേരള ചലച്ചിത്ര അക്കാദമി

കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്

**ശ്രീമതി വീണാ ജോർജ്ജ്: ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി**

ആരോഗ്യം

കുടുംബക്ഷേമം

മെഡിക്കൽ വിദ്യാഭ്യാസം

മെഡിക്കൽ സർവ്വകലാശാല

ഇൻഡിജിനസ് മെഡിസിൻ

ആയുഷ്

ഡ്രഗ്സ് കൺട്രോൾ

വനിത-ശിശു ക്ഷേമം

ഭക്ഷ്യസുരക്ഷ

# ഉള്ളടക്കം

പേജ്

I. ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ എഴുപത്തിയഞ്ച് സംവത്സരങ്ങളുമായി ബന്ധപ്പെട്ട അനുസ്മരണം ...1

II. പ്രമേയം ...39

# SECRETARIAT OF THE KERALA LEGISLATURE

NOTIFICATION

No.14293/Table-1/2022/Leg. Thiruvananthapuram, 10th August, 2022.

In exercise of the powers conferred by Clause (1) of Article 174 of the Constitution of India, the Governor of the State of Kerala hereby summons the Fifteenth Kerala Legislative Assembly to meet for its Sixth Session at 9.00 a.m. on Monday, 22nd August, 2022 in the Assembly Chamber, Legislature Complex, Thiruvananthapuram.

ഇൻഡ്യൻ ഭരണഘടനയുടെ 174-ാം അനുച്ഛേദം (1)-ാം ഖണ്ഡം നൽകുന്ന അധികാരങ്ങൾ വിനിയോഗിച്ച് കേരള സംസ്ഥാന ഗവർണർ പതിനഞ്ചാം കേരള നിയമസഭ അതിന്റെ ആറാം സമ്മേളനത്തിലേയ്ക്കായി 2022 ആഗസ്റ്റ് 22-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00-ന് തിരുവനന്തപുരത്ത് നിയമസഭാ കോംപ്ലക്സിലുള്ള നിയമസഭാ ചേംബറിൽ സമ്മേളിക്കുന്നതാണെന്ന് ഇതിനാൽ അറിയിപ്പ് നൽകുന്നു.

By Order of the Governor,
A. M. BASHEER,
Secretary,
Kerala Legislative Assembly.

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### ആറാം സമ്മേളനം

*2022 ആഗസ്റ്റ് 22 , തിങ്കൾ*

വാല്യം 189] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 1

പതിനഞ്ചാം കേരള നിയമസഭയുടെ ആറാം സമ്മേളനം 2022 ആഗസ്റ്റ് മാസം 22-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് ദേശീയഗാനാലാപനത്തോടെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

I <u>ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ എഴുപത്തിയഞ്ച് സംവത്സരങ്ങളുമായി ബന്ധപ്പെട്ട അനുസ്മരണം</u>

<u>മി. സ്പീക്കർ</u>: ഓർഡർ..... ഓർഡർ......

പതിനഞ്ചാം കേരള നിയമസഭയുടെ ആറാം സമ്മേളനത്തിന്റെ ആദ്യ ദിനമായ ഇന്ന് ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ എഴുപത്തിയഞ്ച് സംവത്സരങ്ങൾ അനുസ്മരിച്ചുകൊണ്ടുള്ള ഒരു പ്രത്യേക സമ്മേളനമാണ് ചേരുന്നത്. ഈ അവസരത്തിൽ സ്വാതന്ത്ര്യ സമരങ്ങൾക്ക് ധീരമായി നേതൃത്വം നൽകിയും അതിൽ പങ്കെടുത്തും രാജ്യത്തിനുവേണ്ടി സ്വജീവൻ അർപ്പിച്ച എല്ലാ ധീരരക്തസാക്ഷികളോടുമുള്ള ആദരസൂചകമായി നമുക്ക് അല്പസമയം എഴുന്നേറ്റുനിൽക്കാം.

(രാജ്യത്തിനുവേണ്ടി സ്വജീവൻ അർപ്പിച്ച ധീരരക്തസാക്ഷികളോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു.)

<u>മി. സ്പീക്കർ</u>: രാജ്യം സ്വാതന്ത്ര്യത്തിന്റെ എഴുപത്തിയഞ്ചാം വാർഷികം ആഘോഷിക്കുന്ന ഈ സന്ദർഭത്തിൽ വിശേഷാൽ സമ്മേളനം ചേരുന്നതിൽ കേരള നിയമസഭയ്ക്ക് അങ്ങേയറ്റത്തെ അഭിമാനമുണ്ട്. കാരണം, ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ ഐതിഹാസികമായ അദ്ധ്യായം എഴുതിച്ചേർത്ത, ഉജ്ജ്വലമായ പങ്കുവഹിച്ച ഒരു നാടാണ് കേരളം. 1721-ൽ ഒന്നാം സ്വാതന്ത്ര്യസമരം നടക്കുന്നതിനും 136 വർഷംമുമ്പ് ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിക്കെതിരായി ആദ്യത്തെ കലാപമായ ആറ്റിങ്ങൽ കലാപം നടന്നത് ഇവിടെയാണ്. പിന്നീട്

1921-ൽ ജന്മിത്വത്തിനും ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനുമെതിരായി നടന്ന മലബാർ കലാപം, 1857-ലെ ഒന്നാം സ്വാതന്ത്ര്യസമരത്തിനുശേഷം ബ്രിട്ടീഷ് ഭരണം നേരിട്ട ഇന്ത്യയിലെ ഏറ്റവും വലിയ സായുധ വെല്ലുവിളി എന്നാണ് ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുള്ളത്. അതുപോലെ പുന്നപ്ര വയലാർ സമരം, കയ്യൂരിലും വടക്കേ മലബാറിലുമുടനീളം സാമ്രാജ്യത്വത്തിനും നാടുവാഴിത്വത്തിനുമെതിരായി നടന്നിട്ടുള്ള സമരങ്ങൾ, മലബാർ കലാപത്തോടനുബന്ധിച്ചുണ്ടായ വാഗൺ കൂട്ടക്കൊല, ദേശീയ പ്രസ്ഥാനത്തിന്റെയും സ്വാതന്ത്ര്യസമരത്തിന്റെയും ആശയങ്ങളാലും മൂല്യങ്ങളാലും പ്രചോദിതമായി നടന്ന വൈക്കം സത്യാഗ്രഹം, ഗുരുവായൂർ സത്യാഗ്രഹം എന്നിവയെല്ലാം കേരളത്തിന്റെ സ്വാതന്ത്ര്യ സമരത്തിന്റെ ഉജ്ജ്വലമായ ഏടുകളാണ്. ഈ സ്വാതന്ത്ര്യ സമരത്തിന് നേതൃത്വം നൽകിയ രക്തസാക്ഷികളായ, മർദ്ദനം ഏറ്റുവാങ്ങിയ, കൊടിയ പീഡനങ്ങളും സഹനങ്ങളും അനുഭവിച്ച അനേകായിരങ്ങൾ കേരളത്തിലുണ്ട്. അവരിൽ ചിലരുടെ പേരുകൾ പെട്ടന്ന് നമുക്ക് ഓർമ്മയിൽവരും. ബ്രിട്ടീഷുകാർക്കെതിരെ പൊരുതി കീഴടങ്ങുന്നതിനുപകരം ആത്മഹത്യയെ രക്തസാക്ഷിത്വമാക്കി മാറ്റിയ വേലുത്തമ്പി ദളവയും പഴശ്ശിരാജയും അക്കൂട്ടത്തിലുണ്ട്. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ആദ്യ മലയാളി പ്രസിഡന്റായിരുന്ന, ജാലിയൻവാലാബാഗ് കൂട്ടക്കൊലയുടെ പേരിൽ വൈസ്രോയിയുടെ കൗൺസിലിൽനിന്ന് രാജിവച്ച് ഇറങ്ങിപ്പോന്ന ചേറ്റൂർ ശങ്കരൻനായർ, കോഴിക്കോട് കടപ്പുറത്ത് ഉപ്പ് സത്യാഗ്രഹത്തിൽ പങ്കെടുക്കുമ്പോൾ കൊടിയ മർദ്ദനത്തിനിരയാകുമ്പോഴും ത്രിവർണ്ണ പതാക വിട്ടുകൊടുക്കാതെ നെഞ്ചോടടക്കിപ്പിടിച്ച് മുദ്രാവാക്യം മുഴക്കിയ പി. കൃഷ്ണപിള്ള, സ്വാതന്ത്ര്യ പുലരിയിൽ കണ്ണൂർ സെൻട്രൽ ജയിലിൽ ത്രിവർണ്ണ പതാക ഉയർത്തി ആഘോഷിക്കേണ്ടിവന്ന എ.കെ.ജി., അന്ന് ബ്രിട്ടീഷ് ഗവൺമെന്റ് തലയ്ക്ക് ആയിരം രൂപ വിലയിട്ട ഇ.എം.എസ്., സ്വാതന്ത്ര്യസമരത്തിന്റെ സമുന്നത നേതാവായിരുന്ന കേരളഗാന്ധി കെ. കേളപ്പൻ എന്നിങ്ങനെ ധാരാളം ആളുകളെ ഈ സന്ദർഭത്തിൽ നമുക്ക് ഓർമ്മിക്കാൻ കഴിയും. സ്വാതന്ത്ര്യസമരം ഇന്ത്യയിലാകെ ആൺ പോരാട്ടം മാത്രമായിരുന്നില്ല, സ്ത്രീകളുടെ വർദ്ധിച്ച പങ്കാളിത്തവും ത്യാഗങ്ങളും സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായിരുന്നു. കേരളത്തിലും സ്ത്രീകൾ സ്വാതന്ത്ര്യ സമരത്തിന്റെ മുൻനിരയിലുണ്ടായിട്ടുണ്ട്. ബ്രിട്ടീഷ് പോലീസ് മേധാവിയോട്, വെടിവയ്ക്കുന്നെങ്കിൽ തന്നെ ആദ്യം വെടിവയ്ക്കാൻ പറഞ്ഞ അക്കാമ്മ ചെറിയാന്റെ ധീരത നമ്മുടെ മുമ്പിലുണ്ട്. അതുപോലെ, ലോക സൈനിക ചരിത്രത്തിലാദ്യമായി ഒരു റെജിമെന്റിനെ നയിച്ച വനിത എന്നറിയപ്പെടുന്ന, സ്റ്റെതസ്കോപ്പിനോടൊപ്പം തോക്കും ആയുധമാക്കി പൊരുതിയ ക്യാപ്റ്റൻ ലക്ഷ്മിയും എ. വി. കുട്ടിമാളു അമ്മയും അമ്മു സ്വാമിനാഥനും ആനി മസ്ക്രീനും കെ. ആർ. ഗൗരിയമ്മയും ഉൾപ്പെടെയുള്ള ധീരവനിതകളുടെ ഒരു നീണ്ടനിരതന്നെ കേരളത്തിൽനിന്നുള്ള സ്വാതന്ത്ര്യസമര പോരാളികളായി നമ്മുടെ മുമ്പിലുണ്ട്.

സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികവേളയിൽ വിശേഷാൽ സമ്മേളനം ചേരുന്നതും ഈ ചരിത്രത്തെ ഓർമ്മിക്കുന്നതും ചരിത്രത്തിന്റെ വീര ഇതിഹാസങ്ങൾ അയവിറക്കാൻവേണ്ടി മാത്രമല്ല; ആ ചരിത്രത്തിന്റെ പാഠങ്ങൾ ശരിയായി ഉൾക്കൊള്ളാനുംകൂടി വേണ്ടിയാണ്. ചരിത്രത്തിന്റെ പാഠങ്ങൾ ഉൾക്കൊള്ളുന്നതും തിരിച്ചറിയുന്നതും വർത്തമാനകാലത്ത് പ്രയോഗിക്കാൻ വേണ്ടിയാണ്. വർത്തമാനകാലത്ത് ചരിത്രത്തിന്റെ പാഠങ്ങൾ പ്രയോഗിക്കുന്നത് നമ്മുടെ ഭാവിയെ നിർമ്മിക്കുന്നതിനുവേണ്ടിയാണ്. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ ചരിത്രം നൽകുന്ന ഏറ്റവും പ്രധാനപ്പെട്ട പാഠം, മതനിരപേക്ഷമായ ജനകീയ ഐക്യത്തിന്റേതാണ്. 1857-ലെ ഒന്നാം സ്വാതന്ത്ര്യ സമരം മുതൽ 90 വർഷം നീണ്ടുനിന്ന സ്വാതന്ത്ര്യസമര ചരിത്രത്തിലുടനീളം മതനിരപേക്ഷമായ ജനകീയ ഐക്യത്തിന്റെ ഉജ്ജ്വലവും തിളക്കവുമാർന്ന ഉദാഹരണങ്ങൾ നമുക്ക് കാണാൻ കഴിയും. ഒന്നാം സ്വാതന്ത്ര്യസമരത്തിനൊടുവിൽ ഡൽഹിയിൽ കലാപകാരികൾ ഏതാനും ദിവസത്തേയ്ക്ക് അധികാരം പിടിച്ചപ്പോൾ ഝാൻസിയിലെ റാണി ലക്ഷ്മിബായിയും നാനാസാഹിബും താന്തിയാ തോപ്പിയും ഉൾപ്പെടെയുള്ളവർക്ക് മുഗൾ രാജവംശത്തിലെ അവസാനത്തെ ചക്രവർത്തിയായിരുന്ന ബഹദൂർഷാ സഫറിനെ അവിടെ ചക്രവർത്തിയായി അവരോധിക്കാൻ വിഭാഗീയത തടസ്സമായില്ലെന്നുള്ളത് ഇന്ന് ഏറ്റവും പ്രധാനപ്പെട്ട ചരിത്രപാഠമാണ്. അതുപോലെ, ജാലിയൻവാലാബാഗിലെ കൂട്ടക്കൊലയിൽ രക്തസാക്ഷികളായി മാറിയത് എല്ലാ മതത്തിലുമുള്ള ആളുകളായിരുന്നു. അവരുടെയെല്ലാം ചോര ഒരുമിച്ചാണ് ജാലിയൻവാലാബാഗിലെ രണഭൂമിയിൽ ഒഴുകിപരന്നിട്ടുള്ളത്. 1945-ലെ ഐ.എൻ.എ. ഭടൻമാരുടെ വിചാരണയ്ക്കെതിരായി ആസേതുഹിമാചലം അലയടിച്ച പ്രക്ഷോഭങ്ങൾ ചരിത്രത്തിലുണ്ട്. ആ പ്രക്ഷോഭങ്ങളിൽ ഉയർന്ന മുദ്രാവാക്യം വളരെ പ്രസിദ്ധമായിരുന്നു. "Lal Kile se aayi awaaz: Sehgal, Dhillon, Shahnawaz" എന്നാണ് അന്ന് ഉയർന്ന മുദ്രാവാക്യം. സെഗാൾ, ഗുർബാക്ഷ് സിംഗ് ധില്ലൻ, ഷാനവാസ് ഖാൻ തുടങ്ങി പതിനായിരക്കണക്കിനാളുകളാണ് കാശ്മീർ മുതൽ കന്യാകുമാരി വരെ ആ മുദ്രാവാക്യം ഉയർത്തിയത്. ഇതെല്ലാം മതനിരപേക്ഷമായ രാഷ്ട്രവീക്ഷണത്തിന്റെയും ജനകീയ ഐക്യത്തിന്റെയും ചരിത്രത്തിൽനിന്നുള്ള ഉജ്ജ്വല പാഠങ്ങളാണ്. എന്നാൽ ഇതേകാലയളവിൽത്തന്നെ മതരാഷ്ട്രവീക്ഷണവും ഇന്ത്യയിൽ ശക്തിപ്പെട്ട് വന്നിരുന്നു. സ്വാതന്ത്ര്യസമരത്തിന്റെ കാലമെന്നത് മതനിരപേക്ഷ രാഷ്ട്രവീക്ഷണവും മതാധിഷ്ഠിത രാഷ്ട്രവീക്ഷണവും തമ്മിലുള്ള നിലയ്ക്കാത്ത സംഘർഷങ്ങളുടെ കാലംകൂടിയായിരുന്നു. അതിനൊടുവിൽ 1947-ൽ ഇന്ത്യ സ്വതന്ത്രമാകുമ്പോൾ

മതനിരപേക്ഷ രാഷ്ട്രവീക്ഷണം ഉയർത്തിപ്പിടിച്ച ശക്തികൾക്ക് വിജയമുണ്ടാകുകയും ഇന്ത്യ ഒരു മതനിരപേക്ഷ ജനാധിപത്യ രാഷ്ട്രമായി തീരുകയും ചെയ്തത് ചരിത്രത്തിന്റെ ഏറ്റവും വലിയ പാഠമാണ്. ഇന്ത്യയ്ക്കൊപ്പം നിലവിൽവന്ന അയൽപക്കത്തുള്ള രാജ്യം മതാധിഷ്ഠിത രാഷ്ട്രമായി മാറി. കാൽനൂറ്റാണ്ടുപോലും ആ രാജ്യത്തിന് ഒരുമിച്ച് നിൽക്കാനായില്ലെന്നതും ഇന്ത്യ മുക്കാൽ നൂറ്റാണ്ട് അതിജീവിച്ചുവെന്നതും നൽകുന്ന ഏറ്റവും പ്രധാനപ്പെട്ട പാഠം ആധുനിക രാഷ്ട്രത്തെ നിർമ്മിക്കുന്നത് മതമല്ല, മതനിരപേക്ഷതയാണെന്നതാണ്. ആ പാഠത്തിന് മറ്റെന്നത്തേക്കാളും പ്രാധാന്യമുള്ള ഒരു കാലത്താണ് നമ്മളെല്ലാവരും ഇന്ന് ജീവിക്കുന്നത്. പക്ഷേ നമുക്കതിന് വലിയ വില കൊടുക്കേണ്ടി വന്നിട്ടുണ്ട്. ഇന്ത്യയെ മതനിരപേക്ഷ ജനാധിപത്യ രാഷ്ട്രമാക്കി മാറ്റുന്നതിന് കൊടുക്കേണ്ടിവന്ന ഏറ്റവും വലിയ വില മഹാത്മാഗാന്ധിയുടെ ജീവനാണ്. മതരാഷ്ട്രത്തിന്റെ ശക്തികളാണ് ഗാന്ധിജിയുടെ ഘാതകരായി മാറി അദ്ദേഹത്തിന്റെ ജീവൻ അപഹരിച്ചത്. ഇന്ന് ഈ മതനിരപേക്ഷത ഒരുകാലത്തുമില്ലാത്ത തരത്തിൽ വെല്ലുവിളി നേരിട്ടുകൊണ്ടിരിക്കുകയാണ്. മതരാഷ്ട്രത്തിന്റെ കരട് ഭരണഘടന തയ്യാറായിക്കൊണ്ടിരിക്കുന്നതായ വാർത്തകൾ നമ്മളെയെല്ലാം അസ്വസ്ഥമാക്കുന്നുണ്ട്. ആ മതനിരപേക്ഷത ഉയർത്തിപ്പിടിച്ചുകൊണ്ടുമാത്രമെ സ്വതന്ത്ര ഇന്ത്യയ്ക്ക് ഭാവിയിൽ മുന്നോട്ടുപോകാൻ കഴിയൂയെന്നത് ഈ സന്ദർഭത്തിൽ നമ്മളെല്ലാം ഓർമ്മിക്കേണ്ടതാണ്. നമ്മുടെ ഭരണഘടനയുടെ ആധാരശിലകളിലൊന്ന് മതനിരപേക്ഷതയും മറ്റൊന്ന് ജനാധിപത്യവുമാണ്. സ്വാതന്ത്ര്യത്തിന്റെ സന്ദർഭത്തിൽ, 1947 ഓഗസ്റ്റ് 14-ാം തീയതി അർദ്ധരാത്രിയിൽ ഇൻഡ്യയുടെ പ്രഥമ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റു, ഭരണഘടന അസംബ്ലിയിൽ നടത്തിയ വിഖ്യാതമായിട്ടുള്ള പ്രസംഗത്തിന്റെ അവസാനം അദ്ദേഹം പറയുന്നത്, "ഇൻഡ്യയുടെ മക്കൾക്കെല്ലാം പാർക്കാൻ ഇടമുള്ള ഒരു മഹാസൗധമായി സ്വതന്ത്ര ഇൻഡ്യയെ കെട്ടിപ്പടുക്കണം" എന്നാണ്. അതാണ് ഒരർത്ഥത്തിൽ 1950-ലെ ഭരണഘടന മുന്നോട്ടുവയ്ക്കുന്ന വാഗ്ദാനവും. ഭരണഘടന പൗരന്മാർക്ക് നൽകിയ ഉറപ്പ് നാലുകാര്യങ്ങളാണ്. ആമുഖത്തിൽ തന്നെ പറയുന്നുണ്ട്. 'സ്വാതന്ത്ര്യം, നീതി, സമത്വം, സാഹോദര്യം'. ആ ഭരണഘടന ഉറപ്പുകൾ 75 വർഷംകൊണ്ട് ഇൻഡ്യയിലെ പൗരന്മാർക്ക് എത്രത്തോളം ലഭ്യമായിയെന്ന് വിലയിരുത്തേണ്ട സന്ദർഭംകൂടിയാണ് സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികം. ആഘോഷത്തിന്റെ മാത്രമല്ല, ആലോചനകളുടെയും വിലയിരുത്തലുകളുടെയും സന്ദർഭംകൂടിയായി ഇത് മാറേണ്ടതുണ്ട്. ഇന്ന് ഈ ഭരണഘടനാ ഉറപ്പുകളും ഭരണഘടനാ മൂല്യങ്ങളും വെല്ലുവിളി നേരിട്ടുകൊണ്ടിരിക്കുകയാണ്. സ്വാതന്ത്ര്യവും ജനാധിപത്യവും വലിയ

വെല്ലുവിളികളിലൂടെ കടന്നുപോകുന്നു. അടുത്തകാലത്ത് സുപ്രീംകോടതി തന്നെ ചൂണ്ടിക്കാണിച്ചത്, 124 എ പോലുള്ള ഒരു വകുപ്പ് ഇൻഡ്യൻ ശിക്ഷാനിയമത്തിൽ തുടരുന്നത് എത്രത്തോളം സംഗതമാണ് എന്നാണ്. ഗാന്ധിജിക്കും ഭഗത്സിംഗിനുമെല്ലാം എതിരായി ഉപയോഗിച്ച ഒരു വകുപ്പ് ഇപ്പോഴും തുടരുന്നതിന്റെ ഔചിത്യം സുപ്രീംകോടതി തന്നെ ചോദ്യം ചെയ്യുകയുണ്ടായി.

സമത്വം എന്ന ഭരണഘടന ആശയവും വലിയ വെല്ലുവിളി നേരിട്ടുകൊണ്ടിരിക്കുന്നു. ഇൻഡ്യയിലെ അതിസമ്പന്നരായ ഒരു ശതമാനത്തിന്റെ സ്വത്ത് രാജ്യത്തിന്റെ ആകെ സ്വത്തിന്റെ 57 ശതമാനമാണ്. ഇൻഡ്യയിലെ സാധാരണക്കാരായ 50 ശതമാനം ആളുകളുടെ കൈവശമുള്ളത് രാജ്യത്തിന്റെ ആകെ സ്വത്തിന്റെ വെറും 13 ശതമാനമാണ്. ആ അസമത്വം സമ്പന്നരുടെ ഒരു ഭാരതത്തെയും ദരിദ്ര മഹാഭൂരിപക്ഷത്തിന്റെ വേറൊരു ഭാരതത്തെയും സൃഷ്ടിച്ചിരിക്കുന്നുവെന്ന വെല്ലുവിളി നാം കാണാതിരുന്നുകൂടാ. നീതിയും സാഹോദര്യവും ഇന്ന് വെല്ലുവിളി നേരിട്ടുകൊണ്ടിരിക്കുന്ന രണ്ട് മൂല്യങ്ങളാണ്. സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികത്തോടനുബന്ധിച്ച ദിവസങ്ങളിൽ നാം പത്രങ്ങളിൽ കണ്ട വാർത്തകൾ നീതിനിഷേധങ്ങളുടേതാണ്. ജാതിയുടെയും മതത്തിന്റെയും പേരിൽ ദളിതർ, ദരിദ്രർ, സ്ത്രീകൾ തുടങ്ങിയവർക്ക് നീതി നിഷേധിക്കപ്പെടുന്നതിന്റെ വാർത്തകൾ ഈ ദിവസങ്ങളിൽ തന്നെ പത്രങ്ങളിൽ വരികയുണ്ടായി. ഞാനതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകാൻ ആഗ്രഹിക്കുന്നില്ല. സാഹോദര്യമെന്ന വളരെ പ്രധാനപ്പെട്ട ഒരാശയം ഭരണഘടന മുന്നോട്ടുവയ്ക്കുകയാണ്. സമത്വവും സാഹോദര്യവും നീതിയും ഒരുമിച്ച് മാത്രമേ നിലനിൽക്കുകയുള്ളൂവെന്നും ഒന്നില്ലെങ്കിൽ മറ്റൊന്നിന് നിലനിൽക്കാനാകില്ലെന്നും ഡോ. ബി. ആർ. അംബേദ്കറാണ് പറഞ്ഞത്. ഇന്ന് മനുവാദത്തിൽ അധിഷ്ഠിതമായ, മനുസ്മൃതിയുടെ ആശയങ്ങളിൽ അധിഷ്ഠിതമായിട്ടുള്ള പ്രവർത്തനങ്ങൾ ആസൂത്രിതമായി സംഘടിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുമ്പോൾ ജാതീയവും വർഗ്ഗീയവുമായിട്ടുള്ള വിഭജനം കൂടുതൽ തീവ്രമാകുന്നു. സാഹോദര്യമെന്ന ആശയം അട്ടിമറിക്കപ്പെട്ടുകൊണ്ടിരിക്കുന്നത് നാം കാണുകയാണ്.

സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികം ആഘോഷിക്കുമ്പോൾ നമുക്ക് പുതുക്കാനുള്ള പ്രതിജ്ഞ ഈ സ്വാതന്ത്ര്യത്തെ കാത്തുസൂക്ഷിക്കും എന്നതാണ്. സ്വാതന്ത്ര്യത്തിന്റെ സ്വപ്നത്തെ ഏറ്റവും കാല്പനികമായും കാവ്യാത്മകമായും ആവിഷ്കരിച്ചത് മഹാകവി രബീന്ദ്രനാഥ് ടാഗോറാണ്. "എവിടെ ശീർഷം സമുന്നതവും എവിടെ മനസ്സ് നിർഭയവും എവിടെ യുക്തിതൻ സ്വച്ഛന്ദപ്രവാഹം ആചാര പഴമതൻ മണൽകാട്ടിൽ അലിയാതിരിക്കുന്നുവോ മുക്തി തന്റെ ആ സ്വർഗ്ഗരാജ്യത്തിലേയ്ക്ക് എന്റെ നാടൊന്ന് ഉണരണേ ദൈവമേ" എന്നാണ്

ഗീതാഞ്ജലിയിൽ ടാഗോർ പ്രാർത്ഥിച്ചത്. എന്നാൽ ഇത് കേവലം പ്രാർത്ഥനയുടെ മാത്രം സന്ദർഭമല്ല; പ്രവർത്തനത്തിന്റെയും പ്രതിജ്ഞ പുതുക്കലിന്റെയും ചരിത്ര സന്ദർഭമാണ്. അതുകൊണ്ട് ഭരണഘടനയുടെ ആരംഭത്തിലുള്ളതുപോലെ, സ്വാതന്ത്ര്യസമരത്തിന്റെ സമരമുഖങ്ങളിൽ ജീവൻ ബലിയർപ്പിച്ച പോരാളികളുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ ഇൻഡ്യയെ ഒരു മതനിരപേക്ഷ ജനാധിപത്യരാഷ്ട്രമായി സമത്വവും സാഹോദര്യവും നീതിയും പുലരുന്ന ഒരു രാഷ്ട്രമായി നിലനിർത്താനുള്ള പോരാട്ടത്തിന്റെ പ്രതിജ്ഞ പുതുക്കുന്ന ഒരു ചരിത്രസന്ദർഭമായി ഇതിനെ മാറ്റണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അങ്ങിവിടെ പ്രകടിപ്പിച്ച വികാരത്തോടും അങ്ങ് പറഞ്ഞ കാര്യങ്ങളോടും പൂർണ്ണമായി യോജിക്കുന്നു. രാജ്യം സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികം ആചരിക്കുന്ന ഘട്ടത്തിൽ നമ്മളും കേരള നിയമസഭയും പങ്കാളികളാകുകയാണ്. സൂര്യൻ അസ്തമിക്കാത്ത സാമ്രാജ്യം കൈമുതലായിരുന്ന ഒരുരാജ്യത്തിന്റെ ആധിപത്യത്തിനെതിരായി ഇൻഡ്യയിലെ ജനത വ്യത്യസ്തമായ വഴികളിലൂടെ ഒരേലക്ഷ്യത്തിനുവേണ്ടി പൊരുതിയതിന്റെ ഫലമായിട്ടുകൂടിയാണ് നമുക്ക് സ്വാതന്ത്ര്യം ലഭ്യമായത്. ലോകത്തെമ്പാടും നടന്ന സ്വാതന്ത്ര്യ സമരങ്ങളിൽനിന്ന് വ്യത്യസ്തമായ നിരവധി അദ്ധ്യായങ്ങൾ കുറിക്കപ്പെട്ടതാണ് ഇൻഡ്യയിലെ സ്വാതന്ത്ര്യപോരാട്ടം. വിവിധ നാട്ടുരാജ്യങ്ങളായി നിലകൊള്ളുകയും പരസ്പരം ഏറ്റുമുട്ടിക്കൊണ്ടിരിക്കുകയും ചെയ്തിരുന്ന സാഹചര്യത്തെ ഉപയോഗപ്പെടുത്തിയാണ് സാമ്രാജ്യത്വം ഇൻഡ്യയിൽ ആധിപത്യം സ്ഥാപിച്ചത്. സാമ്രാജ്യത്വത്തിന്റെ ആധിപത്യം രാജ്യത്തെ ജനങ്ങളുടെ ജീവിതത്തെയാകെ ദുരിതപൂർണ്ണമാക്കി. ഇതിനെതിരെ ഇൻഡ്യയിലെ ആദിവാസികളും കൈത്തൊഴിലുകാരും കർഷകരും ചില നാട്ടുരാജാക്കന്മാരും ആദ്യഘട്ടങ്ങളിൽതന്നെ ശക്തമായ ചെറുത്തുനില്പ് ഉയർത്തിക്കൊണ്ടുവന്നു. അങ്ങ് പറഞ്ഞതുപോലെ, പഴശ്ശിരാജ, വേലുത്തമ്പി ദളവ, പാലിയത്തച്ഛൻ എന്നിവരെ പോലുള്ളവർ ഉയർത്തിക്കൊണ്ടുവന്ന ചെറുത്തുനില്പുകളും മലബാറിലെ കർഷക കലാപത്തിൽ നേതൃത്വപരമായ പങ്കുവഹിച്ച വാരിയൻ കുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയുമെല്ലാം നമ്മുടെ ആദ്യകാല പ്രതിരോധങ്ങളിൽ സുപ്രധാന അദ്ധ്യായങ്ങൾ തീർത്തവരാണ്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉയർന്നുവന്ന ഇത്തരം ചെറുത്തുനിൽപ്പുകൾ വ്യക്തമായ രാഷ്ട്രീയ കാഴ്ചപ്പാടുകളുടെ പിൻബലത്തോടെ പിന്നീട് ശക്തിപ്രാപിക്കുകയുണ്ടായി. അങ്ങനെ ദേശീയതലത്തിലുള്ള വമ്പിച്ച സ്വാതന്ത്ര്യപോരാട്ടമായി അവ വികസിക്കുകയും ചെയ്തു. ദേശീയപ്രസ്ഥാനം രൂപപ്പെട്ട് വികസിക്കുന്നതിനോടൊപ്പംതന്നെ തൊഴിലാളികളുടെയും കർഷകരുടെയും പ്രശ്നങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള സമരങ്ങളും രാജ്യത്ത് ശക്തിപ്രാപിക്കാൻ തുടങ്ങി. ദേശീയതലത്തിലും അന്തർദേശീയതലത്തിലും രൂപപ്പെട്ടുവന്ന വിമോചന

കാഴ്ചപ്പാടുകൾ ഇൻഡ്യൻ സ്വാതന്ത്ര്യ പ്രസ്ഥാനത്തിന് വലിയ സ്വാധീനം ചെലുത്തി. കർഷകരുടെയും തൊഴിലാളികളുടെയും നേതൃത്വത്തിൽ ഉയർന്നുവന്ന സമരങ്ങൾ ദേശീയപ്രസ്ഥാനത്തിന്റെ മുദ്രാവാക്യങ്ങളെത്തന്നെ സ്വാധീനിക്കുന്ന നിലയിൽ വളർന്നുവരാൻ തുടങ്ങി. റഷ്യയിലെ സോഷ്യലിസ്റ്റ് വിപ്ലവം പോലുള്ളവ ജവഹർലാൽ നെഹ്റുവിനെപ്പോലുള്ള ദേശീയ പ്രസ്ഥാനത്തിന്റെ നേതാക്കളിലും സ്വാധീനം ചെലുത്തി. അതിന്റെ പശ്ചാത്തലത്തിൽ 1930-ലെ ലാഹോർ കോൺഗ്രസ്സിൽ 'സ്വരാജ്' എന്ന മുദ്രാവാക്യം പൂർണ്ണ സ്വാതന്ത്ര്യത്തിന്റേതായി പ്രഖ്യാപിക്കുന്ന തലത്തിലേയ്ക്ക് വളർന്നുവന്നു. ഇൻഡ്യയിലെ വ്യത്യസ്തമായ സ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെ ധാരകൾ ഒന്നാകെ ചേർന്ന് മഹാപ്രവാഹമായി ഉയർന്നുവരികയായിരുന്നു. സത്യാഗ്രഹ സമരത്തിന്റെ വഴികളിലൂടെ നീങ്ങിയ ഗാന്ധിജിയുടെയും കഴുമരത്തിൽ ജീവനൊടുക്കേണ്ടിവന്ന ഭഗത്സിംഗിന്റേതുമുൾപ്പെടെയുള്ള പാരമ്പര്യങ്ങൾ ഉൾച്ചേർന്നതാണ് നമ്മുടെ സ്വാതന്ത്ര്യ പ്രസ്ഥാനമെന്നത് കാണണം.

ലോക രാഷ്ട്രീയരംഗത്തെ മാറ്റങ്ങളും സ്വാതന്ത്ര്യ പ്രസ്ഥാനത്തെ സ്വാധീനിച്ചിട്ടുണ്ട്. ഫാസിസത്തിന് ലോകത്തുണ്ടായ പരാജയവും സോഷ്യലിസ്റ്റ് റഷ്യയുടെ കുതിപ്പും പുതിയൊരു സാഹചര്യം ലോകത്തുണ്ടാക്കി. ആ പശ്ചാത്തലം ലോകത്തെമ്പാടുമുള്ള വിമോചന പോരാട്ടങ്ങൾക്ക് കരുത്തായി മാറി. നിരവധി രാഷ്ട്രങ്ങൾ സ്വാതന്ത്ര്യത്തിന്റെ വഴികളിലേയ്ക്ക് നീങ്ങുന്നതിന് അന്നത്തെ ആഗോളരാഷ്ട്രീയം വഴിയൊരുക്കി. സാമ്രാജ്യത്വത്തിന്റെ ആധിപത്യത്തിനെതിരായ സമരങ്ങൾ നടക്കുമ്പോൾതന്നെ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ജന്മിത്വം അവസാനിപ്പിക്കണമെന്നും സാമൂഹ്യനീതി പുലരണമെന്നുമുള്ള ആവശ്യങ്ങൾ ഉയർത്തിപിടിച്ചുകൊണ്ടുള്ള പ്രക്ഷോഭങ്ങൾ കർഷകത്തൊഴിലാളി പ്രസ്ഥാനങ്ങൾ ഉയർത്തിക്കൊണ്ടുവന്നു. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം ഇത്തരം സമരങ്ങൾ കൂടുതൽ ശക്തിപ്രാപിച്ചു.

ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാനത്തിൽ സവിശേഷമായ സ്ഥാനം അവകാശപ്പെടുന്ന ഇടപെടലുകൾ പലതും കേരളത്തിലുണ്ടായിട്ടുണ്ട്. ശ്രീനാരായണഗുരുവും ചട്ടമ്പിസ്വാമികളും അയ്യങ്കാളിയുമെല്ലാം മുന്നോട്ടുവച്ച നവോത്ഥാന കാഴ്ച്ചപ്പാടുകളെ സ്വാതന്ത്ര്യപ്രസ്ഥാനം ഏറ്റെടുത്ത് മുന്നോട്ടുകൊണ്ടുപോയി. ദേശീയ ശ്രദ്ധയാകർഷിച്ച വൈക്കം സത്യാഗ്രഹം ഇത്തരത്തിൽ സവിശേഷമായൊരു ധാരയെ പ്രതിനിധാനം ചെയ്യുന്നതാണ്. തുടർന്ന് ആ പിന്തുടർച്ച ഗുരുവായൂർ സത്യാഗ്രഹത്തിലും പിന്നീട് പാലിയം സമരത്തിലൂടെയും മുന്നോട്ടുപോയി. സ്വാതന്ത്ര്യ പ്രസ്ഥാനവും നവോത്ഥാന ധാരകളും തമ്മിലുള്ള ഈ ബന്ധം കേരളത്തിന്റെ സവിശേഷതയാണ്. സാമ്രാജ്യത്വ സഹായികളായി വർത്തിച്ച ജന്മിത്വത്തിനെതിരെയുള്ള ശക്തമായ പോരാട്ടമായിരുന്നു കേരളത്തിലെ സ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെ മറ്റൊരു പ്രധാന

സവിശേഷത. കയ്യൂർ, കരിവെള്ളൂർ, കാവുമ്പായി പോലുള്ള സമരഭൂമികളിൽ ഉയർന്നുവന്നത് ഇത്തരത്തിലുള്ള പ്രക്ഷോഭമായിരുന്നു.

ഇന്ത്യ സ്വതന്ത്രമാകുമ്പോൾ നമ്മുടെ സംസ്ഥാനം മൂന്ന് ഭാഗങ്ങളിലായി കിടക്കുകയായിരുന്നു. സ്വാതന്ത്ര്യ പ്രഖ്യാപനം നടന്ന ഘട്ടത്തിൽ നാട്ടുരാജ്യങ്ങൾക്ക് സ്വതന്ത്രമായി നിലപാടെടുക്കാമെന്ന സമീപനമാണ് ബ്രിട്ടീഷുകാർ സ്വീകരിച്ചത്. സ്വതന്ത്ര തിരുവിതാംകൂർ എന്ന കാഴ്ചപ്പാട് ഉയർന്നുവന്നു. ഇതിനെതിരെ ആലപ്പുഴയിൽ തൊഴിലാളികളുടെ നേതൃത്വത്തിൽ വലിയ ചെറുത്തുനിൽപ്പ് ഉയർന്നുവന്നു. പുന്നപ്ര വയലാറിൽ നടന്ന ഇത്തരം പോരാട്ടമാണ് കേരളത്തെ ഇന്ത്യാ രാജ്യത്തിന്റെ ഭാഗമായി മാറ്റുന്നതിനിടയാക്കിയതെന്ന യാഥാർത്ഥ്യവും ഈയവസരത്തിൽ നമുക്ക് ഓർക്കാതിരിക്കാനാകില്ല. സ്വാതന്ത്ര്യ സമരത്തിന്റെ ത്യാഗത്തിന്റെ അദ്ധ്യായങ്ങൾ രചിച്ച നമ്മുടെ നാടിന്റെ വീരപുത്രന്മാരെയും പുത്രിമാരെയും നമുക്ക് ഓർക്കാതിരിക്കാനാകില്ല. ഉപ്പുസത്യാഗ്രഹത്തിന്റെ ഘട്ടത്തിൽ കടുത്ത മർദ്ദനമേൽക്കുമ്പോഴും ത്രിവർണ്ണ പതാക കൈവിടാതിരുന്ന പി. കൃഷ്ണപിള്ള, സ്വാതന്ത്ര്യം ലഭിക്കുമ്പോഴും ജയിലറകളിൽ കഴിയേണ്ടിവന്ന എ.കെ.ജി., ഏറെ ജയിൽവാസം അനുഭവിച്ച മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ്, ഐ.എൻ.എ.-യുടെ പോരാട്ടത്തിൽ നേതൃത്വപരമായ പങ്കുവഹിച്ച ക്യാപ്റ്റൻ ലക്ഷ്മി, കേരളഗാന്ധി എന്ന് വിളിക്കപ്പെടുന്ന കെ. കേളപ്പൻ, കൈക്കുഞ്ഞുമായി ജയിലിൽ പോകേണ്ടിവന്ന എ.വി.കുട്ടിമാളു അമ്മ, സ്വാതന്ത്ര്യ സമരപോരാട്ടത്തിൽ സവിശേഷമായ ഇടപെടൽ നടത്തിയ അക്കാമ്മ ചെറിയാൻ അങ്ങനെ എത്രയോ പേരുണ്ട്.

വ്യത്യസ്തമായ വഴികളിലൂടെ ഒരേലക്ഷ്യത്തിനായി പൊരുതിയ മഹാപ്രസ്ഥാനമായിരുന്നു ഇന്ത്യൻ സ്വാതന്ത്ര്യസമരം. ഗാന്ധിജിയുടെ നേതൃത്വത്തിലുള്ള സത്യാഗ്രഹ സമരംതൊട്ട് ബ്രിട്ടീഷുകാരുമായി മുഖാമുഖം ഏറ്റുമുട്ടിയ പോരാട്ടങ്ങൾവരെ അതിൽ കാണാവുന്നതാണ്. അവയെല്ലാം നമ്മുടെ ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി ഉൾക്കൊള്ളാൻ നമുക്ക് കഴിയേണ്ടതുണ്ട്. എന്ത് ഭിന്നതകളുടെ പേരിലായാലും അത്തരം പോരാളികളെ അടർത്തി മാറ്റാനുള്ള ശ്രമങ്ങളെ കൂട്ടായി പ്രതിരോധിക്കുകയെന്നത് നമ്മുടെയെല്ലാം ഉത്തരവാദിത്വമാണ്.

ദേശീയ സ്വാതന്ത്ര്യസമരം മുന്നോട്ടുവച്ച വ്യത്യസ്ത ധാരകളെ ഉൾക്കൊണ്ടുകൊണ്ടാണ് നമ്മുടെ ഭരണഘടന രൂപംകൊണ്ടത്. മതനിരപേക്ഷതയും ഫെഡറലിസവും സമത്വവും സ്വാതന്ത്ര്യവുമെല്ലാം സ്വാതന്ത്ര്യപോരാളികളുടെ ഇന്ത്യയെക്കുറിച്ചുള്ള സ്വപ്നങ്ങളായിരുന്നുവെന്ന് നാം വിസ്മരിക്കരുത്. അത്തരം മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുകയും അവയുടെ സംരക്ഷണത്തിനായി ശക്തമായി പൊരുതുകയും ചെയ്യേണ്ട സാഹചര്യമാണ് ഇപ്പോൾ സംജാതമായിട്ടുള്ളത്. സ്വാതന്ത്ര്യ

സമരപോരാട്ടങ്ങളിൽ സജീവമായി നിറഞ്ഞുനിന്ന നിരവധി പോരാളികൾ അംഗങ്ങളായിരുന്ന സഭയാണിത്. ദേശീയ പ്രസ്ഥാനം ഉയർത്തിപ്പിടിച്ച "കൃഷിഭൂമി കൃഷിക്കാരന്" എന്ന മുദ്രാവാക്യം പ്രാവർത്തികമാക്കുന്നതിനുള്ള ഇടപെടലുകൾ നടത്താൻ ഇ.എം.എസ്.-ന്റെ നേതൃത്വത്തിലുള്ള നിയമസഭയ്ക്ക് കഴിഞ്ഞുവെന്നത് നമുക്കെല്ലാം അഭിമാനിക്കാവുന്നതാണ്. സ്വാതന്ത്ര്യ സമരം ഉയർത്തിക്കൊണ്ടുവന്ന മഹത്തായ രാഷ്ട്രീയമൂല്യമാണ് അഴിമതിരഹിത സംശുദ്ധ രാഷ്ട്രീയം എന്നത് നാം വിസ്മരിക്കരുത്. എല്ലാ മതക്കാർക്കും അവരുടെ വിശ്വാസങ്ങളുമായി ജീവിക്കാനും അല്ലാത്തവർക്ക് അങ്ങനെയും ജീവിക്കാൻ കഴിയുന്ന നാടായി ഈ രാജ്യത്തെ മാറ്റാനാണ് സ്വാതന്ത്ര്യ പോരാളികൾ പരിശ്രമിച്ചത്. അവ കാത്തുസൂക്ഷിക്കാൻ പ്രതിജ്ഞാബദ്ധമാണ് നാമെന്ന് പ്രഖ്യാപിക്കാനുള്ള അവസരംകൂടിയായി ഈ എഴുപത്തിയഞ്ചാം വാർഷികത്തെ മാറ്റിയെടുക്കേണ്ടതുണ്ട്. അങ്ങ് മഹാകവി ടാഗോറിനെ ഉദ്ധരിക്കുകയുണ്ടായി. ഇവിടെ കുമാരനാശാൻ പാടിയതും നാം ഓർക്കേണ്ടതാണ്.

" സ്വാതന്ത്ര്യം തന്നെയമൃതം
സ്വാതന്ത്ര്യം തന്നെ ജീവിതം
പാരതന്ത്ര്യം മാനികൾക്കു
മൃതിയെക്കാൾ ഭയാനകം"

മൃതിയെക്കാൾ ഭയാനകമെന്ന് കുമാരനാശാൻ വിശേഷിപ്പിച്ച അവസ്ഥ രാജ്യത്ത് സംഭവിക്കാതിരിക്കാനുള്ള ജാഗ്രത കാലം ആവശ്യപ്പെടുന്നുണ്ടെന്ന് ഓർമ്മപ്പെടുത്തിക്കൊണ്ട് നിർത്തട്ടെ.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, ബഹുമാനപ്പെട്ട അങ്ങ് ഈ നിയമസഭാ സമ്മേളനത്തിന്റെ ആദ്യദിവസം തന്നെ ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ എഴുപത്തിയഞ്ച് സംവത്സരങ്ങൾ അനുസ്മരിച്ചുകൊണ്ടുള്ള പ്രത്യേക സമ്മേളനം നടത്താൻ തയ്യാറായതിൽ ഞാൻ പ്രത്യേകമായി നന്ദി പ്രകടിപ്പിക്കുകയാണ്. സ്വാതന്ത്ര്യ സമരത്തിന്റെ തീക്ഷ്ണമായ ഓർമ്മകൾ നമ്മുടെയെല്ലാവരുടെയും മനസ്സുകളിലേക്ക് ഇരമ്പിയെത്തുന്ന ഉജ്ജ്വലമായൊരു മുഹൂർത്തംകൂടിയാണ് എഴുപത്തിയഞ്ചാമത് സ്വാതന്ത്ര്യ ദിനാഘോഷം. സമാനതകളില്ലാത്ത സ്വാതന്ത്ര്യ സമരമായിരുന്നു നമ്മുടേത്. ലോകത്തെല്ലായിടത്തും വിമോചന പോരാട്ടങ്ങളും വിപ്ലവങ്ങളും പട്ടാള അട്ടിമറികളും നടന്നപ്പോഴെല്ലാം ലോകത്തിലെ ഏറ്റവും വലിയ സൈനിക ശക്തിയെ, ലോകത്തിലെ ഏറ്റവും വലിയ സാമ്പത്തിക ശക്തിയെ നിസ്സഹകരണസമരം, അഹിംസ, സത്യാഗ്രഹം എന്നിവ കൊണ്ട് മുട്ടുകുത്തിക്കാൻ

കഴിഞ്ഞ സമാനതകളില്ലാത്ത സമരമായി നമ്മുടെ സ്വാതന്ത്ര്യസമരം മാറി. ആ സ്വാതന്ത്ര്യ സമരത്തിന്റെ ബലിവേദിയിൽ ജീവൻ ബലിയർപ്പിച്ച അറിയപ്പെടുന്നവരും അറിയപ്പെടാത്തവരുമായ ധീരന്മാരായ സ്വാതന്ത്ര്യസമര സേനാനികളുടെ ദീപ്തമായ ഓർമ്മകൾക്കുമുന്നിൽ ഞാൻ ആദരം അർപ്പിക്കുകയാണ്.

നമ്മുടെ സ്വാതന്ത്ര്യസമരം കേവലം രാഷ്ട്രീയ സ്വാതന്ത്ര്യത്തിനുവേണ്ടി മാത്രം നടന്നൊരു സമരമല്ല. രാഷ്ട്രീയ സ്വാതന്ത്ര്യത്തിനുവേണ്ടി നടത്തിയ സമരത്തോടൊപ്പം തന്നെ നൂറ്റാണ്ടുകളോളം ജീവിതത്തിന്റെ പിന്നാമ്പുറങ്ങളിൽമാത്രം ജീവിക്കാൻ വിധിക്കപ്പെട്ട നിരവധി ജനപഥങ്ങളെയും ജനസമൂഹങ്ങളെയും ജീവിതത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൈപിടിച്ച് കൊണ്ടുവരുന്നതിനുവേണ്ടിക്കൂടി നടത്തിയ സമരമായിരുന്നു. അക്ഷരാർത്ഥത്തിൽ സാമൂഹ്യനീതിക്കുവേണ്ടിക്കൂടി നടത്തിയ സമരമായിരുന്നു. ദേശീയ പ്രസ്ഥാനത്തിന് നേതൃത്വം നൽകിയ മഹാത്മാഗാന്ധിയും പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവും ഉൾപ്പെടെയുള്ള നേതാക്കൾ രാജ്യം മുഴുവൻ ചുറ്റി സഞ്ചരിച്ച് അക്കാലത്ത് നിലനിന്നിരുന്ന വിചാരധാരകളെയും ചിന്താശകലങ്ങളെയുമെല്ലാം ഈ ദേശീയ പ്രസ്ഥാനത്തോട് ചേർത്തുനിർത്താൻ ശ്രമിച്ചുവെന്നതാണ് ആ സമരത്തിന്റെ ഏറ്റവും വലിയ സവിശേഷത. വിമാനങ്ങളില്ലാതിരുന്ന അക്കാലത്ത് തീവണ്ടിയിലെ മൂന്നാം ക്ലാസ്സ് കമ്പാർട്ടുമെന്റിൽ കയറി കേരളംപോലുള്ള ചെറിയ സംസ്ഥാനത്തെത്തി 33 സ്ഥലങ്ങളിൽ മഹാത്മാഗാന്ധി പ്രസംഗിക്കുകയുണ്ടായി. അദ്ദേഹം കേരളത്തിൽ വന്നപ്പോൾ സാമൂഹ്യ നവോത്ഥാനത്തിന് നേതൃത്വം നൽകിയിരുന്ന ശ്രീനാരായണ ഗുരുദേവനെ അദ്ദേഹത്തിന്റെ വസതിയിൽ പോയി സന്ദർശിച്ചത് ചരിത്രമാണ്. അധഃസ്ഥിത വർഗ്ഗത്തിന്റെ പടത്തലവനായിരുന്ന അയ്യങ്കാളിയെ അദ്ദേഹത്തിന്റെ വെങ്ങാനൂരിലുള്ള വസതിയിൽപോയി കണ്ട് സംസാരിച്ചു. വൈക്കം സത്യാഗ്രഹത്തിനും ഗുരുവായൂർ സത്യാഗ്രഹത്തിനും പിന്തുണ നൽകി. രാജ്യത്തുണ്ടായിരുന്ന എല്ലാ വൈവിധ്യങ്ങളെയും വ്യത്യസ്തതകളെയും ചേർത്തുനിർത്തുന്ന ഒരു സമീപനമായിരുന്നു ദേശീയപ്രസ്ഥാനത്തിന്റെ ഏറ്റവും വലിയ പ്രസക്തി. എല്ലാ അരുവികളും നദികളും ഒഴുകി മഹാസാഗരത്തിൽ ലയിക്കുന്നതുപോലെ എല്ലാ വൈവിധ്യങ്ങളും എല്ലാ ചിന്താധാരകളും അവസാനം ഒന്നിച്ചുചേരുന്ന മഹാസാഗരമായി ദേശീയപ്രസ്ഥാനം മാറി. അത്തരത്തിൽ എല്ലാ വൈവിധ്യങ്ങളേയും ഉൾക്കൊള്ളുന്ന സമീപനമാണ് നമ്മുടെ പാരമ്പര്യം. ബഹുസ്വര സമൂഹത്തിൽ ജീവിക്കുമ്പോൾ എല്ലാവരെയും ചേർത്തുപിടിക്കണമെന്ന മഹിതമായ ആശയമാണ് ദേശീയ പ്രസ്ഥാനം ഇപ്പോഴും നമ്മളോട് പറയുന്നത്. ആ ആശയത്തിന്റെ അടിത്തറയിലാണ് ഈ രാജ്യം കെട്ടിപ്പടുക്കപ്പെട്ടതെന്നതിൽ നാം അഭിമാനിക്കേണ്ടതാണെന്ന് പ്രത്യേകമായി പറയാൻ ഞാൻ ഈയവസരം വിനിയോഗിക്കുകയാണ്.

1947 ആഗസ്റ്റ് 14-ാം തീയതി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു നടത്തിയ "Tryst with Destiny"എന്ന പ്രസിദ്ധമായ പ്രസംഗം രാജ്യത്തിന്റെ മുന്നോട്ടുള്ള വഴികളിലേയ്ക്കുള്ള വെളിച്ചം വിതറുന്ന ഒന്നായിരുന്നുവെന്ന് നമുക്കെല്ലാവർക്കുമറിയാം. സ്വാതന്ത്ര്യ പ്രസ്ഥാനം ചേർത്തുനിർത്തിയ എല്ലാ ഘടകങ്ങളും ആ സമരത്തിന്റെ പ്രത്യേകതയാണ്. അതിന്റെയെല്ലാം ഉൽപ്പന്നമായിരുന്നു നമ്മുടെ ഭരണഘടന. നിരന്തരമായി മൂന്നുവർഷക്കാലം നീണ്ടുനിന്ന സംവാദങ്ങളിലൂടെ രൂപപ്പെടുത്തിയെടുത്തതാണ് ഇന്ത്യയുടെ ഭരണഘടന. അതാരും എഴുതിത്തന്നതല്ല; ഏതെങ്കിലും ഭരണഘടന പകർത്തിയതുമല്ല. കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിയുടെ പ്രൊസീഡിംഗ്സ് വായിച്ചാൽ ഉദാത്തമായ ആശയങ്ങളുടെയും ശ്രേഷ്ഠമായ ചിന്തയുടെയും പ്രതിഫലനമായിരുന്നു കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിയിൽ നടന്നതെന്ന് മനസ്സിലാക്കാൻ സാധിക്കും. 'Right to Live' എന്ന് ആർട്ടിക്കിൾ 21-ൽ പറയുന്നുണ്ട്. കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിയുടെ പ്രൊസീഡിംഗ്സ് വായിച്ചാൽ 'right to live' എന്ന് മാത്രമല്ല 'right to live with human dignity' എന്ന് മനസ്സിലാക്കാം. ആത്മാഭിമാനത്തോടെ, തലയെടുപ്പോടുകൂടി ഈ നാട്ടിൽ ജീവിക്കാനുള്ള നമ്മുടെ അവകാശത്തെയാണ് ഭരണഘടന നമുക്ക് പ്രദാനം ചെയ്യുന്നത്. ആ സംവാദങ്ങളും തീരുമാനങ്ങളുമാണ് ന്യൂനപക്ഷങ്ങളെ സംരക്ഷിക്കാനും പിന്നോക്ക വിഭാഗങ്ങൾക്ക് സംവരണം നൽകാനും കേന്ദ്ര-സംസ്ഥാന ബന്ധങ്ങൾ നിർവ്വചിക്കാനും ഫെഡറലിസത്തെക്കുറിച്ച് കൃത്യമായി പറയാനും fiscal ഫെഡറലിസത്തിന്റെ പ്രത്യേകതകൾ പറയാനും മറ്റ് കാര്യങ്ങളെക്കുറിച്ച് അഡ്രസ്സ് ചെയ്യാനും സാധിക്കുന്ന മഹത്തായൊരു ഭരണഘടന നമുക്കുണ്ടായത്. സ്വാതന്ത്ര്യം ലഭിക്കുമ്പോൾ നമ്മുടെ മുന്നിൽ ഒരുപാട് വെല്ലുവിളികളുണ്ടായിരുന്നു. വിഭജനത്തിന്റെ മുറിവുകൾ, അഭയാർത്ഥി പ്രവാഹം, 500-ഓളം നാട്ടുരാജ്യങ്ങളെ കൂട്ടിച്ചേർക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, കൊടിയ പട്ടിണിയും വലിയ ക്ഷാമവും കാരണം ഒരുനേരത്തെ ഭക്ഷണം നൽകുന്നതിനുവേണ്ടി ലോകത്തിന്റെ മുന്നിൽ ഇരുകൈകളും നീട്ടി ഭിക്ഷാപാത്രവുമായി നിൽക്കേണ്ട ഗതികേട് ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ യുഗപ്രഭാവനായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന് നേരിടേണ്ടിവന്നു. ആ ഘട്ടത്തിൽനിന്നും നമ്മൾ പഞ്ചവൽസര പദ്ധതികളും മറ്റും നടപ്പാക്കുകയും ഭക്ഷ്യ സ്വയംപര്യാപ്തതയിലേയ്ക്ക് കടക്കുകയും ചെയ്തു. പ്രതിസന്ധികളും ബാലാരിഷ്ടതകളും നിറഞ്ഞ ആ കാലഘട്ടത്തിലും ഒരുപാട് വെല്ലുവിളികളുണ്ടായിരുന്നു. വലിയ പ്രതിസന്ധികൾ നേരിടുന്ന കാലഘട്ടത്തിലും ഭരണകൂടത്തെ അട്ടിമറിക്കാനുള്ള ശ്രമങ്ങൾ ആ കാലഘട്ടത്തിലുണ്ടായിരുന്നു. സങ്കടങ്ങളും ദുരിതങ്ങളും പ്രയാസങ്ങളും മാത്രമുള്ള ഒരു ജനതയെ ജീവിതത്തിലേയ്ക്ക് മടക്കിക്കൊണ്ടുവരാൻ ദേശീയ പ്രസ്ഥാനത്തിന്റെ നേതാക്കൾ സ്വാതന്ത്ര്യത്തിനുശേഷം ശ്രമിക്കുമ്പോഴും ഭരണകൂടത്തെ അട്ടിമറിച്ച് വിപ്ലവമുണ്ടാക്കുന്നതിനുള്ള ശ്രമങ്ങൾ ആ

കാലഘട്ടത്തിൽ നടന്നത് നമുക്ക് വിസ്മരിക്കാൻ കഴിയില്ല. പക്ഷെ ആ പ്രതിസന്ധികൾക്കിടയിലും രാജ്യത്തെ അഭിമാനങ്ങളായ പൊതുമേഖലാ സ്ഥാപനങ്ങൾ നിലവിൽവന്നു, കാർഷിക രംഗത്ത് ഹരിത വിപ്ലവമുണ്ടായി. ഐ.എസ്.ആർ.ഒ., ഭാഭാ അറ്റോമിക് റിസർച്ച് സെന്റർ, ഐ.ഐ.ടി.-കൾ, ഐ.ഐ.എം., ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജി പോലെയുള്ള രാജ്യത്തിന്റെ അഭിമാന സ്ഥാപനങ്ങൾക്കും രാജ്യത്തിന്റെ പുരോഗതിക്കുവേണ്ടി നാഴികക്കല്ലായ സ്ഥാപനങ്ങൾക്കുമെല്ലാം തുടക്കമിടാൻ നമുക്ക് കഴിഞ്ഞു. അങ്ങിവിടെ സൂചിപ്പിച്ചതുപോലെ മതേതര ജനാധിപത്യ സോഷ്യലിസ്റ്റ് കാഴ്ചപ്പാടോടുകൂടിയ ഒരു ഭരണഘടനയ്ക്ക് രൂപം നൽകാൻ കഴിഞ്ഞതാണ് ഏറ്റവും പ്രധാനം. ദേശീയ പ്രസ്ഥാനത്തിന് നേതൃത്വം കൊടുത്ത മഹാത്മാഗാന്ധിയേയും ജവഹർലാൽ നെഹ്റുവിനേയും പോലെയുള്ള നേതാക്കളെ വിസ്മരിച്ചുകൊണ്ട് മറ്റ് ചില ആളുകളെ സ്വാതന്ത്ര്യ സമരത്തിന്റെ നേതാക്കന്മാരായി പ്രതിഷ്ഠിക്കുന്നതിനുള്ള ചില ശ്രമങ്ങളാണ് നടക്കുന്നത്. നമ്മൾ എപ്പോഴും ആവർത്തിച്ചുപറയുന്ന 'ക്ലീഷേ' എന്ന വാക്കാണ് ചരിത്രത്തെ വളച്ചൊടിക്കാനും തമസ്കരിക്കാനും ശ്രമിക്കുന്നത്. ഇന്ത്യൻ പാർലമെന്റിന്റെ അകത്തളങ്ങളിൽപ്പോലും ഗാന്ധിജിയുടെ ചിത്രത്തിന്റെ വിപരീത ദിശയിൽ കാണുന്നത് ഗാന്ധി വധത്തിൽ പ്രതിയായ ഒരാളുടെ ചിത്രമാണെന്ന് നമ്മൾ അറിയണം. ആൻഡമാനിലെ സെല്ലുലാർ കാലാപാനി ജയിലിൽ കിടന്ന ഒരാൾ ബ്രിട്ടീഷുകാർക്ക് എഴുതി സമർപ്പിച്ച മാപ്പപേക്ഷയിലെ വാക്കുകളാണിത്, "സർക്കാർ എന്ത് ആഗ്രഹിക്കുന്നുവോ, ആ രീതിയിൽ സർക്കാരിനെ സേവിക്കാൻ ഞാൻ ഒരുക്കമാണ്. തടവറയുടെ നീണ്ട 50 വർഷങ്ങൾ എന്നെ തുറിച്ചുനോക്കി ഭയപ്പെടുത്തുന്നുണ്ട്. മുടിയനായ പുത്രൻ തെറ്റ് മനസ്സിലാക്കി, മാപ്പപേക്ഷിച്ച് അമ്മയുടെ മടിത്തട്ടിലേയ്ക്ക് മടങ്ങുമ്പോൾ അമ്മ എങ്ങനെയാണോ അയാളോട് ദയാലുവാകുന്നത് അതുപോലെ എന്നോട് ദയയുണ്ടാകണം" എന്ന് ബ്രിട്ടീഷുകാർക്ക് മാപ്പപേക്ഷ സമർപ്പിച്ച്, പുറത്തിറങ്ങിവന്ന് സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുക്കില്ലെന്ന് ഉറപ്പുനൽകുകയും സ്വാതന്ത്ര്യ സമരത്തിനെതിരായ നിലപാടുകൾ സ്വീകരിക്കുകയും ചെയ്യാമെന്ന് വാക്കുകൊടുത്ത ആളുകളെ ഗാന്ധിജിക്കും നെഹ്റുവിനും പകരം അവിടെ പകരംവയ്ക്കാൻ ശ്രമിക്കുന്ന ചരിത്രത്തിലെ ഏറ്റവും വലിയ വിരോധാഭാസം നടക്കുന്ന കാലത്തുകൂടിയാണ് 75-ാം സ്വാതന്ത്ര്യത്തിന്റെ വാർഷികം ആഘോഷിക്കുന്നതെന്നത് നമ്മളെ ഭയപ്പെടുത്തുന്നു. നമ്മളൊരു സത്യാനന്തര യുഗത്തിലൂടെ കടന്നുപോകുകയാണ്, post truth era. ഈ post truth era-യിലെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം, രാജ്യത്തിന്റെ മുൻഗണനാവിഷയങ്ങൾ ചർച്ച ചെയ്യുന്നില്ലെന്നുള്ളതാണ്. സാമ്പത്തിക മാന്ദ്യത്തിന് സമാനമായ സമ്പദ്വ്യവസ്ഥയുടെ പരിതാപകരമായ സ്ഥിതി, രാജ്യം കണ്ട ഏറ്റവും വലിയ

നാണ്യപ്പെരുപ്പം, നമുക്ക് മൂന്നുനേരവും ഭക്ഷണം നൽകുന്ന കർഷകരുടെ ദുരിതപൂർണ്ണമായ പ്രശ്നങ്ങൾ, ഇടത്തരം-ചെറുകിട വ്യവസായ സംരംഭങ്ങൾ അടച്ചുപൂട്ടിപ്പോകുന്ന സ്ഥിതിവിശേഷം, 50 വർഷങ്ങൾക്ക് മുമ്പ് ഇന്ദിരാഗാന്ധി ബാങ്കുകൾ ദേശസാൽക്കരിച്ച് സാധാരണക്കാരന്റെ വീട്ടുമുറ്റത്തെത്തിച്ചുവെങ്കിൽ ഇന്ന് ആ ദേശസാൽകൃത ബാങ്കുകൾക്കും ഷെഡ്യൂൾഡ് ബാങ്കുകൾക്കും 12 ലക്ഷം കോടി രൂപയുടെ കിട്ടാക്കടമുണ്ടാക്കി രാജ്യത്തെ ഏറ്റവും അപകടകരമായ സ്ഥിതിയിൽ കൊണ്ടെത്തിച്ച സാഹചര്യമാണുള്ളത്. ദൗർഭാഗ്യവശാൽ അതൊന്നും ചർച്ച ചെയ്യാതെ, വൈകാരികമായ വിഷയങ്ങൾ മാത്രമാണ് ചർച്ച ചെയ്യുന്നത്. ഫാസിസത്തിന്റെ കറുത്ത നാളുകൾ നമ്മെ ഓർമ്മപ്പെടുത്തുകയാണ്. 20-ാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ ലോകത്തെമ്പാടും സംഭവിച്ച ആ ഫാസിസ്റ്റ് ശക്തികളുടെ വരവിന്റെ ശംഖുനാദമാണ് നാമിപ്പോൾ കേൾക്കുന്നത്. അവർക്കൊരു പൊതുശത്രുവിനെ വേണം. ജർമ്മനിയിൽ ജൂതൻമാരെ പൊതുശത്രുക്കളായി കണ്ടതുപോലെ, ഇന്ത്യയിൽ ന്യൂനപക്ഷങ്ങളെ പൊതുശത്രുക്കളായി കണ്ടുകൊണ്ട് നടത്തുന്ന ഈ ഫാസിസത്തിന്റെ തിരിച്ചുവരവ് അപകടകരമായ രീതിയിൽ നമ്മളെ ഓർമ്മപ്പെടുത്തുകയാണ് 20-ാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിലെ ചരിത്രം. അത് 21-ാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ ആവർത്തിക്കപ്പെടുകയാണോയെന്ന ഗൗരവതരമായ ചിന്തയുണ്ടാകുന്ന കാലഘട്ടത്തിലൂടെ നാം കടന്നുപോകുകയാണ്. നമ്മുടെ ഭരണഘടനയുടെ ഏറ്റവും മുഖ്യമായ ആശയത്തെ, ഒരു ബഹുസ്വര സമൂഹത്തിലെ മതേതരമായ ഉറച്ച നിലപാടുകളെ ദുർബ്ബലപ്പെടുത്തിക്കൊണ്ടുള്ള, വർഗ്ഗീയതയുടെയും വെറുപ്പിന്റെയും വിദ്വേഷത്തിന്റെയും വിത്തുകൾ ജനങ്ങൾക്കിടയിൽ പാകിക്കൊണ്ട് സ്വാതന്ത്ര്യത്തിന്റെയും ദേശീയ പ്രസ്ഥാനത്തിന്റെയും സന്ദേശമെന്തായിരുന്നോ അതിന് വിരുദ്ധമായ നിലപാടുകൾ ഇന്ന് ഭരണകൂടംതന്നെ നമ്മുടെമേൽ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്ന ഭയാനകമായ ഒരു കെട്ടകാലത്താണ് നാം ജീവിക്കുന്നത്. അതുകൊണ്ട് ജനാധിപത്യത്തേയും മതേതരത്വത്തേയും സോഷ്യലിസ്റ്റ് കാഴ്ചപ്പാടുകളേയും ഹൃദയത്തോട് ചേർത്തുനിർത്തേണ്ട ഒരു സമയമാണിത്. ദേശീയ പ്രസ്ഥാനമുയർത്തിയ ദേശീയത, ഈ രാജ്യത്തെ മുഴുവൻ വൈദേശികാധിപത്യത്തിനെതിരായി പോരാടാനുള്ള വീര്യമാണെങ്കിൽ, ആ ദേശീയതയുടെ മറവിൽ ഇപ്പോൾ ഉയർന്നുവരുന്നത് അതിതീവ്ര ദേശീയതയാണ്. അതിതീവ്ര ദേശീയതയും ദേശീയതയും തമ്മിൽ ഒരു ബന്ധവുമില്ല. ഇത് രണ്ടുംതമ്മിൽ കടലും കടലാടിയും തമ്മിലുള്ള ബന്ധമാണ്. ദേശീയത നമ്മുടെ രാജ്യത്തിന്റെ പുരോഗതിക്കുവേണ്ടിയുള്ളതാണെങ്കിൽ അതിതീവ്ര ദേശീയത രാജ്യത്തെ ഭിന്നിപ്പിക്കാൻ വേണ്ടിയുള്ളതാണ്. ഇന്ന് ലോകത്ത് എല്ലായിടങ്ങളിലും നടക്കുന്ന ഈ അതിതീവ്ര ദേശീയതയും പോപ്പുലിസ്റ്റ് ഇടപാടുകളുമെല്ലാം നമ്മുടെ സ്വാതന്ത്ര്യത്തിന്റെ മൂല്യങ്ങളെ തകർക്കുന്നതാണ്.

ഏറ്റവും അപകടകരമായ സ്ഥിതിയിൽ രാജ്യത്തിന്റെ എഴുപത്തിയഞ്ചാം സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഈ വേളയിൽ, രാജ്യത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട മൂല്യങ്ങൾ അപകടത്തിലാണെന്ന തിരിച്ചറിവുകൂടി നമുക്കുണ്ടാകുകയും അതിനെതിരായിട്ടുള്ള പോരാട്ടത്തിന്റെ തുടക്കമായി, ആ സ്വാതന്ത്ര്യ സമരത്തിലെ ധീരദേശാഭിമാനികൾ നടത്തിയ പോരാട്ടം നമുക്ക് മാതൃകയായും ആവേശമായും നമ്മുടെ മനസ്സിൽ നിറയേണ്ടതുണ്ടെന്ന് മാത്രം വിനയപൂരസരം ഓർമ്മപ്പെടുത്തിക്കൊണ്ട്, സ്വാതന്ത്ര്യത്തിന്റെ എഴുപത്തിയഞ്ചാം വാർഷികവേളയുടെ എല്ലാ ആശംസകളും അർപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, അങ്ങും ബഹുമാന്യരായ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവുമെല്ലാം എഴുപത്തിയഞ്ചാം സ്വാതന്ത്ര്യ ദിനാഘോഷവുമായി ബന്ധപ്പെട്ട് നടത്തിയ പ്രസംഗങ്ങളോട് പൂർണ്ണമായി യോജിക്കുന്നു. ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ എഴുപത്തിയഞ്ച് സംവത്സരങ്ങൾ അനുസ്മരിച്ചുകൊണ്ട് നടക്കുന്ന സമ്മേളനത്തിൽ, സ്വാതന്ത്ര്യ സമര പോരാട്ടത്തിന്റെ ചരിത്രംകൂടി നാം അനുസ്മരിച്ചേ മതിയാകൂ. അതുമായി ബന്ധപ്പെട്ട് അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഒരുപാട് കാര്യങ്ങൾ പറയുകയുണ്ടായി. ഒരു സ്വതന്ത്ര രാജ്യമെന്ന നിലയിൽ, 75 വയസ്സിന്റെ ചെറുപ്പമാണ് ഇന്ത്യയ്ക്ക്; പക്ഷേ ഒരു ജനതയെന്ന നിലയിൽ ഇന്ത്യയ്ക്ക് ആയിരക്കണക്കിന് വർഷങ്ങളുടെ പ്രായമുണ്ട്. അത്രയുംതന്നെ പഴക്കമുള്ള ഒരു രാഷ്ട്രീയ ബോധധാരയും നമുക്കുണ്ട്. സുവ്യക്തമായ മൂല്യങ്ങളാൽ സമ്പന്നമായ ഒരുരാഷ്ട്രീയ പൊതുബോധമാണ് ഇന്ത്യയെന്ന മഹാരാജ്യത്തിന്റെ അടിത്തറ. ചരിത്രത്തിന്റെ വിവിധ ഘട്ടങ്ങളിൽവച്ച് നിർണ്ണായകമായ ഈ ദിശാബോധം നഷ്ടപ്പെട്ട വേളയിലാണ് ഈ മഹത് സംസ്കാരം അധിനിവേശത്തിന്റെ ചവിട്ടടികളിൽപ്പെട്ടുപോയത്. സാഹോദര്യത്തിന്റെയും സമത്വത്തിന്റെയും ഒരുമയുടേയും പാഠങ്ങൾ വീണ്ടെടുത്തപ്പോഴെല്ലാം നമുക്ക് അധിനിവേശങ്ങളെ പ്രതിരോധിക്കാനുള്ള കരുത്തുനേടാൻ കഴിഞ്ഞിട്ടുണ്ട്. അത്തരം ചെറുത്തുനിൽപ്പുകളുടെ ആഘോഷംകൂടിയാകണം സ്വാതന്ത്ര്യത്തിന്റെ എഴുപത്തിയഞ്ച് സംവത്സരങ്ങൾ പൂർത്തിയാകുന്ന ഈ മുഹൂർത്തം. ഇന്ത്യ സ്വാതന്ത്ര്യം നേടിയെടുത്തത് ജാതിമത ഭേദമെന്യേ കർഷകരും തൊഴിലാളികളുമടങ്ങുന്ന ഇവിടത്തെ സാധാരണ ജനങ്ങൾ നടത്തിയ പോരാട്ടങ്ങളിലൂടെയാണെന്നതാണ് മൗലികമായ പരിശോധനയിൽ വ്യക്തമാകുന്ന വസ്തുത. രേഖപ്പെടുത്തപ്പെട്ട സമരങ്ങളുടെയും ആഘോഷിക്കപ്പെട്ട നേതൃത്വത്തിന്റെയും സംഭാവനകൾ വിലമതിക്കേണ്ടത് തന്നെയാണ്. എന്നാൽ നമ്മുടെ നാട്ടിലുൾപ്പെടെയുള്ള നിരവധി പോരാട്ടങ്ങളുടെയും ചരിത്രരേഖകളിൽ എവിടെയും പേരുവരാത്ത അസംഖ്യം രക്തസാക്ഷികളുടെയും ത്യാഗസഹനങ്ങളുടെ

ആകെ തുകയാണ് എഴുപത്തിയഞ്ചാം വാർഷികമായി ഇന്ന് നാം ആഘോഷിക്കുന്ന സ്വാതന്ത്ര്യത്തിന്റെ അമൃത്. ഇന്ത്യയുടെ ഏറ്റവും ഉജ്ജ്വലമായ വിപ്ലവ നക്ഷത്രം ഭഗത്സിംഗ് തന്റെ സഖാക്കളായ സുഖ്ദേവിനും രാജ്ഗുരുവിനുമൊപ്പം തൂക്കിലേറ്റപ്പെടുന്നതിന് ഒരു മാസംമുമ്പ് 1931 ഫെബ്രുവരി 2-ന് യുവരാഷ്ട്രീയ പ്രവർത്തകർക്കെഴുതിയ കത്തിൽ ഈ നാടിന്റെ യഥാർത്ഥ വിപ്ലവകാരികൾ കർഷകരും തൊഴിലാളികളുമാണെന്ന് പറയുന്നു. ശക്തരായ ഈ സിംഹങ്ങൾ ഒരിക്കൽ ഉണരും. അന്ന് ഈ പ്രദേശത്തെ നയിക്കുന്ന ബൂർഷ്വാ നേതൃത്വം ലക്ഷ്യംവയ്ക്കുന്നതിനുമപ്പുറം എത്രയോ ഉയരത്തിലേയ്ക്ക് അവർ ഈ നാടിനെ കൊണ്ടുപോകും. സാമ്പത്തികമായ അവകാശങ്ങൾ നേടിയെടുക്കുന്നതിനപ്പുറം ഈ നാടിന്റെ രാഷ്ട്രീയ അധികാരം കൈകാര്യം ചെയ്യാനുള്ള ആവേശം അവർ ആർജ്ജിക്കും. മാറിമാറി വന്ന വിദേശ ശക്തികൾ നൂറ്റാണ്ടുകളോളം അടക്കിഭരിച്ച നമ്മുടെ മണ്ണിൽ നടന്ന എണ്ണമറ്റ പോരാട്ടങ്ങൾ ഔദ്യോഗികമായി ആഘോഷിക്കപ്പെടാതെ വിസ്മൃതിയിലാണ്ട് കിടക്കുന്നു. അങ്ങ് സൂചിപ്പിച്ച, 1721-ലെ ആറ്റിങ്ങൽ കലാപം പൂർണ്ണമായും ഒരു ജനകീയ പ്രതിഷേധമായിരുന്നു. ആറ്റിങ്ങൽ കലാപം കഴിഞ്ഞ് ഏതാണ്ട് ഒന്നര നൂറ്റാണ്ടോളം കഴിഞ്ഞാണ് ചരിത്രത്തിലിടം നേടിയ 1857-ലെ ഒന്നാം സ്വാതന്ത്ര്യസമരം നടന്നത്. അതിനുമുമ്പ് പ്രാദേശികമായ ഒട്ടേറെ കലാപങ്ങൾ രാജ്യത്തിന്റെ നാനാഭാഗങ്ങളിൽ നടന്നിട്ടുണ്ട്. 1783-ൽ ബംഗാളിലെ രംഗ്പൂരിലും 1832-ൽ ഛോട്ടാനാഗ്പൂരിലും നടന്ന കോൾകലാപവും 1855-ൽ ഇന്നത്തെ ജാർഖണ്ഡിൽ നടന്ന സാന്താൾകലാപവും 1857-ൽ ബോംബെ ഡക്കാൻ പ്രദേശത്തുനടന്ന കലാപവും 1899-ൽ റാഞ്ചിയിൽ നടന്ന മുണ്ട കലാപവും തുടങ്ങി ഒട്ടേറെ പേർ ജീവൻ ത്യജിച്ച സമരങ്ങളെല്ലാം ഇവിടെ മനുഷ്യനെപ്പോലെ ജീവിക്കാനുള്ള സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ളതായിരുന്നു. 1793 മുതൽ പഴശ്ശിരാജ നടത്തിയ സമരങ്ങൾ ബ്രിട്ടീഷ് വിരുദ്ധപോരാട്ടത്തിന്റെ ഭാഗമായിരുന്നു. വേലുത്തമ്പി ദളവയുടേതുൾപ്പെടെയുള്ള പോരാട്ടങ്ങൾ ഇവിടെ പരാമർശിക്കപ്പെട്ടതാണ്. ദേശീയ സ്വാതന്ത്ര്യ സമരത്തിൽ ഗാന്ധിജിയുടെ നേതൃത്വം അടയാളപ്പെടുത്തുന്ന സമരമായ 1917-ലെ ചമ്പാരൻ സമരം കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും മൗലികാവകാശ പോരാട്ടമായിരുന്നു. ഇത്തരം കർഷക സമരങ്ങളുടെയും ഇടതുപക്ഷ ആശയങ്ങളുടെയും സജീവ ഇടപെടലോടുകൂടിയാണ് അതുവരെ പ്രമേയം പാസ്സാക്കി ദിനാചരണങ്ങൾ മാത്രമായി പരിമിതപ്പെടുത്തിയിരുന്ന സ്വാതന്ത്ര്യസമര പരിപാടി മലബാറിൽ ഒരു ജനകീയ സമരമുന്നണിയായി ഉയർന്നുവന്നതെന്ന് നമുക്ക് കാണാൻ കഴിയും. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന് വലിയ പ്രതിസന്ധിയുണ്ടാക്കിയ നാളുകളിലാണ് ഭഗത്സിംഗിന്റെ തൂക്കിലേറ്റൽ. സ്വതന്ത്ര ഇന്ത്യ അതിന്റെ സാധാരണ പൗരന്മാർക്ക് എന്തൊക്കെ അവകാശങ്ങളാണ് വാഗ്ദാനം

ചെയ്യുന്നതെന്ന് 1931-ലെ കറാച്ചി പ്രമേയത്തിൽ വ്യക്തമാക്കിയതാണ്. നെഹ്റു രചിച്ച് ഗാന്ധിജി അവതരിപ്പിച്ച ഈ പ്രമേയത്തിലെ അവകാശപത്രികയിൽ പ്രാചീന ഭാരതത്തിലെ ജനസമൂഹങ്ങൾ നെഞ്ചോടുചേർത്തിരുന്ന മൂല്യസങ്കൽപ്പങ്ങളും വേദോപനിഷത്തുകളിലെ ആത്മീയ ദർശനങ്ങളും ദേശീയ പ്രസ്ഥാനം സ്വാംശീകരിച്ച നവോത്ഥാന ചിന്തകളും മഹത്തായ ഒക്ടോബർ വിപ്ലവം ലോകമാകെ പടർത്തിയ സമത്വസ്വപ്നങ്ങളുമെല്ലാം ഉൾപ്പെട്ടിരുന്നു. ഇവയൊക്കെത്തന്നെയാണ് പിന്നീട് ഇന്ത്യൻ ഭരണഘടനയുടെ ആമുഖത്തിലും മാർഗ്ഗനിർദ്ദേശ തത്വങ്ങളിലും പ്രതിഫലിച്ചത്. കർഷകരെയും തൊഴിലാളികളെയും ആവേശഭരിതരാക്കിയ ഈ കാലഘട്ടത്തിലാണ് മലബാറിൽ ഒട്ടേറെ അവകാശസമരങ്ങൾ പൊട്ടിപ്പുറപ്പെട്ടതെന്ന് ബഹുമാന്യനായ മുഖ്യമന്ത്രി സൂചിപ്പിച്ചു. കയ്യൂരും കരിവെള്ളൂരും കാവുമ്പായുമുൾപ്പെടെയുള്ള സമരങ്ങളെല്ലാം ഈ സന്ദർഭത്തിലാണ് വലിയ പോരാട്ടത്തിലേയ്ക്ക് ഉണർന്നെണീറ്റ് വന്നത്. 1941-ലെ കയ്യൂർ സമരത്തെത്തുടർന്ന് 1943 മാർച്ച് 29-ൽ നെഞ്ചും വിരിച്ച് ഇൻക്വിലാബ് വിളിച്ച് തൂക്കിലേറിയ മഠത്തിൽ അപ്പുവും ചിരുകണ്ടനും അബൂബക്കറും കുഞ്ഞമ്പു നായരുമെല്ലാം ഉയർത്തിയ മൗലികമായ ചോദ്യങ്ങൾക്ക് ഉത്തരം തേടൽകൂടിയാകണം എഴുപത്തിയഞ്ച് വർഷങ്ങൾ പൂർത്തിയാക്കിയ സ്വതന്ത്ര ഇന്ത്യയിലെ ഓരോ പൊതുപ്രവർത്തകന്റെയും ഈ കാലഘട്ടത്തിലെ കടമ എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കറാച്ചി പ്രമേയത്തിലെ ഉള്ളടക്കവും കർഷകസമര രക്തസാക്ഷികളുടെ ആഗ്രഹവും ഉൾക്കൊണ്ടാണ് ഭൂപരിഷ്കരണം ഉൾപ്പെടെയുള്ള കാതലായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് കേരളപ്പിറവിക്കുശേഷം ഐശ്വര്യപൂർണ്ണമായ കേരളം കെട്ടിപ്പടുക്കുവാനെന്ന തലക്കെട്ടിൽ സഖാവ് സി.അച്യുതമേനോൻ ഒരു നയരേഖ തയ്യാറാക്കിയതും 1957-ലെ തെരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റ് പാർട്ടി അത് മാനിഫെസ്റ്റോയായി അംഗീകരിച്ചതും. തുടർന്ന് 1957-ൽ സഖാവ് ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ ആദ്യത്തെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ അതിന് തുടക്കം കുറിച്ചു. 1970-ലെ സി. അച്യുതമേനോൻ സർക്കാർ സാക്ഷാത്കരിച്ച ഭൂപരിഷ്കരണത്തിന് അടിസ്ഥാനശിലയിട്ട നാടാണിത്. ദേശീയ സ്വാതന്ത്ര്യ സമരത്തിന്റെ ഉള്ളടക്കം എല്ലാ അർത്ഥത്തിലും ഉൾക്കൊണ്ട ആധുനിക ഭാരതത്തിന്റെ ശിൽപ്പിയായ പ്രഥമ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ബ്രിട്ടീഷുകാർ തകർത്ത് തരിപ്പണമാക്കിയ ഇന്ത്യയെ പുനർനിർമ്മിക്കാനാണ് ശ്രമിച്ചിട്ടുള്ളത്. മറ്റെന്ത് മാറ്റി നിർത്തേണ്ടിവന്നാലും കാർഷികമേഖലയ്ക്ക് പ്രാധാന്യം നൽകണമെന്ന് അദ്ദേഹം പ്രത്യേകം ചൂണ്ടിക്കാണിച്ചു. പ്ലാനിംഗ് കമ്മീഷനും പഞ്ചവത്സര പദ്ധതികളുമെല്ലാം നടപ്പിലാക്കിയത് ആ കാലഘട്ടത്തിലാണ്. സാധാരണ ഇന്ത്യക്കാരെ കേന്ദ്രീകരിച്ചുള്ള വികസന മുൻഗണനകളുടെ അടിസ്ഥാനത്തിലാണ് ആ കാലഘട്ടം മുന്നോട്ടുപോയത്. സമ്മിശ്ര സമ്പദ്‌വ്യവസ്ഥ അംഗീകരിച്ച് പൊതുമേഖലയെ ശക്തിപ്പെടുത്താൻ നടപടികൾ സ്വീകരിച്ചതും ആ

കാലഘട്ടത്തിലാണ്. രാജ്യത്തിന്റെ ഉന്നമനത്തിന് അടിസ്ഥാനഘടകം കൃഷിയാണെന്ന് പറഞ്ഞ ഗാന്ധിജി, ഇന്ന് പലർക്കും ചുവരിൽ തൂക്കാനുള്ള ഒരു ചിത്രം മാത്രമായി മാറിയിരിക്കുന്നുവെന്ന വേദനാജനകമായ കാര്യം നമുക്ക് കാണാൻ കഴിയും. പണ്ഡിറ്റ് നെഹ്റുവിന്റെ നയങ്ങളിൽനിന്ന് രാജ്യം വഴുതിമാറി സഞ്ചരിച്ച ഘട്ടത്തിൽ നമുക്ക് നേരിടേണ്ടിവന്ന പ്രയാസങ്ങൾ വലുതാണ്. രാജ്യത്തിന്റെ സ്വാതന്ത്ര്യാനന്തര ചരിത്രത്തിൽ ദേശസാൽക്കരണ നടപടികളും രാജ്യം മുന്നോട്ടുകൊണ്ടുപോയ പൊതുമേഖല കെട്ടിപ്പടുക്കാനുള്ള അവസ്ഥകളുമെല്ലാമുണ്ടാക്കിയ കാലഘട്ടം അതായിരുന്നു. ഈ എഴുപത്തിയഞ്ച് വർഷത്തിനിടയിൽ അടിയന്തരാവസ്ഥ യുൾപ്പെടെ രാജ്യം വഴിപിഴച്ചുപോകുന്നതാണ് പിന്നീട് നമുക്ക് കാണാനിടയായത്. അത് വിമർശനവിധേയമായ ഭരണനേതൃത്വത്തിന് ജനങ്ങളെ ഒന്നിച്ച് നയിക്കാൻ കഴിയാത്ത അവസ്ഥയുണ്ടാക്കി. 1990-കളിൽ നടപ്പാക്കാൻ തുടങ്ങിയ പുതിയ സാമ്പത്തിക നയങ്ങൾ മുൻഗണനാക്രമത്തിൽ സമ്പന്നന്റെ താൽപ്പര്യംമാത്രം നോക്കാൻ തുടങ്ങി. കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും നില പരിതാപകരമായി മാറി. 1995 മുതൽ നാളിതുവരെ മൂന്നര ലക്ഷത്തോളം കർഷകർ ആത്മഹത്യ ചെയ്ത രാജ്യമാണ് സ്വതന്ത്രഭാരതം. വികസന മുൻഗണനകളിൽ സ്വദേശികളും വിദേശികളുമായ ആഗോള കോടീശ്വരന്മാർ സ്ഥാനം നേടിക്കഴിഞ്ഞു. വികസനത്തിന്റെ ക്ഷേത്രങ്ങളായി നെഹ്റു സ്ഥാപിച്ച ഐ.ഐ.ടി. ഉൾപ്പെടെയുള്ള ശാസ്ത്രസ്ഥാപനങ്ങളും വ്യവസായശാലകളും കാർഷിക-ജലസേചന പദ്ധതികളും ധനകാര്യ സ്ഥാപനങ്ങളുമെല്ലാം ഇന്ന് സ്വകാര്യവത്ക്കരിക്കപ്പെടുന്നു. വിമർശനങ്ങളെല്ലാമുണ്ടായിരുന്നപ്പോഴും 1947 മുതൽ 1990 വരെയുള്ള നാല് പതിറ്റാണ്ടിൽ മനുഷ്യകേന്ദ്രീകൃത വികസനത്തിലൂടെ മുന്നോട്ടുനടന്ന ഇന്ത്യ, പിന്നീട് മുന്നോട്ടുപോക്കിന്റെ വേഗത കുറയ്ക്കുകയും മൂലധനശക്തികളെ കേന്ദ്രീകരിച്ചുള്ള നടത്തം ആരംഭിക്കുകയും 2014 മുതൽ സർവ്വതലങ്ങളിലും രാജ്യം പിന്നോട്ടുനടക്കാൻ ആരംഭിക്കുകയും ചെയ്തു. വിശപ്പിന്റെ രാഷ്ട്രീയം മറന്നുപോയവരാണ് വെറുപ്പിന്റെ രാഷ്ട്രീയത്തിന് പാത തുറന്നുകൊടുത്തത്. സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പോരാട്ടത്തിൽ ഒരിറ്റ് ചോരയൊഴുക്കാൻ, ഒരിറ്റ് വിയർപ്പൊഴുക്കാൻ തയ്യാറാകാത്ത പ്രസ്ഥാനം രാജ്യത്തിന്റെ ഭരണാധികാരത്തിൽ വന്നപ്പോൾ ഈ രാജ്യത്തിന്റെ വിലയോ, സ്വാതന്ത്ര്യത്തിന്റെ വിലയോ തിരിച്ചറിയാൻ കഴിയാത്ത അവസ്ഥയിലേയ്ക്ക് എത്തിയിരിക്കുന്നു. ഫെഡറൽ സംവിധാനത്തെ മാനിക്കാത്ത കേന്ദ്രഭരണമാണ് നടക്കുന്നത്. വർഗ്ഗീയതയെ പ്രോത്സാഹിപ്പിക്കുന്ന കേന്ദ്ര നയം, പൗരാവകാശങ്ങൾ ഹനിക്കുന്ന നടപടി, ഭരണഘടനാ തത്വങ്ങൾക്കും ഭരണഘടനാ സ്ഥാപനങ്ങൾക്കും വിലകൽപ്പിക്കാത്ത അവസ്ഥ, രാജ്യത്തെയും പൊതുമുതലിനെയും വിറ്റ് കാശാക്കാനുള്ള അത്യാർത്തി ഇവയെല്ലാമാണ് കണ്ടുവരുന്നത്. പ്രകൃതിവിഭവശേഷികൊണ്ടും മനുഷ്യവിഭവ

ശേഷികൊണ്ടും അനുഗ്രഹീതമായ ഈ നാട് എഴുപത്തിയഞ്ച് വർഷങ്ങൾകൊണ്ട് പൗരന്മാരുടെ കഠിനാദ്ധ്വാനങ്ങളിലൂടെ നേടിയെടുത്ത നേട്ടങ്ങൾ നിലനിർത്താൻ നമുക്ക് കഴിയണം. വ്യത്യസ്തമായ രാഷ്ട്രീയ ചിന്താധാരകൾ തടസ്സമാകാൻ പാടില്ല. ഒന്നിച്ച് മുന്നേറേണ്ട പ്രത്യേക സാഹചര്യം നമ്മുടെ രാജ്യത്തിനുണ്ടായിരിക്കുന്നു. ഒരുവ്യക്തിയിൽ അന്തർലീനമായ സർഗ്ഗശേഷികളെ പരിപൂർണ്ണമായ വികാസത്തിലെത്തിക്കാനുള്ള അവസരങ്ങളുടെ ലഭ്യതയാണ് സ്വാതന്ത്ര്യമെന്ന് ബഹുമാന്യനായ അമർത്യ സെൻ പറയുന്നു. ഇന്ത്യയിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിലെയും സമൂഹങ്ങളിലെയും കുട്ടികൾക്ക് ഇതിനായുള്ള അവസരങ്ങൾ സൃഷ്ടിക്കുമ്പോൾ മാത്രമാണ് നമ്മുടെ സ്വാതന്ത്ര്യം അർത്ഥപൂർണ്ണമാകുന്നത്. അതായിരിക്കട്ടെ എഴുപത്തിയഞ്ചാം വാർഷികാഘോഷ വേളയിലെ നമ്മുടെ ലക്ഷ്യം എന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, രാജ്യത്തിന് സ്വാതന്ത്ര്യം ലഭിച്ചതിന്റെ എഴുപത്തിയഞ്ചാം വാർഷികം ആഘോഷിക്കുന്ന ഈ വേളയിൽ ആഹ്ലാദിക്കാനും ആവേശഭരിതരാകാനും ആലോചിക്കാനും നമുക്ക് ധാരാളം കാര്യങ്ങളുണ്ട്. അതിലേറെയുണ്ടെന്ന അങ്ങയുടെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും പ്രതിപക്ഷനേതാവിന്റെയും അഭിപ്രായത്തോട് ഞാൻ യോജിക്കുകയാണ്. എല്ലാ കക്ഷികളും സ്വാതന്ത്ര്യസമരം വളരെ അഭിമാനത്തോടുകൂടിയാണ് ഓർക്കുന്നത്. ഇന്ത്യയുടെ സ്വാതന്ത്ര്യ സമരമാണ് നിരായുധരായ ലോകത്തുള്ള മുഴുവൻ ജനതയ്ക്കും ഒരുപക്ഷേ ബ്രിട്ടീഷുകാരോട്, അന്നത്തെ സൂര്യൻ അസ്തമിക്കാത്ത സാമ്രാജ്യത്തോട് എതിർപ്പ് പറയാനുള്ള ധൈര്യം കൊടുത്തത്. പുതിയ ആയുധങ്ങളുടെ വരവോടുകൂടി ലോകം മുഴുവൻ വെട്ടിപ്പിടിക്കാമെന്നുകരുതി കടൽമാർഗ്ഗം സഞ്ചരിക്കാൻ അവർ ഒരുങ്ങിയപ്പോൾ അവരെ എതിരിട്ടത് എല്ലാ ഉപഭൂഖണ്ഡങ്ങളിലെയും രാജ്യങ്ങളിലെയും അന്നത്തെ അതിർത്തികളിൽ ജീവിച്ചിരുന്ന നിരായുധരായ ജനങ്ങളാണ്. അവർക്ക് മതവിശ്വാസമൊക്കെയുണ്ടായിരുന്നെങ്കിലും ജാതിമത അടിസ്ഥാനത്തിലുള്ള വലിയ പ്രശ്നങ്ങളൊന്നും അവർ നേരിട്ടിരുന്നില്ല. അതിന്റെ ഏറ്റവും വലിയ ഉദാഹരണം തന്നെയാണ് ഇന്ത്യയിലേയ്ക്ക് ബ്രിട്ടീഷുകാർ വന്നപ്പോൾ സാമൂതിരിയും അദ്ദേഹത്തിന്റെ പടത്തലവൻ കുഞ്ഞാലി മരയ്ക്കാരുംകൂടി അവരെ നേരിട്ട കഥ. കടലിൽ പറങ്കിപ്പടയെ നേരിടാൻവേണ്ടി ഒരു വ്യത്യാസവുമില്ലാതെ അവർ പോരാടിയത് നമ്മളൊക്കെ വളരെ ആവേശത്തോടുകൂടി ഓർക്കുന്ന അന്നത്തെ വ്യവസ്ഥിതിയാണ്. ഇന്ത്യയിൽ ബ്രിട്ടീഷുകാർ വരുന്നതുവരെ ജാതിമത അടിസ്ഥാനത്തിലുള്ള സ്പർദ്ധയുണ്ടായിരുന്നില്ല. അതൊക്കെ പിന്നീട് ഡിവൈഡ് ആൻഡ് റൂൾ പോളിസിയിലൂടെ രാജ്യത്ത് കൊണ്ടുവന്നത് വൈദേശിയരാണ്. നമ്മൾ വളരെ ആവേശത്തോടുകൂടി ഓർക്കുന്ന സ്വാതന്ത്ര്യ സമരകാലത്തുണ്ടായ

സംഭവവികാസങ്ങളൊക്കെ നമുക്ക് വലിയ അടിത്തറയാണെന്നും ആവേശം പകരുന്നതാണെന്നും ഭാവിയിലും ആ അടിസ്ഥാനത്തിൽത്തന്നെ ചിന്തിക്കേണ്ടതും പറയേണ്ടതുമുണ്ടെന്നാണ് ബഹുമാന്യരായ എല്ലാവരും ഇവിടെ പരാമർശിച്ചത്. ഇന്ത്യൻ നാഷണൽ കോൺഗ്രസ് സമാരംഭം കുറിച്ചു, അന്ന് എല്ലാവരും ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിലായിരുന്നു. ആദ്യകാല കമ്മ്യൂണിസ്റ്റ് നേതാക്കന്മാരൊക്കെ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിലായിരുന്നു, അതുപോലെയുള്ള ഒരുപാട് നേതാക്കന്മാരുണ്ട്. ഉദാഹരണമായി പറഞ്ഞാൽ, പാണക്കാട് പൂക്കോയ തങ്ങളുടെ പിതാമഹനെ ബ്രിട്ടീഷുകാർ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തതിന് ഇവിടെനിന്നും നാടുകടത്തിയെങ്കിലും അദ്ദേഹം പിന്നീട് അവിടെതന്നെ മരണപ്പെട്ടു. അദ്ദേഹത്തിന്റെ ഖബറിടം വെല്ലൂരാണുള്ളത്. അങ്ങനെ ഒരുപാട് ചരിത്രമുണ്ട്. മമ്പുറം സയ്യിദ് അലവി തങ്ങളുടെ എഴുത്തുകാരനായിരുന്ന കോന്തുനായർ, അവിടെ സ്പർദ്ധയുണ്ടായിരുന്നില്ല. സ്പർദ്ധ ബ്രിട്ടീഷുകാർ ഉണ്ടാക്കിയതാണ്, എല്ലാവരും ഐക്യത്തോടെ ജീവിച്ചിരുന്നവരാണ്. സ്പർദ്ധ, ജാതിമത വ്യത്യാസം എന്നിവയെല്ലാം ക്രമേണ വളർത്തിക്കൊണ്ടുവന്നു, ഒരു ഘട്ടമെത്തിയപ്പോൾ വലിയ പ്രശ്നങ്ങളുണ്ടാക്കി. 1921-നെക്കുറിച്ച് ഇവിടെ അങ്ങും മുഖ്യമന്ത്രിയും എല്ലാവരും പരാമർശിച്ചു, എല്ലാവർക്കും യോജിപ്പാണ്. അത്യാവശ്യ കാര്യങ്ങൾ, വിഷമങ്ങൾ, പ്രശ്നങ്ങളൊക്കെ ഉന്നയിക്കാൻ ശ്രമിക്കുമ്പോൾ അത് വർഗ്ഗീയതയെന്നുപറഞ്ഞ് ഒറ്റപ്പെടുത്തും. അത് അവരുടെ ജീവിക്കാനുള്ള പോരാട്ടമായിരുന്നു. അവശ, പിന്നോക്ക, ന്യൂനപക്ഷങ്ങൾ, ദളിത് ജനവിഭാഗങ്ങൾ എന്നിവർക്കൊക്കെ വേറെയൊരു നീതിശാസ്ത്രമുണ്ടാക്കി അത് പഠിപ്പിച്ച് പ്രചരിപ്പിച്ചെടുത്തു. അതിനെതിരെയാണ് മഹാത്മാഗാന്ധി സമരം ചെയ്തതും പിന്നീട് ഇന്ത്യൻ സ്വാതന്ത്ര്യ സമരമായി വളർന്നുവന്നതും. അതിൽ നേരത്തെ ഇവിടെ പരാമർശിച്ച എല്ലാ മഹാന്മാരായ വ്യക്തികളുമുണ്ട്. ശ്രീനാരായണ ഗുരുവിനോടൊപ്പം വക്കം അബ്ദുൽ ഖാദർ മൗലവി തോളോടുതോൾ ചേർന്നുണ്ടാക്കിയ ചിന്താധാരയായിരുന്നു. രണ്ടുപേരുടെയും അദ്വൈതവും അതുപോലെതന്നെ തൗഹീദും എന്നുപറഞ്ഞതുപോലെ അറബിയും മലയാള പദപ്രയോഗങ്ങളുമൊക്കെ ഒന്നുതന്നെയാണ്. കാരണം തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും മനുഷ്യർ ഒന്നാണ്. അവർക്ക് ജാതിയില്ല, വർഗ്ഗീയതയില്ല, വിഭാഗീയതയില്ല, മതപരമായ വിശ്വാസത്തിലും അതിന് യാതൊരു അടിസ്ഥാനവുമില്ല. എല്ലാവിധ ചൂഷണങ്ങളും വളരെ മോശമാണെന്നുള്ള തത്വങ്ങളൊക്കെ ഒന്നുതന്നെയാണ്, ബാക്കിയൊക്കെ ഉണ്ടാക്കിയെടുത്തതാണ്. നമുക്ക് ആവേശം നൽകുന്നത് ഇന്നലെകളിലെ ചരിത്രമാണ്. പക്ഷേ ആലോചിക്കാനുണ്ട്, ന്യായമായതും നീതിപൂർവ്വമായതുമായ പ്രശ്നങ്ങൾ പറഞ്ഞാൽ വർഗ്ഗീയം, വിഭാഗീയം എന്നാക്കി നേരത്തെ ബ്രിട്ടീഷുകാർ ഉപയോഗിച്ച വളരെ തന്ത്രപരമായ നിലപാട് രാജ്യത്ത് വീണ്ടും പ്രയോഗിച്ചു തുടങ്ങിയിരിക്കുന്നു.

നാട്ടുരാജ്യങ്ങളൊക്കെ വളരെ ഭിന്നതയിലായപ്പോഴാണ് ബ്രിട്ടീഷുകാർക്ക് മേൽക്കോയ്മ ലഭിച്ചത്. സാമൂതിരിയും അതുപോലെതന്നെ കുഞ്ഞാലി മരയ്ക്കാറും ഒന്നിച്ചുനിന്നു പോരാടി. പക്ഷേ ചില നാട്ടുരാജാക്കന്മാർ ചിലയിടങ്ങളിൽ ബ്രിട്ടീഷുകാർക്കും പറങ്കികൾക്കും പോർച്ചുഗീസുകാർക്കും അഭയം കൊടുത്തു. അഭയം കൊടുത്തപ്പോൾ വിഭാഗീയത വന്നുയെന്ന് പറഞ്ഞതുപോലെ ഇന്ന് രാജ്യത്ത് നാട്ടുരാജ്യങ്ങളില്ല, രാജാക്കന്മാരില്ല. പക്ഷേ രാഷ്ട്രീയ പാർട്ടികളുണ്ട്. മതേതര രാഷ്ട്രീയ പാർട്ടികളൊക്കെ ഒന്നിച്ചു നിൽക്കുകയാണെങ്കിൽ ബ്രിട്ടീഷുകാർ ഉപയോഗിച്ച അതേ തന്ത്രത്തെ തോൽപ്പിക്കാൻ കഴിയുമല്ലോ. പക്ഷേ ഇന്ന് എല്ലാം വാചകങ്ങളാണ്. ജനാധിപത്യത്തിന്റെ, മതേതരത്വത്തിന്റെ വക്താക്കളുണ്ട്, അവരൊക്കെ വിഭാഗീയതയുടെ വക്താക്കളാണ്. പുത്തൻ രാജാക്കന്മാരൊക്കെ വിഭാഗീയ ചിന്താഗതിക്കാരായതുകൊണ്ട് എന്തുസംഭവിക്കുന്നു? ബ്രിട്ടീഷുകാർ ഏറ്റവും അവസാനത്തെ മുഗൾരാജാവിനെ കീഴടക്കി ഇന്ത്യ വാണതുപോലെ ഇന്നും വാണുകൊണ്ടിരിക്കുന്നു. ഒരുപക്ഷേ ഞങ്ങളെന്നും വാഴുമെന്നുള്ള ധിക്കാരത്തിലേയ്ക്കും ധാർഷ്ട്യത്തിലേയ്ക്കും വന്നിരിക്കുന്നു. അവരുപയോഗിച്ച അതേ മർദ്ദന തന്ത്രങ്ങളൊക്കെ ഇന്നും ഉപയോഗിക്കുന്നു. അന്നത്തേതിനുപകരം പുതിയ ആയുധങ്ങൾ ഉപയോഗിക്കുന്നു. ഞാൻ പറഞ്ഞത്, വളരെ അഭിമാനകരമായ ഒരു ഇന്നലെയാണ് നമുക്കുള്ളത്. പക്ഷേ അതിലേറെ ആലോചിക്കാനുണ്ടെന്ന് എല്ലാവരും പറഞ്ഞത് ശരിയാണ്. ഇവിടെ എല്ലാ ജനവിഭാഗങ്ങളെയും ഉൾക്കൊള്ളണം, ജാതിമത വ്യത്യാസമില്ലാതെ ദളിതർ, പിന്നോക്കക്കാർ, അവശർ, ന്യൂനപക്ഷങ്ങൾ, സാമ്പത്തിക അവശത അനുഭവിക്കുന്നവർ എന്നിവരുടെ പ്രശ്നങ്ങൾ വർത്തമാനത്തിലല്ലാതെ നമുക്ക് യഥാർത്ഥ സ്വാതന്ത്ര്യം നേടാൻ ഇപ്പോഴും കഴിഞ്ഞിട്ടില്ല. അതിലേറെ ബ്രിട്ടീഷുകാർ എടുത്ത പഴകിയ ആയുധമെടുത്തുകൊണ്ട് നമ്മുടെ ഭരണഘടന പ്രദാനം ചെയ്യുന്ന മഹത്തായ സ്വാതന്ത്ര്യംകൂടി ഇല്ലാതാക്കുമോയെന്നുള്ള ഭയാശങ്കയുമുണ്ട്. അതുകൊണ്ട് എല്ലാവരും വളരെ ഗൗരവത്തിൽ ഭാവിയെക്കുറിച്ച് ആലോചിക്കേണ്ട ഒരു സന്ദർഭംകൂടിയാണിത്. അതുകൊണ്ടാണ് ആവേശം കൊള്ളുമ്പോൾ ആലോചിക്കാനുമുണ്ടെന്ന് ഞാൻ പറഞ്ഞത്. ഇന്ത്യയുടെ സ്വാതന്ത്ര്യസമരം ലോകത്തിന് മഹാത്മാഗാന്ധിയെപ്പോലെയുള്ള മഹത് വ്യക്തികളെ സമ്മാനിക്കുകയും സത്യവും നീതിയും ഉയർത്തിപ്പിടിച്ചുകൊണ്ട് നിരായുധ മാർഗ്ഗത്തിലൂടെയും കാര്യങ്ങൾ നേടാമെന്നുള്ളതിന്റെ ഏറ്റവും വലിയ ഉദാഹരണവും ഇത് തന്നെയാണ്. നമുക്ക് ആഹ്ലാദിക്കാം, ആലോചിക്കാം, അതുപോലെ ഇന്ത്യയുടെ യഥാർത്ഥ സ്വാതന്ത്ര്യ സംരക്ഷണത്തിനുവേണ്ടി നമുക്ക് വീണ്ടും പ്രതിജ്ഞയെടുക്കാം. ഞാനെന്റെ വാക്കുകൾ ഉപസംഹരിക്കുന്നു. ജയ്ഹിന്ദ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും കക്ഷിനേതാക്കളും പ്രകടിപ്പിച്ച വികാരങ്ങളോട് പൂർണ്ണമായും യോജിക്കുന്നു. സ്വാതന്ത്ര്യത്തിന്റെ എഴുപത്തിയഞ്ച് സംവത്സരങ്ങൾ അനുസ്മരിച്ചുകൊണ്ടുള്ള ഈ പ്രത്യേക സമ്മേളനം ഏറെ ശ്രദ്ധയാകർഷിക്കുന്നതാണ്. ഒരുപക്ഷേ ജനാധിപത്യ രാജ്യങ്ങളിലെ ഏറ്റവും പ്രമുഖ സ്ഥാനത്തുള്ള നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യവും സമത്വവും പരിപോഷിപ്പിക്കാനും ഉന്നതമായ ജനാധിപത്യ മൂല്യങ്ങളെ ഉയർത്തിപ്പിടിക്കാനും നമുക്കുള്ള ഓർമ്മകളെയാണ് വീണ്ടും നമ്മൾ ഈ സന്ദർഭത്തിൽ പുതുക്കുന്നത്. സ്വാതന്ത്ര്യത്തിനായി ജീവൻ ബലിയർപ്പിച്ച ധീരദേശാഭിമാനികളെ നമുക്ക് ആദരവോടെ ഓർക്കാം. ഭാരതീയൻ എന്ന നിലയിലുള്ള ഓരോ പ്രവൃത്തികളും എല്ലാവരെയും ഉൾക്കൊള്ളുന്ന, ഉന്നത പുരോഗതിയിലേയ്ക്കും പൂർണ്ണ സ്വാശ്രയത്തിലേയ്ക്കുമുള്ള ഭാരതത്തിന്റെ അമൃത് യാത്രയ്ക്ക് ശക്തി പകരുന്നതാകട്ടെയെന്ന് നമുക്ക് ആശിക്കാം. സ്വതന്ത്ര ഇന്ത്യയുടെ ആധാരശിലകളായ മതനിരപേക്ഷത, ജനാധിപത്യം, ജനങ്ങളുടെ പരമാധികാരം, സോഷ്യലിസം, ഫെഡറൽ സംവിധാനം എന്നിവ സംരക്ഷിക്കാനുള്ള പോരാട്ടമാണ് ഈ കാലഘട്ടത്തിന്റെ ആവശ്യം. സ്വതന്ത്ര ഇന്ത്യ ജനങ്ങൾക്ക് ഉറപ്പുനൽകുന്ന സ്വാതന്ത്ര്യം, നീതി, സമത്വം, സാഹോദര്യം എന്നിവ യാഥാർത്ഥ്യമാക്കാനുള്ള പോരാട്ടം തുടരേണ്ടതായിട്ടുണ്ട്. സാമ്രാജ്യത്വ ആധിപത്യത്തിന്റെ കൊള്ളരുതായ്മകൾക്കെതിരെ മുഖാമുഖം ഏറ്റുമുട്ടിയ പോരാട്ടങ്ങളുടെകൂടി ചരിത്രം സ്വാതന്ത്ര്യ സമരത്തിന് അവകാശപ്പെടാനുണ്ട്. ഇതുൾക്കൊണ്ട് മുന്നോട്ടുപോകുമ്പോൾ മാത്രമേ യഥാർത്ഥ സ്വാതന്ത്ര്യ സമരചരിത്രം രചിക്കാനാവൂ. ഈ വൈവിധ്യങ്ങളെയാകെ ഉൾക്കൊണ്ടുകൊണ്ടാണ് ഇന്ത്യയുടെ ഭരണഘടന രൂപപ്പെട്ടത്. നാനാത്വത്തിൽ ഏകത്വം എന്ന ആശയമാണ് രാജ്യത്തിന്റെ നിലനിൽപ്പിന്റെ അടിസ്ഥാനം. ഇതിന് കോട്ടം സംഭവിക്കാതെ സംരക്ഷിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. ഇന്ത്യൻ ദേശീയതയുടെ ഏറ്റവും പ്രധാന സവിശേഷത, വിവിധങ്ങളായ ഭാഷകളെയും സംസ്കാരത്തെയും ഉൾക്കൊണ്ടുകൊണ്ട് മുന്നോട്ടുപോകുന്നുവെന്നുള്ളതാണ്. ഇന്ത്യൻ സ്വാതന്ത്ര്യ പ്രസ്ഥാനം എല്ലാ മതവിശ്വാസികളും അല്ലാത്തവരും ഉൾക്കൊള്ളുന്ന ജനമുന്നേറ്റമായിരുന്നു. ആ മുന്നേറ്റത്തിന്റെ കരുത്താണ് മതനിരപേക്ഷതയുടെ അടിസ്ഥാന കാഴ്ചപ്പാടായി ഭരണഘടന വിഭാവന ചെയ്തിട്ടുള്ളത്. ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാനമൂല്യങ്ങളായ മതനിരപേക്ഷതയും ഫെഡറലിസവും സമത്വത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും ആശയങ്ങളെയും സ്വാതന്ത്ര്യസമര പോരാളികളുടെ സ്വപ്നങ്ങളോടും ചേർന്നുള്ളവയാണെന്ന് നാം തിരിച്ചറിയണം. ഈ യാഥാർത്ഥ്യത്തെ മറന്നുകൊണ്ട് സ്വീകരിക്കുന്ന ഏത് നിലപാടും രാജ്യത്തിനായി പൊരുതിയവരുടെ സ്വപ്നങ്ങളെ തല്ലിക്കെടുത്തുന്നതിന്

തുല്യമാകുമെന്നുള്ളത് ഓർക്കേണ്ടതായിട്ടുണ്ട്. വർഗ്ഗീയ സംഘർഷങ്ങളുടെയും ധ്രുവീകരണങ്ങളുടെയും ശ്രമങ്ങളെ പ്രതിരോധിക്കാനും ഇല്ലാതാക്കാനും നമുക്ക് കഴിയുന്നത് നവോത്ഥാന മൂല്യങ്ങളും സ്വാതന്ത്ര്യ പ്രസ്ഥാനങ്ങളും നമുക്ക് നൽകിയ കാഴ്ചപ്പാടിന്റെകൂടി അനന്തരഫലമാണ്. ഇത് നമുക്ക് കൂടുതൽ കരുത്തോടെ മുന്നോട്ടുകൊണ്ടുപോകേണ്ടതായിട്ടുണ്ട്. കോവിഡിനെത്തുടർന്നുള്ള പ്രതിസന്ധിയുടെ കാലത്തും ആരുടെയും അന്നം മുട്ടാതെ സഹായമെത്തിച്ച് രാജ്യത്തിന് മാതൃകയാകാൻ കേരളത്തിന് സാധിച്ചു. നമ്മൾ ഒന്നിച്ചാണ് കോവിഡ് എന്ന മഹാമാരിക്കെതിരെ പ്രതിരോധം തീർത്തത്. കേരളത്തിലെ ജനങ്ങൾ ഒറ്റക്കെട്ടായി പ്രതിരോധ പ്രവർത്തനങ്ങളിൽ സർക്കാരിനൊപ്പം പങ്കാളികളായി. ലോക്ഡൗൺ കാലത്ത് ആരും പട്ടിണി കിടക്കരുതെന്നായിരുന്നു സർക്കാരിന്റെ നയം. ആരുടെയും അന്നം മുട്ടാതെ സഹായമെത്തിച്ച് രാജ്യത്തിന് തന്നെ നാം മാതൃകയായി എന്നുള്ളത് ഈ സന്ദർഭത്തിൽ പ്രത്യേകം ഓർക്കേണ്ടതാണ്. രാജ്യത്തിന് തന്നെ മാതൃകയാകുന്ന ബദലായി കേരളം മുന്നോട്ടുവയ്ക്കുന്നത് ആരോഗ്യ വിദ്യാഭ്യാസ മേഖലയിലെ നേട്ടങ്ങൾ തന്നെയാണ്. ഈ ഘട്ടത്തിലെല്ലാം നമ്മൾ ഇത് വിസ്മരിക്കാൻ പാടില്ലാത്തതാണ്. അതോടൊപ്പം ഇന്ന് കാണുന്ന ഒരു പ്രധാന പ്രശ്നം, മുമ്പെങ്ങുമില്ലാത്തവിധം രാജ്യത്ത് വർഗ്ഗീയ വേർതിരിവുകൾ വർദ്ധിച്ചുവരുന്നുവെന്നതാണ്. ഈ പ്രവണതയ്ക്ക് മാറ്റം വരണം. 'ആസാദി കാ അമൃത് മഹോത്സവ് എന്ന പേരിൽ നമ്മൾ സ്വാതന്ത്ര്യത്തിന്റെ എഴുപത്തിയഞ്ചാം വർഷം ആഘോഷിക്കുമ്പോൾ ഈ വെല്ലുവിളിയെയാണ് നമ്മൾ അതിജീവിക്കേണ്ടത്. ജാതിമത ചിന്തകൾക്കതീതമായി എല്ലാവരും ഒരുമിച്ചുനിന്ന് പുതിയൊരു ഭാരതം കെട്ടിപ്പടുക്കാൻ കഴിയണം. സ്വാതന്ത്ര്യത്തിനായി പോരാടി വീരമൃത്യു വരിച്ചവർക്ക് നൽകാൻ കഴിയുന്ന ഏറ്റവും വലിയ ആദരവും അതുതന്നെയാകും. മഹാത്മാഗാന്ധിയെ നമ്മൾ ഇവിടെ അനുസ്മരിച്ചു. ഒരുപക്ഷേ ചരിത്രത്തിന്റെ ഏറ്റവും വലിയ ഭാഗമായി നമ്മൾ കാണുന്നത് അദ്ദേഹത്തിന്റെ പോരാട്ടവീര്യങ്ങളിൽ എടുത്ത സമീപനമായിരുന്നു. അഹിംസ സിദ്ധാന്തത്തിൽ ഊന്നിയാണ് ഗാന്ധിജി ഇന്ത്യയെ നയിച്ചത്. അതുതന്നെയാണ് നമ്മൾ എടുത്തുകാണേണ്ടതായിട്ടുള്ളതും. ബ്രിട്ടീഷ് ആധിപത്യത്തിനെതിരെ നടത്തിയ പോരാട്ടം.

വെള്ളക്കാരുടെ കൊള്ളക്കാരുടെ

ഖജാൻജിമാരുടെ ദിവാൻജിമാരുടെ

കീച കിരാത ദുരധികാര ദുർമോഹ

കെടുതിക്കെതിരെ അടിവെട്ടടി തട്ടും

മുട്ടും കൊണ്ട മൂരാച്ചിഭരണം മുടിയണം

എന്ന് മുദ്രാവാക്യം വിളിച്ച ഘോര കഠോര മൃഗീയ മർദ്ദനങ്ങളുടെയും ത്യാഗോജ്ജ്വലമായ ആത്മത്യാഗങ്ങളുടെയും മധ്യത്തിൽ നമ്മുടെയൊക്കെ പൂർവ്വികർ നേടിയെടുത്ത പാവനപവിത്രമായ ഭാരതത്തിന്റെ ജനാധിപത്യവും സ്വാതന്ത്ര്യവും നിലനിർത്താനും അതിനുവേണ്ടി പോരാടാനുമുള്ള ഏറ്റവും ശക്തമായ, തീക്ഷ്ണമായ നിലപാടാണ് നമുക്കാവശ്യം. രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും തകർക്കുന്ന ശക്തികൾക്കെതിരെ ഉജ്ജ്വലമായി പോരാടാനുള്ള കരുത്താർജ്ജിക്കേണ്ടതായിട്ടുണ്ട്. മുഴുവൻ ഇന്ത്യക്കാരും ഐക്യവും പരസ്പരവിശ്വാസവും ഊട്ടിയുറപ്പിച്ചുകൊണ്ടുവേണം മുന്നേറേണ്ടത്. ഭരണഘടനാമൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടും ഭരണഘടനാ സ്ഥാപനങ്ങളെ സംരക്ഷിച്ചുകൊണ്ടും സാമ്രാജ്യത്വ നീക്കങ്ങളെ ചെറുത്തുകൊണ്ടും പൗരാവകാശങ്ങളെയും ജനാധിപത്യ അവകാശങ്ങളെയും സംരക്ഷിച്ചുകൊണ്ടും സാമൂഹ്യനീതി ഉറപ്പാക്കിക്കൊണ്ടും നമുക്ക് ഒറ്റക്കെട്ടായി മുന്നോട്ടുപോകാം. പുതിയൊരു ഇന്ത്യ കെട്ടിപ്പടുക്കാനുള്ള പരിശ്രമത്തിൽ നമുക്കൊന്നായി കൈകോർക്കാം. മനുഷ്യരെല്ലാം ഒന്നുപോലെ വസിച്ച മാവേലി നാടിന്റെ ക്ഷേമവും ഐശ്വര്യവും നമുക്ക് വീണ്ടെടുക്കാൻ കഴിയട്ടെ എന്ന് ആശംസിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ വജ്രജൂബിലി ആഘോഷിക്കുന്ന ഈ കാലഘട്ടത്തിൽ കേരള നിയമസഭ ഒരു ശ്രദ്ധേയമായ സമ്മേളനം ക്രമീകരിച്ചുവെന്നുള്ളത് ഏറ്റവും അഭിമാനകരമാണ്. 75 വർഷങ്ങൾക്കുമുമ്പ് അടിമത്വത്തിന്റെ ചങ്ങല പൊട്ടിച്ചെറിഞ്ഞുകൊണ്ട് ജനാധിപത്യത്തെ മുറുകെപ്പിടിക്കുന്ന ഒരു രാജ്യം അത്ഭുതങ്ങളിലേയ്ക്ക്, വികസനത്തിന്റെ മുന്നേറ്റത്തിലേയ്ക്ക്, ജനതയുടെ പുരോഗതിയിലേയ്ക്ക് നയിക്കുന്ന അഭിമാനകരമായ നേട്ടങ്ങൾ കൈവരിച്ചു. ഇന്ത്യയുടെ ചരിത്രമാണ് ഈ 75 വർഷത്തിനുള്ളിൽ നമുക്ക് വിലയിരുത്താൻ കഴിയുന്നത്. ബഹുമാന്യരായ സ്പീക്കറും മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും കക്ഷിനേതാക്കളുമെല്ലാം പ്രകടിപ്പിച്ച വികാരങ്ങളോട് പൂർണ്ണമായും യോജിക്കുന്നു. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായി നിലനിൽക്കുന്ന ഭാരതം, ലോക ജനസംഖ്യയിൽ ആറിലൊന്നിലധികംപേർ അധിവസിക്കുന്ന രാജ്യം, 75 വർഷംകൊണ്ട് അടിസ്ഥാന സൗകര്യങ്ങളിലും ശാസ്ത്ര സാങ്കേതിക രംഗത്തും വികസന രംഗത്തുമെല്ലാം വലിയ നേട്ടങ്ങളിലേയ്ക്കാണ് കടന്നുവന്നിട്ടുള്ളത്. ഈ നേട്ടങ്ങളെല്ലാം കൈവരിക്കുമ്പോഴും ദാരിദ്ര്യനിർമ്മാർജ്ജനത്തിലും ആരോഗ്യ പരിപാലനത്തിലും മറ്റ് വികസന കാര്യങ്ങളിലും ഇനിയും നമുക്ക് മുന്നോട്ടുപോകേണ്ടതായിട്ടുണ്ട്. ഒന്നാം സ്വാതന്ത്ര്യദിന സന്ദേശത്തിൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പറഞ്ഞ വാക്കുകൾ നാം ഓർക്കണം. "എന്തിനായിരിക്കണം നമ്മുടെ പരിശ്രമം? കർഷകർക്കും തൊഴിലാളികൾക്കും മറ്റ് സാധാരണ

ജനവിഭാഗങ്ങൾക്കും സ്വാതന്ത്ര്യവും അവസരവും എത്തിച്ചുകൊടുക്കാൻ വേണ്ടി ആയിരിക്കണം നമ്മുടെ പോരാട്ടം." - എന്നുതുടങ്ങുന്ന അദ്ദേഹത്തിന്റെ പരാമർശങ്ങൾ ഇന്നും അർത്ഥപൂർണ്ണമായി നിൽക്കുകയാണ്. ഭക്ഷണത്തിനുപോലും വിഷമിക്കുന്ന പാവപ്പെട്ട മനുഷ്യന്റെ ജീവിതപ്രശ്നങ്ങൾ ഇന്നും പച്ചയായി നിൽക്കുന്നു. അത്തരം കാര്യങ്ങൾക്ക് മുൻഗണന നൽകാൻ കഴിയുന്ന പുതിയ സമീപനത്തിലേയ്ക്ക് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾക്കും നമ്മുടെ രാജ്യത്തിനും കടന്നുവരേണ്ടതായിട്ടുണ്ട്. അക്കാര്യങ്ങളിൽ എടുക്കുന്ന പരിശ്രമങ്ങളോട് പൂർണ്ണമായും രാഷ്ട്രീയത്തിനതീതമായി എല്ലാവരും സഹകരിക്കേണ്ടതുമുണ്ട്. ഒന്നിച്ചുനിൽക്കുന്നതിനുള്ള വലിയൊരു പ്രതിജ്ഞയെടുക്കുന്ന സന്ദർഭമായി ഇത് മാറട്ടെയെന്നാണ് സൂചിപ്പിക്കാനുള്ളത്.

ഭക്ഷ്യ സ്വയംപര്യാപ്തതയിലേയ്ക്ക് നമ്മുടെ നാടിന് വളരാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ഇന്നും നമ്മുടെ രാജ്യത്തെ കർഷകന്റെ അവസ്ഥയെന്താണെന്ന് ഈ 75-ാം സ്വാതന്ത്ര്യദിനത്തിൽ ചിന്തിക്കുന്നതിന് നാം കടപ്പെട്ടവരാണ്. കാർഷികമേഖല തകർച്ചയിലേയ്ക്ക് പോകുന്ന അവസ്ഥയിലും രാജ്യത്തെ അന്നം നൽകി സംരക്ഷിക്കുന്ന കർഷകജനത പരിപൂർണ്ണമായും പല രംഗങ്ങളിലും തഴയപ്പെടുകയും വേദനിപ്പിക്കപ്പെടുകയും ചെയ്യുന്ന ഘട്ടത്തിലും 'കർഷകരുടെ രക്ഷ' എന്നുള്ളത് ഈ വജ്രജൂബിലിയുടെ ഘട്ടത്തിൽ നാം എടുക്കേണ്ട പ്രധാനപ്പെട്ട പ്രതിജ്ഞകളിലൊന്നാണ്. അതുപോലെതന്നെ നമ്മുടെ രാജ്യം ഉയർത്തിപ്പിടിക്കുന്ന ഫെഡറൽ സംവിധാനം - കേന്ദ്ര സംസ്ഥാന ബന്ധങ്ങൾക്ക് ഏറ്റവും സുപ്രധാനമായി കരുതുന്ന ഫെഡറൽ സംവിധാനമാണ് സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ നിലനിൽക്കുന്നത്. ഇവിടെയും സുശക്തമായ കേന്ദ്രവും സംതൃപ്തമായ സംസ്ഥാനങ്ങളുമെന്നത് സ്വാതന്ത്ര്യം ലഭിച്ച കാലഘട്ടം മുതൽ നമ്മുടെ രാജ്യം ഉയർത്തുന്ന നിലപാടാണ്. എന്നാൽ ഇക്കാര്യത്തിൽ സംസ്ഥാനങ്ങളുടെ പരാതികൾ ഇന്നും ഉയർന്നുവരുന്നുവെന്നുള്ളതും മറ്റൊരു യാഥാർത്ഥ്യമാണ്. കേന്ദ്ര-സംസ്ഥാന ബന്ധങ്ങളിൽ പൊളിച്ചെഴുത്ത് നടത്തുക എന്നുള്ള ഏറ്റവും സുപ്രധാനമായ ആവശ്യം ഇന്ന് രാജ്യം ചർച്ച ചെയ്യേണ്ട വിഷയമാണ്. അത്തരം കാര്യങ്ങളിലേയ്ക്ക് പുതിയ ചിന്തകൾ കടന്നുവരുന്നതിന് ഈ വജ്രജൂബിലിയുടെ കാലഘട്ടം സഹായിക്കേണ്ടതായിട്ടുണ്ട്. അതുപോലെതന്നെ നമ്മുടെ രാജ്യത്തിന്റെ അടിസ്ഥാന നിലപാട് എല്ലാ നേതാക്കളും പങ്കുവയ്ക്കുകയുണ്ടായി. മതേതരത്വത്തിൽ അധിഷ്ഠിതമായ ഭാരതത്തിന്റെ നിലനിൽപ്പ് എന്നുള്ളത് ഇനിയും കാത്തുസൂക്ഷിക്കപ്പെടേണ്ട കാര്യമാണ്. അത് തകർക്കാൻ ശ്രമിക്കുന്ന ശക്തികൾ ഏത് രാഷ്ട്രീയ പ്രസ്ഥാനങ്ങളായാലും വിവിധ വർഗ്ഗീയ ശക്തികളായാലും അതിനെ നേരിടാൻ കഴിയുന്ന വിധത്തിലുള്ള ഉറച്ച നിലപാടിലേയ്ക്ക്, ഇന്ത്യയ്ക്ക് മാതൃകയാകാൻ കഴിയുന്ന വിധത്തിൽ കേരളത്തിന് എന്നും മുന്നോട്ടുപോകാൻ കഴിയേണ്ടതുണ്ട്. കേരള നിയമസഭ ഈ വജ്രജൂബിലിയുടെ ഘട്ടത്തിൽ

മതേതരത്വത്തിന്റെ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട്, ഭരണഘടനയുടെ അടിസ്ഥാന നിലപാടുകളെ ഉയർത്തിപിടിച്ചുകൊണ്ടുപോകാൻ ഇന്ത്യയ്ക്ക് മാതൃക കാണിക്കുന്ന സംസ്ഥാനമായി മുന്നോട്ടുപോകുന്നതിന് സ്വാതന്ത്ര്യ ഓർമ്മ പുതുക്കൽ നമുക്ക് കരുത്തുപകരട്ടെയെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. മഹാത്മജിയുടെ നേതൃത്വത്തിൽ സ്വാതന്ത്ര്യം ആഘോഷിച്ചപ്പോൾ മഹാത്മജി അഹിംസയുടെ സന്ദേശം ഉയർത്തിക്കൊണ്ട് നടത്തിയ പ്രതിജ്ഞയിലും ആദ്യത്തെ സ്വാതന്ത്ര്യദിന സന്ദേശത്തിലും പറഞ്ഞത്, മതമൈത്രിയിലൂടെയും മതേതരത്വം സംരക്ഷിച്ചുകൊണ്ടും മാത്രമേ ഇന്ത്യയ്ക്ക് നിലനിൽപ്പുള്ളൂവെന്നാണ്. അത് ഏറ്റവും കൂടുതൽ കേൾക്കാൻ കഴിയുന്നതും ഏറ്റവും കൂടുതൽ സംരക്ഷിക്കാൻ കഴിയുന്നതും കേരളത്തിനാണെന്നതിൽ സംശയമില്ല. ആ മഹത്വം ഉയർത്തിപ്പിടിച്ചുകൊണ്ട് നമ്മുടെ സംസ്ഥാനത്തിന്, രാജ്യത്തിന് അഭിമാനം പകരുന്ന മുന്നേറ്റത്തിന് അടുത്ത കാലഘട്ടത്തിനുവേണ്ടി ഒരുങ്ങാൻ ഈ സ്വാതന്ത്ര്യത്തിന്റെ വജ്രജൂബിലി ഓർമ്മപുതുക്കൽ ചൈതന്യമായി തീരട്ടെയെന്ന് ആശംസിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികാഘോഷങ്ങളുമായി ബന്ധപ്പെട്ട് ഇത്തരമൊരു പ്രത്യേക സമ്മേളനം ചേരാൻ നേതൃത്വം നൽകിയതിൽ അങ്ങയെ ഞങ്ങൾ അഭിനന്ദിക്കുകയാണ്. കേവലമൊരു ചടങ്ങെന്ന നിലയിലല്ല നമ്മൾ ഈ സമ്മേളനം ചേരുന്നത്. ഇവിടെ നേരത്തെ സംസാരിച്ച ബഹുമാനപ്പെട്ട സ്പീക്കറും ബഹുമാന്യരായ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവടക്കമുള്ള കക്ഷിനേതാക്കളും സ്വാതന്ത്ര്യ സമ്പാദനത്തിനുവേണ്ടി നേതാക്കൾ അർപ്പിച്ച സംഭാവനകളെയും ആ കാലഘട്ടത്തിലെ അവരുടെ സ്വപ്നങ്ങളെയുംകുറിച്ചൊക്കെ ഇവിടെ പങ്കുവച്ചു. അവരുടെ സ്വപ്നസാക്ഷാത്കാരത്തിലേയ്ക്കുള്ള പ്രയാണത്തിൽ നാം മുന്നോട്ടാണോ പിറകോട്ടാണോ, അതോ അവിടെത്തന്നെ നിൽക്കുകയാണോ എന്നുള്ള പരിശോധന ഈ പ്രത്യേക സമ്മേളനത്തിൽ നടക്കുന്നു എന്നതാണ് പ്രസക്തം.

1947 ആഗസ്റ്റ് മാസം 15-ാം തീയതിയിലെ ദി ഹിന്ദു പത്രം എന്റെ കൈവശമുണ്ട്. മലയാള മനോരമയും മാതൃഭൂമിയുമടക്കമുള്ള നമ്മുടെ നാട്ടിലെ പത്രങ്ങൾ ആ കാലഘട്ടത്തിൽ സ്വാതന്ത്ര്യസമരത്തെ പിന്തുണച്ചവയാണ്. മലയാള മനോരമയ്ക്ക് ആഗസ്റ്റ് മാസം 15-ാം തീയതി പത്രം പ്രസിദ്ധീകരിക്കാൻ കഴിഞ്ഞില്ല. കാരണം, ഭരണകൂടം ആ പത്രസ്ഥാപനം പൂട്ടി മുദ്രവച്ചിരിക്കുകയായിരുന്നു. അതുകൊണ്ടാണ് ഞാനൊരു ഇംഗ്ലീഷ് പത്രത്തിലുള്ളത് വായിക്കുന്നത്. ആഗസ്റ്റ് മാസം 14-ാം തീയതി അർദ്ധരാത്രിയിൽ കൂടിയ കോൺസ്റ്റിറ്റുവന്റ് അസംബ്ലിയിൽ ഡോ. രാജേന്ദ്ര പ്രസാദിന്റെ പ്രസക്തമായൊരു പ്രസംഗമുണ്ട്. മഹാത്മാഗാന്ധിക്ക് ആദരവ് അർപ്പിച്ചുകൊണ്ട് അദ്ദേഹം പ്രസംഗിക്കുകയാണ്. “ Let us also pay our

tribute of love and reverence to Mahatma Gandhi who has been our beacon light, our guide and philosopher during the last thirty years or more." അതിന് മുമ്പുള്ള സ്വാതന്ത്ര്യ സമരകാലഘട്ടത്തിലേയ്ക്ക് സമയക്കുറവുമൂലം ഞാനിപ്പോൾ കടക്കുന്നില്ല. മുപ്പത് വർഷത്തിലധികം ഒരു ദീപസ്തംഭമായി ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തെ നയിച്ചത് മഹാത്മാഗാന്ധിയാണ്. ഡോ. രാജേന്ദ്ര പ്രസാദിന്റെ അടുത്ത വാചകം ഇന്നത്തെ കാലഘട്ടത്തിൽ വളരെ പ്രസക്തമാണ്. Dr. Rajendra Prasad assures the minorities in India will receive fair and just treatment. " ...they will enjoy all the rights and privileges of citizenship, and will be expected in their turn to render loyalty to the country in which they live and to its Constitution." ആ യോഗത്തിൽ പ്രസംഗിച്ച ജവഹർലാൽ നെഹ്റു നമ്മുടെ സാമ്പത്തിക അടിമത്തത്തെക്കുറിച്ച് സൂചിപ്പിച്ചു. നമ്മുടെ നാട്ടിൽ അങ്ങേയറ്റത്ത് നിൽക്കുന്ന, അതായത്, ബുദ്ധിമുട്ടനുഭവിക്കുന്ന സാധാരണക്കാരന്റെ കണ്ണീരൊപ്പിയാൽ മാത്രമേ സ്വാതന്ത്ര്യം യാഥാർത്ഥ്യമാകൂവെന്ന് അദ്ദേഹം സൂചിപ്പിച്ചു. അദ്ദേഹത്തിന്റെ വാക്കുകൾ ഞാൻ ക്വാട്ട് ചെയ്യുകയാണ്. " The service of India means the service of the millions who suffer. The ambition of the greatest man of our generation..." മറ്റാരുമല്ല, മഹാത്മാഗാന്ധിയാണ്. " The ambition of the greatest man of our generation has been to wipe "every tear from every eye" . That may be beyond us, but so long as there are tears and suffering, so long our work will not be over." ഈ വലിയ സ്വപ്നമാണ് ആഗസ്റ്റ് മാസം 14-ാം തീയതി അർദ്ധരാത്രിയിൽ നമ്മുടെ ദേശീയ നേതാക്കൾ, മഹാത്മാഗാന്ധി അവിടെ ഇല്ലായിരുന്നു എന്നുള്ളത് എല്ലാവർക്കുമറിയാം, നമ്മുടെ മുമ്പിൽ അവതരിപ്പിച്ചത്. ആ സ്വപ്നസാക്ഷാത്കാരത്തിൽ നാം എവിടെ നിൽക്കുന്നു എന്നുള്ളതാണ് ഈ സമ്മേളനത്തിൽ നമ്മൾ വിലയിരുത്തുന്നത്.

സ്വാതന്ത്ര്യ സമ്പാദനത്തിനുശേഷവും ഇന്ത്യ ലോകത്തിന് നൽകിയ ഏറ്റവും വലിയ സംഭാവന ധാർമ്മികതയുടെ ഏറ്റവും ഉന്നതമായ മൂല്യങ്ങൾ ലോകത്തിന് സമർപ്പിച്ച രാഷ്ട്രം എന്നതാണ്. ഒരു സാമ്രാജ്യത്വ ശക്തിയോട് അഹിംസയെന്ന ആയുധമുപയോഗിച്ച് സ്വാതന്ത്ര്യം നേടാൻ കഴിഞ്ഞുവെന്ന വലിയൊരു ധാർമ്മിക ചിന്ത ലോകത്തിന് മുമ്പിൽ അവതരിപ്പിക്കാൻ നമുക്ക് കഴിഞ്ഞു. ജനാധിപത്യം മറ്റ് രാജ്യങ്ങളിലും ആ കാലഘട്ടത്തിൽ പരീക്ഷിച്ചിരുന്നു. പക്ഷേ, ഇന്ത്യൻ ജനാധിപത്യം ഒരു പ്രത്യേകതയുള്ളത് തന്നെയാണ്. കൊളോണിയൽ ആധിപത്യത്തിൽനിന്ന് സ്വാതന്ത്ര്യം സമ്പാദിച്ച പല രാഷ്ട്രങ്ങളും, നമ്മോടൊപ്പംതന്നെ സ്വാതന്ത്ര്യം നേടിയ നമ്മുടെ അയൽരാജ്യമായ പാക്കിസ്ഥാനടക്കം പല രാഷ്ട്രങ്ങളും ഛിന്നഭിന്നമായി. എന്നാൽ ഈ കാലഘട്ടത്തിൽ വളരെ ഉന്നതമായ, ഉദാത്തമായൊരു

ഭരണഘടനയെ അടിസ്ഥാനപ്പെടുത്തി നമ്മുടെ ജനാധിപത്യം സംരക്ഷിച്ചുപോകാൻ കഴിഞ്ഞു. ആ ജനാധിപത്യവും ഇന്ന് ചില ഭീഷണികൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. ബഹുസ്വരത, മതേതരത്വം, ബഹുസ്വര സംസ്കാരം, ബഹുഭാഷാ സമൃദ്ധി, ബഹുവർഗ്ഗ വൈവിദ്ധ്യം എന്നിവയൊക്കെ നമ്മുടെ പ്രത്യേകതകളാണ്. നമ്മൾ ഊട്ടിവളർത്തേണ്ട വിശിഷ്ടമായ പ്രത്യേകതകളാണ്. അതോടൊപ്പംതന്നെ പ്രധാനപ്പെട്ടൊരു വിഷയമാണ്, ബ്രിട്ടീഷുകാരാൽ ഭരിക്കപ്പെടാത്ത ഇന്ത്യ എന്നതിൽ സ്വാതന്ത്ര്യ സമ്പാദനത്തിന്റെ ലക്ഷ്യം അവസാനിക്കുന്നില്ല. നമ്മൾ സാമ്പത്തികമായി സ്വാതന്ത്ര്യം നേടേണ്ടിയിരിക്കുന്നു. സാമ്പത്തികമായ അടിമത്തം ആത്യന്തികമായി രാഷ്ട്രീയമായ അടിമത്തം വിളിച്ചുവരുത്തുമെന്നതിന്റെ ദൃഷ്ടാന്തം തന്നെയാണ് ഇന്ത്യ. ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ വ്യാപാര ബന്ധങ്ങളോടെ തുടങ്ങിയ ബന്ധങ്ങളിലൂടെയാണ് നാട്ടുരാജ്യങ്ങൾ ബ്രിട്ടീഷുകാരുടെ അധീനതയിലായത്. ഈ കാലഘട്ടത്തിൽ ഉൽപ്പാദന ഉപകരണങ്ങൾ ഒന്നൊന്നായി സാമൂഹിക ഉടമസ്ഥതയിൽനിന്ന് മൂലധനശക്തികൾ സ്വകാര്യമായി കയ്യടക്കിക്കൊണ്ടിരിക്കുകയാണ്. സാമ്പത്തിക പാരതന്ത്ര്യം രാഷ്ട്രീയ അടിമത്തം ക്ഷണിച്ചുവരുത്തുമെന്ന് ഞാനിവിടെ സൂചിപ്പിച്ചു. സ്വദേശികളും വിദേശികളുമായ കുത്തകകൾ നമ്മുടെ രാഷ്ട്രീയ പരമാധികാരത്തെ കവർന്നെടുക്കാതിരിക്കാനുള്ള ജാഗ്രത നമുക്ക് ഉണ്ടായിരിക്കേണ്ടത് അത്യാവശ്യമാണ്. അതോടൊപ്പംതന്നെ, സാമ്രാജ്യത്വ രാഷ്ട്രങ്ങളുടെ അജണ്ട നടപ്പാക്കാനുള്ള വേദിയായി നമ്മുടെ സ്വതന്ത്ര ഇന്ത്യ മാറരുത് എന്നൊരു ജാഗ്രതകൂടി ഈ കാലഘട്ടത്തിൽ നാം ഉയർത്തേണ്ടതായിട്ടുണ്ട്. നമ്മുടെ ജനാധിപത്യവും ഇടയ്ക്ക് ഭീഷണികൾ നേരിട്ടിട്ടുണ്ട്. അടിയന്തരാവസ്ഥ കാലഘട്ടത്തെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. ആ കാലഘട്ടത്തിൽ സത്യത്തിൽ ഇന്ത്യയിൽ നടന്നത് ഒരു രണ്ടാം സ്വാതന്ത്ര്യ സമരമായിരുന്നു. അതിന് നേതൃത്വം നൽകിയത് ജയപ്രകാശ് നാരായണനായിരുന്നു. ജയപ്രകാശ് നാരായണനും ഡോ. റാം മനോഹർ ലോഹ്യയും അച്യുത് പട്വർദ്ധനും ആചാര്യ കൃപലാനിയുമൊക്കെ പുതിയ ആശയങ്ങൾ നവഭാരത ദർശനത്തിനുവേണ്ടി സമർപ്പിച്ചവരാണെന്നുള്ളത് നാം ഈ കാലഘട്ടത്തിൽ വിസ്മരിക്കരുത്.

മതത്തിന്റെയോ ഭാഷയുടെയോ സംസ്കാരത്തിന്റെയോ പേരിൽ നമ്മുടെ രാജ്യം മുറിക്കപ്പെടരുതെന്ന് തീരുമാനിക്കാനുള്ള, പ്രഖ്യാപിക്കാനുള്ള ഒരു അവസരമായി ഈ ജൂബിലി ആഘോഷങ്ങൾ മാറണം. 'മുറിയരുത്, മുറിക്കരുത് എന്റെ ഇന്ത്യയെ' എന്ന് എല്ലാ ഭാരതീയരും ഒറ്റക്കെട്ടായി പറയുന്ന ഒരു അവസ്ഥാവിശേഷം ഈ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി രൂപപ്പെടുത്തിയെടുക്കാൻ കഴിയുമെങ്കിൽ ഈ ജൂബിലി ആഘോഷം സാർത്ഥകമാകും.

എല്ലാവർക്കും 75-ാം സ്വാതന്ത്ര്യ ദിനാഘോഷത്തിന്റെ ആശംസകൾ നേരുന്നു. നന്ദി. നമസ്കാരം.

ശ്രീ. അനൂപ് ജേക്കബ്: സർ, ഓരോ സ്വാതന്ത്ര്യദിനാഘോഷവും രാജ്യം സ്വതന്ത്രമായതിന്റെ ഓർമ്മ പുതുക്കൽ മാത്രമല്ല, ഒരു ജനതയുടെ പോരാട്ടങ്ങളുടെയും ആയിരക്കണക്കിനാളുകൾ രക്തസാക്ഷികളായതിന്റെയും ഓർമ്മപുതുക്കൽ കൂടിയാണ്. ഇന്നുവരെ മറ്റ് ലോകരാജ്യങ്ങളിൽനിന്ന് നമ്മുടെ ഇന്ത്യൻ സ്വാതന്ത്ര്യ സമരം വ്യത്യസ്തമാകുന്നത് അങ്ങിവിടെ പ്രതിപാദിച്ചതുപോലെ അഹിംസയിലൂന്നിയ ഗാന്ധിയൻ സമരരീതികൾ തന്നെയായിരുന്നു. മറ്റ് അനവധി ലോകരാഷ്ട്രങ്ങൾക്ക് സ്വാതന്ത്ര്യത്തിലേയ്ക്കുള്ള ചവിട്ടുപടിയായിരുന്നു ഇന്ത്യൻ സ്വാതന്ത്ര്യ സമരമെന്ന് ചരിത്രം നമ്മെ ഓർമ്മപ്പെടുത്തുകയാണ്. നമ്മുടെ രാജ്യം സ്വാതന്ത്ര്യം നേടുന്ന സന്ദർഭത്തിലുണ്ടായിരുന്ന പ്രതിസന്ധികളെ തരണം ചെയ്യാൻ കഴിഞ്ഞത് സ്വാതന്ത്ര്യ സമരത്തിന്റെ സഹനകഥകളും ആ സമരം നയിച്ച നേതാക്കൾ പകർന്നുതന്ന ഇച്ഛാശക്തിയുമായിരുന്നു. നമ്മോളോടൊപ്പവും അതിനുമുമ്പും അതിനുശേഷവും സ്വാതന്ത്ര്യം നേടിയ പല രാജ്യങ്ങളും സ്വേച്ഛാധിപത്യത്തിലേയ്ക്കും ഏകാധിപത്യത്തിലേയ്ക്കും പട്ടാള അട്ടിമറികളിലേയ്ക്കുമൊക്കെ മാറിയപ്പോഴും ജനാധിപത്യത്തിന്റെ ഉയർന്ന മൂല്യങ്ങളെ ചേർത്തുപിടിച്ച് 75 വർഷങ്ങൾ നമ്മൾ പിന്നിടുകയാണ്. അതിന്റെ അടിസ്ഥാനം നമ്മുടെ മതേതരത്വ മൂല്യങ്ങളാണ്. എന്നാൽ ഭരണഘടന നമുക്ക് നൽകുന്ന ജനാധിപത്യവും മതേതരത്വവുമായ ആ മൂല്യങ്ങൾ ഇന്ന് വലിയ വെല്ലുവിളികൾ നേരിടുകയാണ്. അതിവിടെ സംസാരിച്ച എല്ലാവരുടെയും വാക്കുകളിൽ പ്രതിഫലിച്ചു. നമ്മൾ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളിലൊന്ന് അതുതന്നെയാണ്. നമ്മുടെ മതേതരത്വവും ജനാധിപത്യവും ഇന്ന് ചോദ്യം ചെയ്യപ്പെടുന്നു. ശാസ്ത്ര-സാങ്കേതികം, ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിലൊക്കെ മാറ്റങ്ങൾ കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഭക്ഷ്യ സ്വയംപര്യാപ്തതയിലേയ്ക്ക് നീങ്ങാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനങ്ങളിൽ വലിയ മാറ്റങ്ങൾ നമുക്ക് സൃഷ്ടിക്കാൻ കഴിഞ്ഞു. അതോടൊപ്പംതന്നെ ഈ കാലഘട്ടത്തിൽ നമ്മൾ അഭിമുഖീകരിക്കുന്ന പ്രധാനപ്പെട്ട വെല്ലുവിളികളായി ഇത് നമ്മുടെ മുന്നിൽ നിൽക്കുന്നു. അതോടൊപ്പംതന്നെ, നമുക്ക് നഷ്ടപ്പെട്ടുപോകുന്ന യുവജന സമ്പത്തിനെക്കുറിച്ചും ബോദ്ധ്യമുണ്ടാകണം. ജേർണലുകളിൽ 'ബ്രെയിൻ ഡ്രെയിൻ' എന്ന് വിശേഷിപ്പിക്കുമ്പോൾ നമ്മുടെ യുവജന സമ്പത്ത് അവസരങ്ങൾതേടി ഇന്ന് കടൽ കടന്നുപോകുന്നു. ഏത് രാജ്യത്തിന്റെയും പ്രധാനപ്പെട്ട ഘടകമെന്നത് അവിടെയുള്ള young population ആണ്, young generation ആണ്. അവരിന്ന് അവസരങ്ങൾ തേടി കടൽ കടന്ന് പോകുകയാണ്. ഇന്നത്തെ സർക്കാരുകളുടെ

ഏറ്റവും വലിയ ഉത്തരവാദിത്വം, യുവജനങ്ങൾക്ക് അവസരങ്ങൾ നൽകി നമ്മുടെ രാജ്യത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ അവരെ ഭാഗമാക്കുക, അവരെ ഇവിടെ നിലനിർത്തുക എന്നുള്ളതാണ്.

ഏറ്റവും സാധാരണക്കാരിലേയ്ക്കുകൂടി സ്വാതന്ത്ര്യത്തിന്റെ സദ്ഫലങ്ങൾ എത്തിക്കുമ്പോഴാണ് ആ വാക്ക് അന്വർത്ഥമാകുന്നത്. ഓരോ മനുഷ്യനും നീതിയും ജീവിതസാഫല്യവും നൽകാനുതകുന്ന സാമ്പത്തിക രാഷ്ട്രീയ സംവിധാനങ്ങൾ ഉണ്ടാക്കുക എന്നത് തന്നെയായിരിക്കണം നമ്മുടെ ലക്ഷ്യം. ബഹുസ്വരതയും നാനാത്വവും മതേതരത്വവും തകർക്കാൻ ശ്രമിക്കുന്നവരിൽനിന്ന് രാജ്യത്തെ രക്ഷിക്കുക എന്നത് ഏറ്റവും പ്രധാനപ്പെട്ട വെല്ലുവിളികളിലൊന്നായി ഇന്ന് നമ്മുടെ മുന്നിൽ നിൽക്കുകയാണ്. നാമെല്ലാം ഒരു മഹാ സംസ്കൃതിയുടെ അവകാശികളാണ്. മതമല്ല, മാനുഷിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന വലിയ സംസ്കാരത്തിന്റെ ഉടമകൾ. എന്നാൽ ഇന്ന് സങ്കുചിതമായ വർഗ്ഗീയചിന്തകൾ കടന്നുവരികയാണ്. ന്യൂനപക്ഷ, ഭൂരിപക്ഷ വർഗ്ഗീയത അപകടകരമായ നിലയിലേയ്ക്ക് മാറുന്നു. ബഹുമാന്യരായ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവുമൊക്കെ ഇവിടെ സൂചിപ്പിച്ചതുപോലെ, പുതിയ കാലത്തിൽ ചരിത്ര വസ്തുക്കളെ തമസ്കരിച്ചും ചരിത്രത്തെ വളച്ചൊടിക്കാനുമൊക്കെയുള്ള ശ്രമങ്ങൾ നടക്കുകയാണ്. അതുകൊണ്ടുതന്നെ നമ്മുടെ സ്വാതന്ത്ര്യത്തെ സംരക്ഷിക്കുന്നതിനോടൊപ്പംതന്നെ ചരിത്ര വസ്തുതകളെക്കൂടി സംരക്ഷിക്കാനുള്ള വർദ്ധിതമായ ഉത്തരവാദിത്വം ഇന്നത്തെ തലമുറയിലേയ്ക്ക് വന്നുചേർന്നിരിക്കുന്നു. നമ്മുടെ സ്വാതന്ത്ര്യസമര സേനാനികളുടേത് ത്യാഗോജ്ജ്വലമായൊരു ജീവിതമായിരുന്നു. സാഹസിക മനോഭാവത്തോടുകൂടി സ്വാതന്ത്ര്യം എന്റെ ജന്മാവകാശമാണ്, രാജ്യമാണ് വലുത്, എന്ന ചിന്തയോടുകൂടി സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത ആ വീരപുത്രൻമാർക്ക് ഞാൻ അഭിവാദ്യങ്ങൾ അർപ്പിക്കുന്നു.

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, സ്വാതന്ത്ര്യത്തിന്റെ അമൃത മഹോത്സവമെന്നത് സ്വാതന്ത്ര്യസമരമെന്ന മഹത്തായ സമരപരമ്പരയെയും അതിൽ പങ്കാളികളായ നൂറുകണക്കിന് വ്യക്തികളെയും ഓർക്കാനുള്ള സന്ദർഭംകൂടിയാണ്. ഇതിനുവേണ്ടി ഒരു പ്രത്യേക സമ്മേളനം സംഘടിപ്പിച്ച ബഹുമാനപ്പെട്ട ചെയറിന്റെ നടപടി തികച്ചും ശ്ലാഘനീയമാണ്. ബഹുമാനപ്പെട്ട സ്പീക്കറും മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും ഇവിടെ അവതരിപ്പിച്ച വിഷയങ്ങളോട് ഞാൻ പരിപൂർണ്ണമായും യോജിക്കുന്നു. രണ്ട് നൂറ്റാണ്ട് നീണ്ടുനിന്ന കോളനിവാഴ്ചയ്ക്ക് അറുതിവരുത്തുന്നതിനായി നമ്മുടെ മുൻഗാമികളായ ധീരദേശാഭിമാനികൾ നടത്തിയ ധീരമായ സമരങ്ങളും അവരുടെ ത്യാഗങ്ങളും നമ്മുടെ ചരിത്രത്തിന്റെ ഭാഗമാണ്. ഇന്ത്യയുടെ സ്വാതന്ത്ര്യത്തെക്കുറിച്ചും

സ്വാതന്ത്ര്യസമരത്തെക്കുറിച്ചും പലതരം ചർച്ചകൾ നടന്നുകൊണ്ടിരിക്കുന്ന സന്ദർഭമാണ് ഇതെന്ന് നമുക്കറിയാം. കച്ചവടത്തിന് വന്നവർ രാജ്യം കീഴടക്കി ഭരിച്ചതാണ് നമ്മുടെ അനുഭവം. ഇന്ത്യയിലെ ചെറിയ ചെറിയ നാട്ടുരാജ്യങ്ങൾ തമ്മിൽ നിലനിന്ന അനൈക്യമാണ് വൈദേശിക ശക്തികൾക്ക് ഇന്ത്യൻ പ്രദേശങ്ങളെ എളുപ്പത്തിൽ കീഴടക്കാൻ സാധിച്ചതിനുള്ള കാരണം. എന്നാൽ ആ ഘട്ടത്തിൽത്തന്നെ അതിനെതിരായ പ്രതിഷേധങ്ങളും ഉയർന്നിരുന്നു. സാമൂതിരിയുടെ പടത്തലവനായിരുന്ന കുഞ്ഞാലി മരക്കാർ പോർച്ചുഗീസുകാരോട് അറബിക്കടലിൽ ഏറ്റുമുട്ടലുകൾ നടത്തിയത് ഇത്തരത്തിലുള്ള ചെറുത്തുനിൽപ്പിന്റെ ഭാഗമായിരുന്നു. 1921-ലെ മലബാർ കലാപവുമായി ബന്ധപ്പെട്ട് വാരിയംകുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയും ആലി മുസ്ലിയാരും ലവക്കുട്ടിയും ഉൾപ്പെടെയുള്ളവർ നേതൃത്വം നൽകിയ വലിയ സമര പരമ്പരകൾ അരങ്ങേറിയിരുന്നു. നമുക്കറിയാവുന്നതുപോലെതന്നെ, അതിന്റെ ഫലമായി സയ്യിദ് ഫസൽ പൂക്കോയ തങ്ങളെ നാടുകടത്തുന്ന സ്ഥിതിവിശേഷമുണ്ടായി. ബ്രിട്ടീഷുകാരോടുള്ള ചെറുത്തുനിൽപ്പിലും അതിനായി ജനങ്ങളെ സജ്ജരാക്കുന്നതിലും മമ്പുറം സയ്യിദ് അലവി തങ്ങളുടെ സംഭാവന ഓർക്കപ്പെടേണ്ടതാണ് . രണ്ട് നൂറ്റാണ്ടിലധികംകാലം നീണ്ട ബ്രിട്ടീഷ് കോളനിവാഴ്ചയ്ക്കെതിരെ വിവിധ തരത്തിലുള്ള പ്രതിഷേധങ്ങളും സമരങ്ങളും ഇന്ത്യയിലാകെ അരങ്ങേറിയിട്ടുണ്ട്. നേതൃനിരയിലുള്ള മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ്, കെ. കേളപ്പൻ, എ.കെ.ജി., അക്കാമ്മ ചെറിയാൻ തുടങ്ങിയവരെല്ലാം നൽകിയ സംഭാവനകൾ നമ്മുടെ ഓർമ്മയിൽ എന്നും നിലനിൽക്കേണ്ടതാണ്. അതുപോലെതന്നെ കേരളത്തിലും പലവിധത്തിലുള്ള ചെറുത്തുനിൽപ്പുകളും സമരങ്ങളും വന്നു. 1857-ലെ ഒന്നാം സ്വാതന്ത്ര്യ സമരത്തിനും എത്രയോ മുമ്പാണ് ആറ്റിങ്ങലിൽ ബ്രിട്ടീഷ് കമ്പനിക്കെതിരെ നാട്ടുകാർ കലാപമുയർത്തിയത്. വയനാട്ടിൽ പഴശ്ശി രാജാവിന്റെയും ആദിമനിവാസികളുടെയും നേതൃത്വത്തിൽ ഈസ്റ്റ് ഇന്ത്യാകമ്പനിക്കെതിരെ ശക്തമായ ചെറുത്തുനിൽപ്പുകളാണ് നടന്നത്. ഇതേ കാലയളവിലാണ് തിരുവിതാംകൂറിൽ വേലുത്തമ്പി ദളവയുടെ നേതൃത്വത്തിൽ ബ്രിട്ടീഷ് അധികാരവാഴ്ചയ്ക്കെതിരെ വെല്ലുവിളി ഉയർന്നത്. ബ്രിട്ടീഷുകാർക്കെതിരെ അണിനിരക്കാൻ ജനങ്ങളോട് ആഹ്വാനംചെയ്തുകൊണ്ട് അദ്ദേഹം നടത്തിയ പ്രഖ്യാപനമാണ് 'കുണ്ടറ വിളംബരം' എന്ന് ചരിത്രത്തിൽ അറിയപ്പെട്ടത്. കേരളത്തിന്റെ സ്വാതന്ത്ര്യസമര ചരിത്രത്തിലെ സുപ്രധാന പ്രഖ്യാപനങ്ങളിലൊന്നായിരുന്നു കുണ്ടറ വിളംബരം. ദേശീയ പ്രസ്ഥാനമെന്ന പേരിൽ സ്വാതന്ത്ര്യസമര പ്രവർത്തനങ്ങൾക്ക് കേന്ദ്രീകൃത സ്വഭാവം കൈവരുന്നതിനുമുമ്പുതന്നെ നാനാതരത്തിലുള്ള പ്രതിഷേധങ്ങൾ കോളനിവാഴ്ചയ്ക്കെതിരെ രാജ്യമെമ്പാടും നടന്നതായി കാണാൻ കഴിയുമെന്നാണ് ഞാൻ സൂചിപ്പിച്ചുവന്നത്. അത്തരം പ്രതിഷേധങ്ങളെല്ലാംതന്നെ നമ്മുടെ ദേശീയബോധത്തെ ഉണർത്തുന്നതായിരുന്നു.

സ്വാതന്ത്ര്യസമര പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുന്നതിനും ജനങ്ങളെ അതിലേയ്ക്ക് അണിനിരത്തുന്നതിനും അത്തരം പ്രക്ഷോഭങ്ങൾ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ ചെറുതും വലുതുമായ അത്തരം ഇടപെടലുകളെയെല്ലാം സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി കാണാൻ നമുക്ക് കഴിയേണ്ടതുണ്ട്. ഇത്തരത്തിൽ രാജ്യത്താകെ നടന്ന പ്രതിഷേധങ്ങളെയും സമരങ്ങളെയും യോജിപ്പിക്കാൻ കഴിഞ്ഞത് മഹാത്മാഗാന്ധിയുടെ വരവോടെയാണ്. ഇന്ത്യൻ സ്വാതന്ത്ര്യസമര രംഗത്തേയ്ക്കുള്ള ഗാന്ധിജിയുടെ പ്രവേശനം നമുക്കറിയുന്നതുപോലെ ചമ്പാരൻ സത്യാഗ്രഹത്തിലൂടെയാണ്. അവിടെ നീലം കൃഷിക്കാരുടെ പ്രശ്നങ്ങൾ ഏറ്റെടുത്താണ് മഹാത്മജി സമരം ആരംഭിച്ചത്. മഹാത്മജിയുടെ ആ സമരം ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ ദിശ മാറ്റിമറിച്ചു. കൃഷിക്കാരുടെ പ്രശ്നം ഏറ്റെടുക്കുന്നതും സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമാണെന്ന് ഗാന്ധിജി ചമ്പാരൻ സമരത്തിലൂടെ പ്രഖ്യാപിക്കുകയായിരുന്നു. കാർഷിക സമരങ്ങൾ സ്വാതന്ത്ര്യസമരമാണോ എന്ന ചർച്ച ഉയർന്നുവരുന്ന വർത്തമാനകാലത്ത് ഇക്കാര്യം നാം പ്രത്യേകം ഓർക്കേണ്ടതായിട്ടുണ്ട്. എല്ലാതരത്തിലുമുള്ള മനുഷ്യരുടെ പ്രശ്നങ്ങളെ ഗാന്ധിജി സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി കാണുകയും അതിലെല്ലാം ഇടപെടുകയും ചെയ്തു. ബ്രിട്ടീഷുകാർ ജനങ്ങളെ ഭിന്നിപ്പിക്കാൻ ശ്രമിച്ചപ്പോൾ ഗാന്ധിജി എല്ലാവരെയും ഒന്നിപ്പിക്കാനാണ് ശ്രമിച്ചത്. കേരളത്തിലെ ദേശീയ പ്രസ്ഥാനത്തിന്റെ ഏറ്റവും വലിയ സ്വാധീനശക്തി ഗാന്ധിജിയുടെ ആശയങ്ങളായിരുന്നു. അഹിംസയിലും സത്യത്തിലും അധിഷ്ഠിതമായ അദ്ദേഹത്തിന്റെ സമരമാർഗ്ഗത്തിന് കേരളത്തിലും വലിയ സ്വീകാര്യതയുണ്ടായി. ഗാന്ധിജി ആവിഷ്കരിച്ച നിസ്സഹകരണ പ്രസ്ഥാനംപോലുള്ള നൂതനമായ സമരമാർഗ്ഗങ്ങൾ കേരളവും ഏറ്റെടുക്കുകയുണ്ടായി. വിദേശവസ്ത്ര ബഹിഷ്കരണം, വ്യക്തിസത്യാഗ്രഹം തുടങ്ങിയ സമരമാർഗ്ഗങ്ങളിൽ ധാരാളംപേർ ആകൃഷ്ടരായി. അവരെല്ലാംതന്നെ സ്വയം സ്വാതന്ത്ര്യസമര ഭടന്മാരായി രംഗത്തുവന്നു. കോഴിക്കോട് നിന്നും പയ്യന്നൂരിലേയ്ക്ക് പുറപ്പെട്ട 'ഉപ്പുസത്യാഗ്രഹ ജാഥ' ഗാന്ധിജിയുടെ ദണ്ഡിമാർച്ചിനെ അനുസ്മരിപ്പിക്കുന്നതായിരുന്നു. ഗാന്ധിജി എപ്പോഴും നിലയുറപ്പിച്ചിരുന്നത് അധികാരത്തിന്റെ എതിർപക്ഷത്തായിരുന്നു. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ സമീപനങ്ങൾ അധികാരമില്ലാത്ത മനുഷ്യരോടുള്ള അനുകമ്പ നിറഞ്ഞതായിരുന്നുവെന്ന് നമുക്ക് വായിച്ചെടുക്കാൻ സാധിക്കും. വൈവിധ്യപൂർണ്ണമായ ഒരു രാജ്യത്തെ അതിന്റെ എല്ലാ വൈവിധ്യങ്ങളെയും നിലനിർത്തിക്കൊണ്ട് യോജിപ്പിച്ച് നിർത്താനുള്ള ശേഷിയാണ് ഗാന്ധിജിയെ വ്യത്യസ്തനാക്കുന്നത്. സ്വാതന്ത്ര്യത്തിന്റെ അമൃത് മഹോത്സവത്തിലൂടെ നമ്മുടെ ദേശീയമായ യോജിപ്പിനെ വളർത്താനും യഥാർത്ഥമായ ചരിത്രം പുതുതലമുറയ്ക്ക് പകർന്നുനൽകാനും കഴിയേണ്ടതുണ്ട്.

ഇത്തരം സദസ്സുകൾ അതിന് സഹായകരമാകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. ജനാധിപത്യത്തെ കുഴിച്ചുമൂടാനും ഏകാധിപത്യം അടിച്ചേൽപ്പിക്കാനും ശ്രമിക്കുന്ന പുതിയ കാലത്ത് ഇത്തരം സംവാദങ്ങൾക്ക് വളരെയേറെ പ്രസക്തിയുണ്ട്. നമ്മുടെ നാട് കാത്തുസൂക്ഷിക്കുന്ന ജനാധിപത്യ-മതേതര മൂല്യങ്ങൾ നെഞ്ചിലേറ്റി മഹത്തായ ഭാരതത്തിന്റെ മുന്നേറ്റത്തിനായി നമുക്ക് ഒറ്റക്കെട്ടായി പ്രവർത്തിക്കേണ്ടതുണ്ടെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, വിദേശാധിപത്യത്തിൽനിന്നും ഇന്ത്യ സ്വതന്ത്രമായിട്ട് 75 വർഷം തികയുന്ന വേളയിൽ ഏറെ അഭിമാനവും അതിലേറെ സന്തോഷവുമാണ് നമ്മുടെയെല്ലാം മനസ്സുകളിൽ നിറയുന്നത്. രാജ്യം സ്വതന്ത്രമായ 1947-ലെ ആ ചരിത്രനിമിഷത്തിന് സമാനതകളില്ലെന്ന് നമുക്കെല്ലാവർക്കുമറിയാം. സ്വാതന്ത്ര്യത്തിനായി സമാധാനപരമായി പോരാടുകയും അതിനായി ജനതയ്ക്ക് നേതൃത്വം നൽകുകയും ജീവത്യാഗം വരിക്കുകയുംചെയ്ത അറിയപ്പെടുന്നവരും അറിയപ്പെടാത്തവരുമായ ധീരദേശാഭിമാനികളെ കൃതജ്ഞതയോടെയും ആദരവോടെയും സ്മരിക്കേണ്ട സമയമാണിത്. അതുവരെ കേട്ടുകേൾവിയില്ലാത്ത പുതിയ സമരമുറകൾക്കുമുമ്പിലും ലോകംകണ്ട മഹാത്മാവായ ഗാന്ധിജിയുടെ തളരാത്ത ഇച്ഛാശക്തിക്കുമുമ്പിലും ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ അധികാരം തകർന്നുവീണപ്പോൾ അത് പുതിയൊരു ചരിത്രമാണ് സൃഷ്ടിച്ചത്. ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രം സ്വാതന്ത്ര്യം കാംക്ഷിച്ചുവന്ന പല രാജ്യങ്ങൾക്കും പ്രചോദനമായ കാഴ്ചയാണ് പിന്നീട് പല രാജ്യങ്ങളും കണ്ടത്. വൈവിധ്യമാർന്ന സംസ്കാരങ്ങളും മതവിശ്വാസങ്ങളും ആചാരപാരമ്പര്യങ്ങളും വ്യത്യസ്തമായ ജീവിതരീതികളുമുള്ള ഭാരതം, ഭദ്രത കാത്തുസൂക്ഷിക്കുന്നതിൽ വിജയം കൈവരിച്ചുവെന്നത് അഭിമാനിക്കാവുന്ന കാര്യമാണ്. ലോകത്തിനുമുമ്പിൽ കഴിഞ്ഞ 75 വർഷങ്ങളായി ജനാധിപത്യത്തിന്റെ മഹനീയ മാതൃക ഉയർത്തിപ്പിടിക്കുവാനും ഭാരതത്തിന് കഴിഞ്ഞുവെന്നതിൽ നമുക്ക് അഭിമാനിക്കാം. എന്തൊക്കെ കുറവുകളുണ്ടെങ്കിലും ഏകാധിപത്യത്തെക്കാളും സ്വേച്ഛാധിപത്യത്തെക്കാളും ഇന്നും ലോകം ആദരിക്കുന്നത് ജനാധിപത്യത്തെതന്നെയാണ്. ലോകത്തിലെ ഏറ്റവും സമഗ്രമായ ഭരണഘടനയാണ് ഭാരതത്തിന്റേതെന്ന് അഭിമാനംകൊള്ളുമ്പോഴും ഭരണഘടനയുടെ അടിസ്ഥാന പ്രമാണങ്ങളെപ്പോലും ചോദ്യംചെയ്യുന്നതും മതേതരത്വത്തെ വെല്ലുവിളിക്കുന്നതും പൗരാവകാശങ്ങളെ ഹനിക്കുന്നതുമായ തരത്തിലുള്ള പ്രവൃത്തികൾ ഉത്തരവാദപ്പെട്ട കേന്ദ്രങ്ങളിൽനിന്നും ഉണ്ടാകുന്നുവെന്നതാണ് വർത്തമാനകാലത്തെ ഇന്ത്യൻ സാഹചര്യം. ഭക്ഷണവും വസ്ത്രവും മാത്രമല്ല, ചരിത്രംപോലും വക്രീകരിക്കപ്പെടുമ്പോൾ സ്വാതന്ത്ര്യവും അവകാശവും കവർന്നെടുക്കാൻ ശ്രമിക്കുന്നവർക്കെതിരെ സമരങ്ങൾ ശക്തിപ്പെടേണ്ട സാഹചര്യമാണ് നമ്മുടെ

മുമ്പിലുള്ളത്. അതിനായി ദേശസ്നേഹത്തിന്റെ മുദ്രാവാക്യങ്ങൾ ഉയരേണ്ട കാലഘട്ടമാണിത്. കൂടുതൽ കരുത്തോടെ സ്വാതന്ത്ര്യത്തിന്റെ വിഹായസ്സിൽ ചിറകുവിരിച്ചുകൊണ്ട്, ജനാധിപത്യത്തിന്റെ യഥാർത്ഥ അവകാശികളായ ജനങ്ങളുടെ സേവനത്തിനായി നമുക്ക് പുനരർപ്പണംചെയ്യാം, ജയ്ഹിന്ദ്.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ബഹുമാനപ്പെട്ട അങ്ങും ബഹുമാന്യരായ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും കക്ഷിനേതാക്കളും ഇവിടെ രേഖപ്പെടുത്തിയ അഭിപ്രായങ്ങളിൽ ഞാനും പങ്കുചേരുകയാണ്. ലോകത്തെ ഏറ്റവും വലിയ മതേതര ജനാധിപത്യ പരമാധികാര രാജ്യമായ ഇന്ത്യയുടെ 75-ാം സ്വാതന്ത്ര്യദിനത്തിന്റെ വാർഷികാഘോഷം ഇന്ത്യയിൽ മാത്രമല്ല, ലോകശ്രദ്ധയിൽത്തന്നെ സ്ഥാനംപിടിക്കുന്ന ഒരു മഹാസംഭവമാണ്. ഐതിഹാസികമായ സ്വാതന്ത്ര്യസമരം, ലോകാരാധ്യനായ രാഷ്ട്രപിതാവ് ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന അഹിംസാത്മകമായ സമരമായിരുന്നു. സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്വ ശക്തികൾക്കെതിരായി നടന്നിട്ടുള്ള അത്തരമൊരു സമരം വിജയിച്ചത് ലോകചരിത്രത്തിലെതന്നെ പുതിയൊരു അധ്യായമാണ്. ഇവിടെ ബഹുമാന്യരായ നേതാക്കൾ സംസാരിച്ചത് സ്വാതന്ത്ര്യസമരത്തിന്റെ ഭൂതകാലചരിത്രമാണ്. വർത്തമാനകാലത്ത് ആ സ്വാതന്ത്ര്യത്തിന്റെ അർത്ഥം സാർത്ഥകമാക്കാനും ഈ രാജ്യത്തിന്റെ ഭരണഘടനാമൂല്യങ്ങൾ സംരക്ഷിക്കാനും ജനാധിപത്യവും സ്വാതന്ത്ര്യവും മതനിരപേക്ഷതയും പരമാധികാരവും സംരക്ഷിക്കാനുമുള്ള ഒരു രണ്ടാം സ്വാതന്ത്ര്യസമരത്തിനുപോലും സന്നദ്ധമാകേണ്ട വർത്തമാനകാലത്താണ് നമ്മൾ നിൽക്കുന്നത്. ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ എഴുപത്തിയഞ്ചാം വാർഷികം ആഘോഷിക്കുന്ന വേളയിൽ കേന്ദ്രസർക്കാർ പ്രസിദ്ധീകരിച്ച പോസ്റ്ററിൽ ഇന്ത്യയുടെ ഒന്നാമത്തെ പ്രധാനമന്ത്രിയായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ ഛായാചിത്രമില്ല. അതൊരു ഉത്കൃഷ്ടമായ നടപടിയാണെന്ന് ആർക്കും പറയാൻ കഴിയില്ല. ചരിത്രപുരുഷന്റെ ഫോട്ടോയില്ലാത്തതുകൊണ്ട് നെഹ്റുവിന്റെ പ്രാധാന്യമോ ചരിത്ര സംഭവങ്ങളോ മാറ്റിമറിക്കപ്പെടുകയില്ല. ഇതെല്ലാം ദേശീയതയ്ക്കെതിരെയും ദേശീയചരിത്രം മാറ്റി എഴുതാനുമുള്ള നിഗൂഢമായ പരിപാടികളുടെയും ഫലമാണ്. ഇന്ത്യയിൽ ഇന്ന് ജനാധിപത്യവും സ്വാതന്ത്ര്യവും മതനിരപേക്ഷതയും നേരിടുന്ന വെല്ലുവിളി ആരുടെ ഭാഗത്തുനിന്നാണ്? ഈ മൂല്യങ്ങൾ സംരക്ഷിക്കാൻ ഭരണഘടനാപരമായും ഭരണപരമായും ഉത്തരവാദിത്തമുള്ള കേന്ദ്ര അധികാരികൾ തന്നെയാണ് ഇതിനെ വെല്ലുവിളിക്കുന്നതെന്ന് കാണാം. ഈ സ്വാതന്ത്ര്യദിനത്തോടനുബന്ധമായി ചിന്തിക്കാൻ പ്രേരിപ്പിക്കുന്ന കാര്യങ്ങൾ ഭാവിയിലെ ഇന്ത്യ എന്തായിരിക്കുമെന്നതാണ്. പഞ്ചവത്സര പദ്ധതിയും പ്ലാനിംഗ് കമ്മീഷനുമൊക്കെ കൊണ്ടുവന്നത് പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവാണെന്ന്

നേരത്തെ ബഹുമാന്യനായ പ്രതിപക്ഷനേതാവ് ഉൾപ്പെടെയുള്ള അംഗങ്ങൾ ഇവിടെ പറഞ്ഞു. കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലും സോഷ്യലിസ്റ്റ് രാജ്യങ്ങളിലും അദ്ദേഹം സഞ്ചരിച്ച് പട്ടുത്തുയർത്തിയ സങ്കല്പംതന്നെയായിരുന്നു അത്. എന്നാൽ കേന്ദ്രം പഞ്ചവത്സര പദ്ധതിയും പ്ലാനിംഗ് കമ്മീഷനും വലിച്ചെറിഞ്ഞത് ഏതാനും മാസങ്ങൾക്കുമുമ്പാണ്. എന്നാൽ അതൊന്നും വലിച്ചെറിയാതെതന്നെ സംസ്ഥാനത്തിന്റെ വികസന പദ്ധതികളുമായി മുന്നോട്ടുപോകുമെന്ന് പറയാൻ നമുക്ക് ഒരു മുഖ്യമന്ത്രിയുണ്ടായി. ഈ രാജ്യത്തിന്റെ ഓരോ ചരിത്ര വസ്തുതകളും ഇങ്ങനെയാണ് മാറ്റിയിരിക്കുന്നത്. ഓരോ ഘട്ടങ്ങളിലും ഗാന്ധിജിയെ ഏതെല്ലാം തരത്തിൽ നിന്ദിക്കാനാണ് ശ്രമം നടക്കുന്നത്. അത് യാദൃശ്ചികമാണോ? ആഗസ്റ്റ് 15-ന് നടന്ന ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ പ്രസംഗത്തിൽത്തന്നെ ഗാന്ധിയുടെ നാമധേയം പറഞ്ഞതിനുശേഷമുള്ള അടുത്ത പദപ്രയോഗം ഗാന്ധി വധക്കേസിലെ പ്രതിയുടെ പേരാണ്. ആ പേര് പറഞ്ഞ് ഈ സദസ്സിനെ മലീമസമാക്കേണ്ട എന്നുകരുതി ഞാൻ പേര് പറയുന്നില്ല. 'ഞാൻ എന്തുകൊണ്ടാണ് ഗാന്ധിയുടെ ഘാതകനെ ആരാധിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നത്' എന്ന വിഷയത്തിൽ ഗുജറാത്തിൽ വിദ്യാഭ്യാസ വകുപ്പ് വിദ്യാർത്ഥികൾക്കായി പ്രബന്ധ/പ്രസംഗ മത്സരം നടത്തി, അതിന് ഒന്നാം സമ്മാനവും നൽകി. ഇത് നിസ്സാര കാര്യമേയല്ല. വളർന്നുവരുന്ന യുവമനസ്സുകളെ വർഗ്ഗീയവൽക്കരിക്കാനുള്ള ഭ്രാന്തമായ നീക്കമാണ്. അതുകൊണ്ട് വർത്തമാനകാലത്തിലെ സംഭവങ്ങളെക്കൂടി പരിചിന്തനം ചെയ്തുകൊണ്ട് ത്യാഗിവര്യന്മാരായ മഹാരഥന്മാരുടെ ജീവത്യാഗംകൊണ്ടും അനർഘമായ ജീവിതസമർപ്പണംകൊണ്ടും നേടിയെടുത്ത ഈ മഹാരാജ്യത്തിന്റെ സ്വാതന്ത്ര്യവും ജനാധിപത്യവും മതനിരപേക്ഷതയും സംരക്ഷിക്കാൻ എന്തുചെയ്യണമെന്നതിനെക്കുറിച്ചുകൂടി ആലോചിക്കാനുള്ള ഏറ്റവും സങ്കീർണ്ണമായ നിമിഷങ്ങളിലാണ് നമ്മുടെ നാട് നിൽക്കുന്നതെന്നുകൂടി ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ദേശനിന്ദയും ദേശദ്രോഹവും ഒരുഭാഗത്ത് നടക്കുകയാണ്. അത് വ്യാപകമാക്കാനുള്ള സുദൃഢമായ ശ്രമങ്ങളാണ് നടക്കുന്നത്. അത് യാദൃശ്ചികമായി സംഭവിക്കുന്നതല്ല. അതുകൊണ്ടാണ് നമ്മുടെ ധീരോദാത്തരായ രക്തസാക്ഷികളെക്കുറിച്ച് നാം സ്നേഹാദരപൂർവ്വം ഓർമ്മിക്കുന്നത്. എത്രയോ അപഹാസ്യമായ രീതിയിലാണ് ഗാന്ധിജിയെ നിന്ദിക്കുന്നത്. ഗാന്ധിജിയുടെ ഘാതകനെ ചരിത്ര പുരുഷനായി വാഴ്ത്തണമെന്നും രാജ്യത്തുടനീളം പ്രതിമകളും ക്ഷേത്രങ്ങളും സ്ഥാപിക്കണമെന്നും പറഞ്ഞ് ഒന്നര മണിക്കൂർ ദീർഘമുള്ള പ്രസംഗം ഭരണപക്ഷത്തുനിന്നുമുണ്ടായി. ഇതിൽ ഇടതുപക്ഷ കക്ഷികൾ പ്രതിഷേധിച്ചു. പക്ഷേ എന്താണ് രാജ്യത്ത് നടക്കുന്നത്? ആ സന്ദർഭത്തിലാണ് നമ്മളിവിടെ കേരളത്തിൽ ഗാന്ധിജിയുടെ രക്തസാക്ഷ്യത്വദിനം മുതൽ ഒരുവർഷക്കാലം "രക്തസാക്ഷ്യ" എന്ന നാമധേയത്തിൽ ഗാന്ധിയുടെ നെഞ്ചിലേയ്ക്ക് തുളച്ചുകയറിയ

വെടിയുണ്ടയുടെ പുറകിൽ നിൽക്കുന്ന രാഷ്ട്രീയ വർഗ്ഗീയശക്തികളെ തുറന്നുകാണിക്കാൻ പ്രചാരണ പരിപാടികൾ സ്വീകരിച്ചതെന്നതും മറ്റൊരു യാഥാർത്ഥ്യം. അതുകൊണ്ട് ഈ വർത്തമാനകാലത്ത് എഴുപത്തിയഞ്ചാം വാർഷികത്തിന്റെ ഭൂതകാല, വീരസ്മരണകളിലൂടെ സഞ്ചരിക്കുന്ന നമുക്ക് അതെല്ലാം സംരക്ഷിക്കാനുള്ള പ്രതിജ്ഞയെടുക്കാനും മറ്റെല്ലാം വിസ്മരിച്ചുകൊണ്ട് മുന്നോട്ടുപോകാനും സാധിക്കുന്നില്ലെങ്കിൽ എത്രകാലം നമുക്ക് ഇങ്ങനെ സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയും. ലോക്സഭയിൽ ചില പദപ്രയോഗങ്ങൾ മാറ്റിവയ്ക്കണമെന്ന് പറയാൻപോലും ഭരണകൂടത്തിന് പ്രയാസമുണ്ടായില്ല. ഒരു വർഷക്കാലം നീണ്ടുനിന്ന കർഷക സമരത്തിന് പരിഹാരം കാണുന്നതിന് ചർച്ച നടത്തണമെന്ന് പറഞ്ഞ് പ്രസംഗിച്ച പാർലമെന്റംഗങ്ങളെയാണ് സസ്പെന്റ് ചെയ്തത്. എന്നുപറഞ്ഞാൽ രാജ്യത്ത് ജനാധിപത്യമില്ല, സ്വാതന്ത്ര്യമില്ല, പരമാധികാരമില്ല എന്നാണ്. ഇവിടെ അപ്രഖ്യാപിതമായ അടിയന്തരാവസ്ഥയുടെ അട്ടഹാസമാണ് ഓരോ രംഗത്തും കാണുന്നത്. അതുകൊണ്ട് ഇന്ത്യയുടെ എഴുപത്തിയഞ്ചാം വാർഷികാഘോഷം രാജ്യത്തുടനീളം സംഘടിപ്പിക്കപ്പെട്ടുമ്പോഴും നമ്മുടെ ദേശീയ സ്വാതന്ത്ര്യത്തിനുവേണ്ടി ജീവത്യാഗം ചെയ്ത ധീരോദാത്തരായ രക്തസാക്ഷികളുടെ സ്മരണയ്ക്കുമുന്നിൽ, ആ സ്മൃതിഭൂമിയിൽ നമ്മൾ പ്രണമിക്കുമ്പോഴും രാജ്യത്തെ രക്ഷിക്കാനുള്ള പുതിയൊരു മുന്നേറ്റത്തിന് സമാധാനത്തിന്റെയും ആദർശത്തിന്റെയും സമർപ്പണബോധത്തിന്റെയും ആയുധം അണിയാൻ കഴിയുന്നതിനുവേണ്ടിയുള്ള പ്രതിജ്ഞ എടുക്കേണ്ട ഒരു അമൂല്യമായ, കാലഘട്ടമാണ് എഴുപത്തിയഞ്ചാം സ്വാതന്ത്ര്യ വാർഷികാഘോഷ പരിപാടികളിൽ ഉണ്ടായിരിക്കേണ്ടതെന്നാണ് എന്റെ വിനീതമായ അഭിപ്രായം. രക്തസാക്ഷികൾക്ക് പ്രണാമം അർപ്പിച്ചുകൊണ്ടും സ്വാതന്ത്ര്യ സമരത്തിന്റെ വീരസ്മരണകൾ പങ്കുവയ്ക്കുന്നതിനും നിയമസഭയുടെ പ്രത്യേകമായൊരു ദിനം മാറ്റിവച്ച ബഹുമാനപ്പെട്ട സ്പീക്കറെയും ഉത്തരവാദപ്പെട്ടവരെയും ഞാൻ അഭിനന്ദിക്കുന്നു. സ്വാതന്ത്ര്യദിനത്തിന്റെ ആഘോഷവേളയിൽ, ഭാവിയിലും നിയമസഭ ചേരാനുമുള്ള ജനാധിപത്യ അവകാശവും അതിനുള്ള അവസരങ്ങളുമുണ്ടാകട്ടെയെന്നുകൂടി ആഗ്രഹിച്ചുകൊണ്ടും പ്രാർത്ഥിച്ചുകൊണ്ടും സ്വാതന്ത്ര്യദിനത്തിന്റെ എഴുപത്തിയഞ്ചാം വാർഷികത്തിന്റെ പ്രോജ്ജ്വലിക്കുന്ന ഓർമ്മകളിൽ സഞ്ചരിക്കുന്ന ഈ സഭയ്ക്ക് എന്റെ സ്നേഹനിർഭരമായ, ആശംസകൾ അർപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു. നമസ്കാരം.

ശ്രീമതി കെ. കെ. രമ: സർ, ഒരു ജനാധിപത്യ പരമാധികാര രാജ്യമെന്ന നിലയിൽ നമ്മുടെ രാജ്യം സ്വാതന്ത്ര്യത്തിന്റെ എഴുപത്തിയഞ്ച് അമൃത വർഷങ്ങൾ പൂർത്തിയാക്കിയതിന്റെ അഭിമാനവും ആഹ്ലാദവും ഏറെ പ്രധാനപ്പെട്ടതാണ്. നമ്മുടെ സ്വാതന്ത്ര്യ സ്വപ്ന പൂർത്തീകരണത്തിനായുള്ള സമാനതകളില്ലാത്ത

സഹനങ്ങളുടെ വീരഭൂമിയിൽ ആത്മാർപ്പണം ചെയ്ത പതിനായിരക്കണക്കിന് ധീരദേശാഭിമാനികളായ വീരപുത്രന്മാരുടെയും വീരപുത്രിമാരുടെയും സമുജ്ജ്വലമായ സ്മരണകൾക്ക് മുന്നിൽ ഈയവസരത്തിൽ ആദരപൂർവ്വം തലകുനിക്കുകയാണ്. ആ ധീരദേശാഭിമാനികളുടെ നീതിബോധത്തിലും സമതാസ്വപ്നങ്ങളിലും ജനാധിപത്യ ബോധത്തിലുമെല്ലാം അധിഷ്ഠിതമായ രാഷ്ട്ര സങ്കല്പമാണ് 'ഇന്ത്യ' എന്ന മഹാരാഷ്ട്രമായി പിറവികൊണ്ടതെന്ന് നമുക്കെല്ലാവർക്കുമറിയാം. വൈവിദ്ധ്യങ്ങളെ ആദരിക്കാനും ബഹുസ്വരതയെ ബഹുമാനിക്കാനും സാമൂഹികവും സാംസ്കാരികവുമായ പഴമകൾക്ക് ഇടംനൽകാനുമെല്ലാം നമ്മുടെ രാഷ്ട്രശില്പികൾക്ക് കഴിഞ്ഞതുകൊണ്ടാണ് തീർച്ചയായും നമുക്കാകെ അഭിമാനമായി ഇന്ത്യ ഇന്ന് ലോകത്തിനുമുന്നിൽ തലയുയർത്തി നിൽക്കുന്നത്. അതുകൊണ്ടുതന്നെ രാജ്യത്തെ സ്നേഹിക്കുകയെന്നാൽ നമ്മളെ സംബന്ധിച്ചിടത്തോളം രാജ്യത്തെ സാധ്യമാക്കിയ മൂല്യങ്ങൾക്കായി വിട്ടുവീഴ്ചയില്ലാതെ നിലകൊള്ളുക എന്നതുതന്നെയാണ്. ദേശസ്നേഹമെന്നത് കേവലമായ ദേശസ്തുതിയല്ലെന്ന് നാം ഓരോരുത്തരും ഉറക്കെ പറയേണ്ട സമയമാണ്. ഇതിഹാസോജ്ജ്വലമായ ഇന്ത്യൻ സ്വാതന്ത്ര്യസമര പോരാട്ടത്തിൽ ഒരു വിയർപ്പുതുള്ളിയുടെപോലും ഓഹരി പങ്കാളിത്തമില്ലാത്തവർ, നമ്മുടെ ദേശാഭിമാന പൂർണ്ണതയുടെ കരുത്തായിരുന്ന മതേതര ഐക്യബോധത്തെ സാധ്യമായ എല്ലാഘട്ടങ്ങളിലും പിന്നിൽനിന്ന് കുത്തിയ വർഗ്ഗീയശക്തികൾ, രാഷ്ട്രപിതാവിന്റെ മാറിടത്തിലേയ്ക്ക് വെടിയുതിർത്ത വിധ്വംസക രാഷ്ട്രീയ ശക്തികൾ എന്നിവർ ഇന്ത്യയെന്ന മഹത്തായ രാഷ്ട്രത്തിന്റെ ഊടുംപാവുമായ മൂല്യങ്ങളെയാകെ ആക്രമിച്ച് തകർക്കാൻ ശ്രമിക്കുന്ന ഒരു കാലമാണിത്. വെറുപ്പും വിഭാഗീയതയും വിതച്ച് ജനതയെ വർഗ്ഗീയമായി വേർതിരിച്ച് ഇന്ത്യയെന്ന മഹത്തായ ജനാധിപത്യരാഷ്ട്രത്തെ അസ്ഥിരപ്പെടുത്താൻ ശ്രമം നടത്തുന്ന ആ മതരാഷ്ട്ര വാദികൾക്കെതിരെ സന്ധിയില്ലാത്ത പോരാട്ടമാണ് ഓരോ ദേശസ്നേഹിയും ഇന്ത്യയും ഇക്കാലം ആവശ്യപ്പെടുന്നത്. അതിരുകളും അതിനകത്തെ ഭൂവിഭാഗവും മാത്രമല്ല ഇവിടെ പുലരുന്ന കോടിക്കണക്കിന് മനുഷ്യരാണ് ഇന്ത്യയെന്ന് മനസ്സിലാക്കുമ്പോഴേ നമ്മുടെ ദേശസ്നേഹം അർത്ഥപൂർണ്ണമാകുകയുള്ളൂ. തീർച്ചയായും മനുഷ്യ സ്നേഹമാണ് ദേശസ്നേഹം. പുറംതള്ളലല്ല ഉൾച്ചേർക്കലാണ് ഇന്ത്യയെന്ന മഹനീയ ആശയത്തിന്റെ സത്തയെന്ന് തലമുറകളെ പഠിപ്പിക്കാനും ജനാധിപത്യ മതേതര ഇന്ത്യയ്ക്കായി ദേശാഭിമാന പ്രതിരോധത്തിന്റെ പടയൊരുക്കാനും ഈ സ്വാതന്ത്ര്യ വാർഷികസ്മൃതി ആവേശം നമുക്കെല്ലാവർക്കും കരുത്താകട്ടെയെന്ന് ആശംസിക്കുന്നു. എല്ലാവർക്കും എഴുപത്തിയഞ്ചാം സ്വാതന്ത്ര്യ വാർഷിക ദിനാശംസകൾ നേർന്നുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. പി. മോഹനൻ</u>: സർ, സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികത്തോടനുബന്ധിച്ച്

സംഘടിപ്പിച്ച ഈ പ്രത്യേക ദിനത്തിൽ ഞാൻ അങ്ങയോടുള്ള നന്ദിയും സന്തോഷവും രേഖപ്പെടുത്തുകയാണ്. 1947-ൽ ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിക്കുന്ന ഘട്ടത്തിലായിരുന്നു ബംഗാളിലെ വർഗ്ഗീയ കലാപം. ആ കലാപം അവസാനിപ്പിക്കാൻവേണ്ടി ശാന്തിദൂതനായി മഹാത്മജി അവിടെയെത്തി, വീടുകൾ കയറിയിറങ്ങി. ആ സമയത്താണ് നെഹ്റുവും പട്ടേലും മഹാത്മാഗാന്ധിയോട് ഡൽഹിയിലേയ്ക്ക് മടങ്ങിവരാനാവശ്യപ്പെട്ട് ഒരു ദൂതനെ അയച്ചത്. അന്ന് ആ ദൂതന്റെ കൈവശം സ്വാതന്ത്ര്യദിന സമ്മാനമായി മഹാത്മജി നെഹ്റുവിനും പട്ടേലിനും ഉണങ്ങിയ കണ്ണീരണിഞ്ഞ ഇല കൊടുത്തയച്ചു. ഞാൻ ഈ സന്ദർഭം ഇപ്പോൾ ഓർക്കാനുള്ള പ്രധാനപ്പെട്ട കാരണം മഹാത്മജി സ്വപ്നംകണ്ട ഇന്ത്യ ഇന്നും കണ്ണുനീർ വീണ ഇലയെപ്പോലെയാണെന്ന് സൂചിപ്പിക്കാനാണ്. ലോകത്ത് ഏറ്റവും കൂടുതൽ ദാരിദ്ര്യം അനുഭവിക്കുന്നവരും തൊഴിൽരഹിതരും ജീവിക്കുന്നത് ഇന്ത്യയിലാണ്. വർഗ്ഗീയ കലാപത്തിനും വിഘടനവാദത്തിനും ഇവിടെ അന്ത്യമില്ല. ഇത് മൂന്നും അവസാനിക്കുന്ന സമയത്ത് മാത്രമേ യഥാർത്ഥ സ്വതന്ത്രഭാരതം പൂർണ്ണതയിലാകുകയുള്ളൂ. ജനാധിപത്യവും സോഷ്യലിസവുമാണ് നമ്മുടെ മുദ്രാവാക്യം. ജനാധിപത്യം കശാപ്പ് ചെയ്യാതെയും സമത്വസുന്ദരമായൊരു രാജ്യത്തെ വിഭാവന ചെയ്യുകയും ചെയ്യുന്ന ആദർശമുള്ളൊരു തലമുറയെ വാർത്തെടുക്കാൻ കഴിയണം. ആ നാളുകൾ വരുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ നടന്നാൽ മാത്രമേ വിദേശശക്തികളോട് പോരാടി നേടിയ നമ്മുടെ സ്വാതന്ത്ര്യത്തിന് അർത്ഥമുണ്ടാകുകയുള്ളൂ; ദേശസ്നേഹികളായ രക്തസാക്ഷികളോട് നമുക്ക് നീതിപുലർത്താൻ സാധിക്കുകയുള്ളൂ. അതിനായി ശ്രമിക്കുന്ന ദിനത്തിന്റെ തുടക്കം ഇന്നായിരിക്കണമെന്ന് നാം ഓരോരുത്തരും പ്രതിജ്ഞയെടുക്കേണ്ടതുണ്ട്. 1947-ലെ സ്വാതന്ത്ര്യ സമരത്തിന് മുന്നോടിയായി നടന്നതാണ് 1942 ആഗസ്റ്റ് 9-ലെ ക്വിറ്റ് ഇന്ത്യാ സമരം. ആ സമരത്തിന് സമയമായോയെന്നാണ് ഇപ്പോൾ നമ്മൾ ഓർക്കേണ്ടത്. കാരണം, ഇന്ത്യയിൽ ജനാധിപത്യം ധ്വംസിക്കപ്പെടുകയാണ്. സാധാരണ ജനങ്ങൾക്കും കർഷകർക്കും ജീവിക്കാൻ സാധിക്കാത്ത സ്ഥിതിയുണ്ടാകുമ്പോൾ രണ്ടാം സ്വാതന്ത്ര്യസമരത്തിന് സമയമായിരിക്കുന്നുവെന്ന് പറയാൻ ഞാൻ ഈ സമയം ഉപയോഗപ്പെടുത്തുന്നു. സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികം സമുചിതമായി ആഘോഷിക്കുന്ന ഈ വേളയിൽ പങ്കാളികളാകുമ്പോൾ ഈ ദുഃഖം നമ്മുടെ മനസ്സിലുണ്ട്. ആ ദുഃഖമില്ലാതാക്കാൻ നമ്മൾ ഒറ്റക്കെട്ടായി പോരാടേണ്ട സമയമാണിതെന്നുകൂടി പറഞ്ഞുകൊണ്ട് എല്ലാവിധ ആശംസകളും അറിയിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. മാണി സി. കാപ്പൻ: സർ, ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ 75 സംവത്സരങ്ങൾ അനുസ്മരിച്ചുകൊണ്ടുള്ള പ്രത്യേകയോഗം വിളിച്ചതിന് ഞാൻ അങ്ങയെ അഭിനന്ദിക്കുകയാണ്. ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുക്കുകയും രണ്ട് വർഷത്തിലേറെ ജയിൽവാസം അനുഷ്ഠിക്കുകയും ചെയ്ത ഒരു

പിതാവിന്റെ പുത്രനെന്ന നിലയിൽ ഈയവസരം മഹാഭാഗ്യമായി ഞാൻ കരുതുന്നു. ഭാരതം ഒരു അത്ഭുത രാജ്യമാണ്. വിവിധ ഭാഷകളും വിവിധ സംസ്കാരങ്ങളും ഒത്തുചേർന്നൊരു രാജ്യം ഒരു ചങ്ങലപോലെ ഒറ്റക്കെട്ടായി മുന്നോട്ടുനീങ്ങുകയാണ്. ഈ ചങ്ങലയിൽ കേടുപാട് കൂടാതെ സൂക്ഷിക്കാനും ഈ രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും കാത്തുരക്ഷിക്കാനും നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം. ഈയവസരത്തിൽ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി പൊരുതി മരണമടഞ്ഞ മുഴുവൻ ആളുകളുടെയും ആത്മാക്കൾക്ക് ഞാൻ നിത്യശാന്തി നേരുന്നു. അവരുടെ ഓർമ്മകൾക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു. നന്ദി, നമസ്കാരം.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: സർ, ബ്രിട്ടീഷുകാരുടെ കരാളഹസ്തങ്ങളിൽനിന്നും, കറുത്ത കൈകളിൽനിന്നും നമ്മുടെ രാജ്യം മോചിതമായിട്ട് 75 വർഷം പൂർത്തീകരിക്കപ്പെടുകയാണ്. സഹന സമരങ്ങളിലൂടെ നേടിയെടുത്ത സ്വാതന്ത്ര്യം ഇന്ന് നമ്മുടെ രാജ്യത്ത് നിലനിൽക്കുന്നുണ്ടോയെന്നൊരു പരിശോധന നടത്തേണ്ടതായിട്ടുണ്ട്. ഭരണഘടനാമൂല്യങ്ങൾ ഉയർത്തിപ്പിടിക്കാൻ അമ്മു സ്വാമിനാഥൻ, ദാക്ഷായണി വേലായുധൻ, ആനി മസ്ക്രീൻ തുടങ്ങിയ മൂന്ന് മലയാളി വനിതകൾ ചേർന്നുണ്ടാക്കിയ ഇന്ത്യയുടെ ഭരണഘടന ഇന്ന് ലംഘിക്കപ്പെടുകയാണ്. നമ്മുടെ ഐക്യവും അഖണ്ഡതയും ജനാധിപത്യ-മതേതരമൂല്യങ്ങളും വർത്തമാന കാലഘട്ടത്തിൽ തകർക്കപ്പെടുകയാണ്. ഇന്ത്യയുടെ ഫെഡറലിസം ഇന്നൊരു ചോദ്യചിഹ്നമായി നമ്മുടെ മുമ്പിൽ നിൽക്കുകയാണ്. ജാതിയുടെയും മതത്തിന്റെയും വർഗ്ഗത്തിന്റെയും വർണ്ണത്തിന്റെയും ലിംഗത്തിന്റെയുമൊക്കെ പേര് പറഞ്ഞ് സമൂഹത്തിൽ അരാജകത്വം സൃഷ്ടിക്കാൻ ബോധപൂർവ്വമായി പരിശ്രമിക്കുന്ന ചില ഛിദ്രശക്തികൾ നമ്മുടെ നാട്ടിലുണ്ട്. അത്തരം ഛിദ്രശക്തികളെ ചെറുത്തുതോൽപ്പിക്കാൻ നമുക്ക് കഴിയണം. ഭാരതത്തിന്റെ ശിൽപ്പികളായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവും ഡോ. ബി. ആർ. അംബേദ്കറും സർദാർ വല്ലഭായ് പട്ടേലും അടങ്ങുന്ന ചരിത്ര പുരുഷന്മാർ നേടിത്തന്ന സ്വാതന്ത്ര്യം ഇന്ന് നിലനിൽക്കുന്നുണ്ടോയെന്നൊരു പരിശോധനകൂടി നടത്തണം. ശ്രീനാരായണ ഗുരുദേവനും ചട്ടമ്പിസ്വാമി തിരുവടികളും മഹാത്മ അയ്യങ്കാളിയും വക്കം മൗലവിയും വാഗ്ഭടാനന്ദ സ്വാമിയും കുമാരനാശാനും ഡോ. പൽപ്പുവും സി. കേശവനും പല ഘട്ടങ്ങളിലായി നടത്തിയ പ്രവർത്തനത്തിന്റെയും സന്ദേശത്തിന്റെയും ഫലമായാണ് നമ്മുടെ സമൂഹത്തിൽ ഇന്ന് നന്മ നിലനിൽക്കുന്നത്. അത് നിലനിർത്താൻ കഴിയണം. സ്വാതന്ത്ര്യം ലഭിച്ച് 75 വർഷം പിന്നിടുന്ന ഈ വേളയിൽ രാജ്യത്തിലെ മുഴുവൻ മനുഷ്യസ്നേഹികൾക്കും സ്വാതന്ത്ര്യദിനാശംസകൾ നേർന്നുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

## II. പ്രമേയം

### ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ 75 സംവത്സരങ്ങൾ അനുസ്മരിച്ചുകൊണ്ടുള്ള പ്രമേയം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇന്ത്യയിലെ എല്ലാ ജനവിഭാഗങ്ങളും അണിനിരന്ന ഉജ്ജ്വലമായ ജനകീയ സമരങ്ങളുടെ ഫലമായാണ് നൂറ്റാണ്ടുകൾ നീണ്ട വൈദേശികാധിപത്യത്തെ തകർത്തെറിഞ്ഞ് 1947 ആഗസ്റ്റ് 15-ന് നമ്മുടെ രാജ്യം സ്വതന്ത്രമായത്. സാമ്രാജ്യത്വ വിരുദ്ധ പ്രക്ഷോഭങ്ങൾക്ക് ധീരമായ നേതൃത്വം നൽകിയും അതിൽ പങ്കെടുത്തും രാജ്യത്തിനുവേണ്ടി സ്വജീവൻ അർപ്പിച്ച എല്ലാ ധീരരക്തസാക്ഷികളുടെയും സ്മരണകൾക്കുമുന്നിൽ സ്വാതന്ത്ര്യലബ്ധിയുടെ ഈ 75-ാം വാർഷികത്തിൽ കേരള നിയമസഭ ആദരാഞ്ജലികൾ അർപ്പിക്കുന്നു. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി പൊരുതിയതിന്റെ പേരിൽ രാജ്യത്തൊട്ടാകെയുള്ള വിവിധ ജയിലുകളിൽ അടയ്ക്കപ്പെട്ട് കൊടിയ പീഡനങ്ങളും യാതനകളും നേരിടേണ്ടിവന്ന അറിയപ്പെടുന്നതും അറിയപ്പെടാത്തതുമായ എല്ലാ സ്വാതന്ത്ര്യ സമരസേനാനികളെയും അവരുടെ സംഭാവനകളെയും കേരള നിയമസഭ ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു.

ഇന്ത്യയിലെ വിവിധ പ്രദേശങ്ങളെയും അവയുടെ സമ്പന്നമായ സംസ്കാരങ്ങളെയും നിരവധി ഭാഷകളെയും വ്യത്യസ്തധാരകളിൽപ്പെട്ടതും സാമ്രാജ്യത്വവിരുദ്ധ നിലപാട് സ്വീകരിച്ചതുമായ ഇവിടത്തെ എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളെയും മതവിശ്വാസികളെയും മതവിശ്വാസികളല്ലാത്തവരെയുമെല്ലാം ഉൾക്കൊള്ളുന്നതായിരുന്നു മഹത്തായ നമ്മുടെ സ്വാതന്ത്ര്യ പ്രസ്ഥാനമെന്ന് കേരള നിയമസഭ ഓർമ്മിക്കുന്നു. അതിൽ പങ്കെടുത്ത ആദിവാസികൾ, ദളിതർ, യുവജനങ്ങൾ, വിദ്യാർത്ഥികൾ, കർഷകർ, കർഷകത്തൊഴിലാളികൾ, തൊഴിലാളികൾ, സ്ത്രീകൾ തുടങ്ങിയ എല്ലാ ജനവിഭാഗങ്ങളെയും ഈ സഭ അഭിവാദ്യം ചെയ്യുന്നു. അവരുടെ ബഹുജന പ്രക്ഷോഭങ്ങൾ മുന്നോട്ടുവച്ചതും ഇന്ത്യൻ സ്വാതന്ത്ര്യ പ്രസ്ഥാനമാകെ ഉയർത്തിപിടിച്ചതുമായ മൂല്യങ്ങളടങ്ങിയ ഇന്ത്യൻ ഭരണഘടനയുടെ സംരക്ഷണത്തിനായി നിലകൊള്ളാൻ പ്രതിജ്ഞാബദ്ധമാണ് ഈ നിയമസഭയിലെ എല്ലാ അംഗങ്ങളും.

വൈദേശികാധിപത്യത്തിന് അവസാനം കുറിക്കാൻതക്കവണ്ണം ഇന്ത്യയുടെ സാമ്രാജ്യത്വ വിരുദ്ധ പ്രക്ഷോഭങ്ങൾക്ക് ശക്തിപകർന്നത് സർവ്വരെയും ഉൾക്കൊള്ളുന്ന 'നാനാത്വത്തിൽ ഏകത്വം' എന്ന നമ്മുടെ മഹത്തായ കാഴ്ചപ്പാടായിരുന്നുവെന്ന് കേരള നിയമസഭ ഊന്നിപ്പറയുന്നു. ഇന്ന് അത്തരം കാഴ്ചപ്പാടുകൾക്ക് വിരുദ്ധമായ നീക്കങ്ങൾ രാജ്യത്താകമാനം നടക്കുന്നുവെന്നും പലതിന്റെയും പേരിൽ ഇന്ത്യൻ ജനതയെ ചേരിതിരിക്കാനും നമ്മുടെ ഒരുമയെ തകർക്കാനും നടത്തപ്പെടുന്ന

ശ്രമങ്ങൾക്ക് പിന്നിലുള്ളത് സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പോരാട്ടങ്ങളിൽ അണിചേരാതിരുന്ന ശക്തികളാണെന്നും ഈ സഭ പ്രസ്താവിക്കുന്നു. അവയെ ചെറുക്കേണ്ടതും അവയുടെ ശ്രമങ്ങളെ പരാജയപ്പെടുത്തേണ്ടതും ഇന്ത്യയെ ജനാധിപത്യ മതനിരപേക്ഷ റിപ്പബ്ലിക്കായി നിലനിർത്തേണ്ടതിന് ഒഴിച്ചുകൂടാനാവാത്തതാണെന്ന് കേരള നിയമസഭ കരുതുന്നു. അതിനായുള്ള പ്രവർത്തനങ്ങളേറ്റെടുക്കുമെന്നും സ്വതന്ത്ര്യ ഇന്ത്യയ്ക്കായി പൊരുതിയ ധീരദേശാഭിമാനികളുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കുമെന്നും ഇന്ന് രാജ്യത്തെ ബഹുഭൂരിപക്ഷം ജനങ്ങൾ അനുഭവിക്കുന്ന യാതനകളിൽനിന്ന് അവർക്ക് മോചനം നേടിയെടുക്കാനുള്ള ഇടപെടലുകൾ നടത്തുമെന്നും ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികത്തിൽ കേരള നിയമസഭയിലെ ഓരോ അംഗവും പ്രതിജ്ഞയെടുക്കുന്നു." എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചിരിക്കുന്നു.

ഓർഡർ...... ഓർഡർ...... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2022 ആഗസ്റ്റ് 23-ാം തീയതി രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാവിലെ 10.47-ന് പിരിഞ്ഞു.)